
# ലോകവാണി

LOKAVANI ★ ★ ★ MADRAS.



വാല്യം 1 വില 4 അണ ലക്കം 14

# അടുത്ത ലക്കത്തിൽ

1. "രക്തത്തിന്റെ നിറം" (ചെറുകഥ) :

ശ്രീ. വെട്ടൂർ രാമൻ നായർ.

2. ഞാനും എന്റെ ദൈവങ്ങളും :

ശ്രീ. എസ്സ്. ഗുപ്തൻ നായർ.

ഒന്നാം തരം ആയുർവ്വേദ ഔഷധങ്ങൾക്ക്

## വൈദ്യരത്നം P. S. വാരിയരുടെ

# ആര്യവൈദ്യശാല

(Established 1902)

ഏററവും വിശ്വാസയോഗ്യം — അത്യന്തം ഫലപ്രദം

ഹെഡ്ഡ് അപ്പീസ് : കോട്ടയ്ക്കൽ (S. Malabar.)

ശാഖകൾ :

കോഴിക്കോട് (Phone No. 155), പാലക്കാട്, തിരൂർ, ഈറോഡ്.

ആയുർവ്വേദവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും ഇവിടെ എപ്പോഴും തയ്യാറുണ്ട്. മററു വൈദ്യന്മാർ വിധിക്കുന്ന പ്രത്യേക യോഗങ്ങൾ, യോഗമുറ അറിയിച്ചു തന്നാൽ, മിതമായ ചെലവിൽ ഇവിടെ തയ്യാറാക്കിക്കൊടുക്കുന്നതാണ്.

ധാര, പിഴിച്ചിൽ, നവരക്കിഴി, വസ്തി മുതലായ പ്രത്യേക ചികിത്സകൾ നിഷ്കർഷയോടെ, കോട്ടയ്ക്കൽ വെച്ചു നടത്തിക്കൊടുക്കുന്നതാണ്. തപാൽ മുഖേനയോ, റയിൽ വഴിക്കോ മരുന്നുകളാവശ്യപ്പെടുന്നവർ ഹെഡ്ഡാപ്പീസിലേക്കു നേരിട്ട് എഴുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും ഔഷധപ്പട്ടികയ്ക്കും ആവശ്യപ്പെടുക.

മാനേജർ.

# പ്രതിജ്ഞ

ബാപ്പു,

പിതാവും, മാതാവും, ഗുരുവും, മാർഗ്ഗദർശിയുമായിരുന്നു, ഞങ്ങൾക്കവിടുന്ന്.

സഹൃത്തും, തത്വജ്ഞാനിയും, പ്രവാചകനും, വിമോചകനുമായിരുന്നു, അങ്ങു,ന്നീയുള്ളവക്ക്.

അവിടുന്ന് ഞങ്ങളുടെ അഭിമാനവും, ആശയും, പ്രഭാവവും, പ്രത്യയവുമായിരുന്നു. ജീവിതം ജീവിക്കുവാൻ പോരുന്നതാക്കുന്ന സർവ്വസ്വവുമായിരുന്നു, കൊച്ചു മനുഷ്യനായ അവിടുന്ന്.

അങ്ങ് ഞങ്ങളുടെ സേനാനിയും, ഭടനും, പരിഷ്കർത്താവും, നേതാവുമായിരുന്നു. ഞങ്ങളുടെ ഉദ്ധർത്താവും, രക്ഷിതാവുമായിരുന്ന അങ്ങയുടെ

---

# ഉള്ളടക്കം.


| | | |
|---|---|---|
| 1. പ്രതിജ്ഞ | : | (എ. പി. ആർ.) |
| 2. പത്രാധിപലേഖനം | : | |
| 3. വസ്തുവും പശ്ചാത്തലവും | : | കെ. സുരേന്ദ്രൻ. |
| 4. മായാത്ത ചിത്രം (കവിത) | : | ഒ. എം. അനുജൻ |
| 5. പരമാർത്ഥങ്ങൾ (ചെറുകഥ) | ; | എൻ. ഗോവിന്ദൻകുട്ടി |
| 6. സമുദായവും സാഹിത്യവും | : | കെ. കെ. നായർ. |
| 7. വിവാഹജീവിതം | : | ഡോക്ടർ ആഞ്ഞിലിവേൽ മാത്യു. |
| 8. രാത്രിയിൽ (കവിത) | : | ആർ. രാമചന്ദ്രൻ. |
| 9. ജീവചരിത്രസരണി | – 'വ്യാഴവട്ടസ്മരണകൾ' – | കെ. എം. ജി. |
| 10. വൈലോപ്പിള്ളിക്കവിത | : | എ. പി. രാമൻ നായർ. |
| 11. വിദ്യാർത്ഥിലോകം | : | കൊച്ചേട്ടൻ. |
| 12. കഷായം | : | വാഗ്ഭടൻ. |
| 13. അഭിപ്രായങ്ങളും കത്തുകളും. | | |

ശരീരത്തെ ഹനിച്ചയാറം ഞങ്ങളേയും ഹനിയ്ക്കുവാൻ ശ്രമിച്ചു, ഞങ്ങളേയും തേജോവധം ചെയ്തു.

പ്രിയപ്പെട്ട ബാപ്പു! പിഴച്ച ആ ഉദ്യമം പരാജയമടയുകയാണുണ്ടായതു്, പ്രകൃതിയുടെ ഒരു പ്രതിഭാസമായ അങ്ങയെസ്സംബന്ധിച്ചിടത്തോളം. അവിടുന്നതിൽ പരിതുഷ്ടി പൂകിയാലും! അവിടുത്തെ ജന്മഷ്ടമായ ഇന്നു് അങ്ങയുടെ ഉയിർപ്പുദിവസമാണു്!

ഇന്നു് ഞങ്ങളുടെ പുനർജ്ജന്മദിനമാണു്.

ഇപ്പോറം അങ്ങു് ഞങ്ങളോടൊപ്പം ജീവിക്കുന്നു ; അങ്ങയുടെ അനുശാസനങ്ങളനുവത്തിക്കവാൻ ജീവിതചൈതന്യത്തോടുകൂടി ഞങ്ങളിതാ ഉണന്നെത്തിയിരിക്കുന്നു !

അങ്ങയുടെ വെളിച്ചത്തിൽ, ഇന്ത്യ ആചന്ദ്രതാരം ജിവിച്ചുകൊള്ളും. അനീതിയെ നീതികൊണ്ടു് ഞങ്ങളെതിത്തുകൊള്ളാം !

(ശേഷം 7-ാം പേജിൽ)


നിങ്ങളുടെ അടുത്ത തിയേററിൽ

ഉടൻ പ്രതീക്ഷിപ്പിൻ

ഹൊന്നപ്പാ ഭാഗവതർ, M. V. രാജമ്മ, പത്മിനി
(തിരുവിതാംകൂർസഹോദരി) മുതലായവർ അഭിനയിച്ച

"ഗോകുലദാസി"

ഡാൻസ്– ലളിത (തിരുവിതാംകൂർ സഹോദരി)

★

കേരളക്കരയിൽ

പ്രദർശനം തുടരുന്നു !!

"ഭക്ത ജനാ"

നാഗയ്യ, ഹൊന്നപ്പാ ഭാഗവതർ, ശാന്തകുമാരി, ശാരങ്കപാണി
മുതലായവർ അഭിനയിച്ച

പുണ്യപുരാണ തമിഴ ചിത്രം.

ഡാൻസ്— ലളിതാ പത്മിനി (Travancore Sisters)

# ലോകവാണി

വാല്യം 1 | 1-10-1948 | ലക്കം 14

## ഗാന്ധിജയന്തി സ്മരണകൾ

ഒരു വ്യക്തിയുടെ ജീവിതം ഒരു രാജ്യത്തെ മുഴുവൻ സ്വാധീനപ്പെടുത്തുക, നിയന്ത്രിക്കുക എന്നു വരുമ്പോൾ ആ വ്യക്തിയിൽ നാം അനിതരസാധാരണമായ മാഹാത്മ്യം കാണുന്നു. ജേതാക്കളും നേതാക്കളുമായി അപൂർവ്വം ചിലർ ജനിക്കുന്നു; അവരെ ജഗന്നിയന്താവു ചില ശ്രേഷ്ഠഗുണങ്ങൾ മന:പൂർവ്വം കൊടുത്തു ലോകത്തിലേക്കു അവതരിപ്പിക്കുന്നു, എന്നിങ്ങനെ ഒരു ചിന്താഗതി ഉണ്ടു്. എന്നാൽ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു മാത്രമാണു ചില വ്യക്തികൾ അത്യുൽകൃഷ്ട സോപാനത്തിൽ പ്രവേശിക്കുന്നതു്; ഒരാൾ ഇല്ലെങ്കിൽ മറ്റൊരാൾ അവിടെ ഉണ്ടായിക്കൊള്ളും; സാമൂഹ്യാവശ്യനിവൃത്തിയാണു ഏതെങ്കിലും ഒരു വ്യക്തിയിൽക്കൂടെ സാധിക്കുന്നതു് എന്നിങ്ങനെ ഒരു ചിന്താഗതിയും ഉണ്ടു്. പരമാർത്ഥത്തിന്റെ അംശങ്ങൾ ഈ രണ്ടു ചിന്താഗതികളിലും ഉണ്ടെന്നു തോന്നുന്നു. ചില വ്യക്തികൾക്കു ജന്മനാ ഉൽകൃഷ്ടഗുണങ്ങൾ കാണാറുണ്ടെന്ന സത്യം നിഷേധിക്കുവാൻ നിവൃത്തിയില്ല. പക്ഷേ അവ പ്രകാശിച്ചു ലോകമെങ്ങും തിളങ്ങണമെങ്കിൽ അതിനു ചേർന്ന സന്ദർഭങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

പാരതന്ത്ര്യച്ചങ്ങലയിൽ പാടുപെട്ടുകൊണ്ടിരുന്ന ഭാരതമാതാവിനു ജനിച്ച ഒരു ഉൽകൃഷ്ടസന്താനമാണു മഹാത്മാഗാന്ധി. മാതാവിന്റെ പാരതന്ത്ര്യവിമോചനത്തിന്നായി ജഗന്നിയന്താവു സൃഷ്ടിച്ചു വിട്ട ഒരു അത്ഭുതവ്യക്തിയാണു അദ്ദേഹം എന്നു വിചാരിച്ചാലും, സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു വളർന്നുയർന്ന ഒരു മഹാ വ്യക്തിയാണു ഗാന്ധിജി എന്നു വിചാരിച്ചാലും കാര്യത്തിൽ വലിയ മാററമൊന്നും ഇല്ല. ഏതായാലും ലോകത്തിലുള്ള പല രാഷ്ട്രങ്ങളും അഭിമാനപൂർവ്വം ഓരോ സംഭാവനയുമായി കടന്നു വരുമ്പോൾ ഗാന്ധിജിയെ ജനിപ്പിച്ച ഭാരതമാതാവു് ഒട്ടും ലജ്ജിക്കേണ്ട ആവശ്യമില്ല.

ഹിന്ദുമതത്തെ പരിഷ്ക്കരിക്കയും പുനരുദ്ധരിക്കയും ചെയ്ത ഒരു വ്യക്തിയാണു ഗാന്ധിജി എന്നു ചിലർ വിശ്വസിക്കുന്നു ഒരു പുതിയ മതം പ്രചരിപ്പിച്ച ഒരു ദിവ്യനായി മററു ചിലർ അദ്ദേഹത്തെ പൂജിക്കുന്നു. സകല മതങ്ങളുടെയും സാരവും സത്തും

ഗ്രഹിച്ച ഒരു അസാധാരണവ്യക്തിയായി ചിലർ അദ്ദേഹത്തെ ബഹുമാനിക്കുന്നു. ജനാധിപത്യസിദ്ധാന്തങ്ങളിൽ മതപരമായ വെളിച്ചം വീശി, അങ്ങനെ രാഷ്ട്രജീവിതത്തിൽ ചൈതന്യവും വിശുദ്ധിയും നിറച്ച ഒരു മഹാത്മാവായി അദ്ദേഹത്തെ അനേകർ പരിഗണിക്കുന്നു. ഏതായാലും വൈരുദ്ധ്യജടിലമായ ചിന്താഗതികൾ ഉൾക്കൊള്ളുന്ന അനേകം സംഘടനകളേയും ഒന്നിച്ചു കൊണ്ടുവരാൻ കഴിഞ്ഞ ഒരു മഹാത്മാവാണു ഗാന്ധിജി എന്നുള്ളതിനു സംശയമില്ല. ദേശീയവാദിയും, സോഷ്യലിസ്റ്റ് പ്രചാരകനും, വ്യവസായ പ്രമുഖനും, കുടിൽവ്യവസായപ്രവൎത്തകനും, നിരീശ്വരനും, ഈശ്വരവിശ്വാസിയും എല്ലാം മഹാത്മാഗാന്ധിയുടെ അപ്രമേയമായ സ്വാധീനശക്തിക്കു വിധേയരായിരുന്നു. ഒരു വലിയ ദർശനത്തോടുകൂടെയാണു ഗാന്ധിജി സഹനസമരത്തിനു നേതൃത്വം വഹിച്ചതു്; മരിക്കുന്നതിനു മുമ്പേ അപൂർണ്ണമായ തോതിലെങ്കിലും അതു സാക്ഷാൽകരിക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു.

ഭാരതം മുറിക്കപ്പെടാതിരുന്നാൽ സ്വാതന്ത്ര്യലബ്ധി അകന്നകന്നു പോകുമെന്നു മനസ്സിലാക്കിയപ്പോൾ ഗാന്ധിജി വല്ലാതെ ദുഃഖിച്ചു. അതിനാൽ 1947 ആഗസ്റ്റ് 15-നു ശേഷമുള്ള വിപ്ലവങ്ങൾ, ആദർശത്തിൽ നിന്നും വ്യതിചലിച്ചതിന്റെ ഫലമാണെന്നു ഗാന്ധിജി നല്ലവണ്ണം അറിഞ്ഞിരുന്നു. പാക്കിസ്ഥാൻ രാഷ്ട്രത്തിന്റെ പിതാവായ ജിന്നായ്ക്കു ആ ദിവസം ഉദ്ദേശിച്ചതെല്ലാം ലഭിച്ചുവെങ്കിലും പിന്നെ ഉണ്ടായ സംഭവപരമ്പരകൾ അദ്ദേഹത്തെ വല്ലാതെ വിവശനാക്കിത്തീൎത്തു. പൊൻമുട്ട എടുക്കാൻ താറാവിനെ കീറേണ്ടായിരുന്നു എന്നു തന്നേ തോന്നിയിരിക്കണം. അകത്തും പുറത്തുമുള്ള പ്രശ്നങ്ങളുടെ ഭാരത്തിൽ ഞെരിഞ്ഞു വലഞ്ഞാണു അദ്ദേഹത്തിന്റെ ആരോഗ്യം നശിച്ചതെന്നു പറയപ്പെടുന്നു. എവിടെ വൎഗ്ഗീയചിന്ത അനാശാസ്യമായ തോതിൽ വളൎന്നു വരുന്നുവോ അവിടെ ഒരിക്കലും സമാധാനപരമായ ഒരു അന്തരീക്ഷം ഉണ്ടാകുന്നതല്ല. വൎഗ്ഗീയചിന്തയുടെ ഒരു തിരിച്ചടിയാണു ജിന്നായുടെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കാണുന്നതു്. വർഗ്ഗീയവിഷം വമിച്ചുകൊണ്ടിരുന്ന ഒരു വ്യക്തിയാണു ഗാന്ധിയുടെ മരണത്തിനും കാരണമായി ഭവിച്ചതു്. നോക്കുക- സ്വാതന്ത്ര്യസമരത്തിൽ മുന്നിട്ടു പ്രവർത്തിച്ച വ്യക്തികളുടെ തിരോധാനം! കഴിഞ്ഞ ഒരു കൊല്ലത്തെ സംഭവങ്ങളേക്കുറിച്ചു സ്മരിക്കുമ്പോൾ ഇതാണു ഞങ്ങളുടെ ചിന്തയിൽ പാഞ്ഞുകയറുന്നതു്.

—o—

# മദ്യനിരോധനം

ഒക്ടോബർ രണ്ടാം തീയതിയോടുകൂടെ മദ്രാസ് പ്രാവിൻസിൽ മുഴുവനും മധുവൎജ്ജനപ്രസ്ഥാനം നടപ്പിലാകുന്നു. ഗാന്ധിജയന്തി ദിനത്തോടു ചേൎത്തു ഈ പ്രസ്ഥാനത്തിനു പൂൎത്തി വരുത്താനുള്ള നിശ്ചയം സർവ്വഥാ ശ്ലാഘ്യമായിരിക്കുന്നു. 'ഉദ്ദേശ്യം ഉപാധിയെ നീതീകരിക്കുന്നില്ല' എന്ന തത്വമാണു ഗാന്ധിജി നമ്മെ പഠിപ്പിച്ചതു്. മധുവർജ്ജനപദ്ധതിമൂലം

ഗവണ്മെൻറിന്നു സാമ്പത്തികമായി വളരെ ഞെരുക്കം ഉണ്ടായേക്കാം. പക്ഷേ എത്രതന്നേ നഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും അനാശാസ്യങ്ങളായുള്ള ആദായമാർഗ്ഗങ്ങൾ കൈവെടിയുകയാണു വേണ്ടതു്, എന്നുള്ള ഗവണ്മെൻറിൻെറ ദൃഢമായ നയത്തെ ബഹുമാനിക്കേണ്ടതു തന്നെയാണു്. പൊതുജനങ്ങളുടെ ഹാർദ്ദമായ സഹകരണമാണു ഇനിയും ആവശ്യമായിരിക്കുന്നതു്. സകല പ്രസ്ഥാനങ്ങളും വിജയത്തിൽ എത്തിച്ചേരണമെങ്കിൽ പൊതുജനസഹകരണം അനുപേക്ഷണീയവുമാണല്ലോ.

—o—

കുറിപ്പുകൾ.

# ഹൈദ്രബാദ്

ഹൈദ്രബാദ് പ്രശ്നം ഇന്നു് ഒരു പഴംകഥയായിക്കഴിഞ്ഞു ; എങ്കിലും കഴിഞ്ഞ ലക്കം ലോകവാണി പുറത്തിറങ്ങിയപ്പോൾ അതു ഇന്ത്യയേ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരുന്ന ഒരു ദുർഘടപ്രശ്നം തന്നെ ആയിരുന്നു. നാലഞ്ചു ദിവസംകൊണ്ടു ഒരു വലിയ സംസ്ഥാനത്തെ കീഴടക്കുകഎന്നു പറഞ്ഞാൽ സാധാരണ ഗതിക്കു വിശ്വസിക്കാൻതന്നെ പ്രയാസമാണു്. യുദ്ധം തുടങ്ങി ഒന്നോ രണ്ടോ ദിവസം കഴിഞ്ഞപ്പോൾ ഉണ്ടായ വിജയ പ്രസ്താവങ്ങളെ, പലരും അതിശയോക്തിപരമായ പ്രചരണമായി വ്യാഖ്യാനിച്ചു. പക്ഷേ ഇതു ഒരു യുദ്ധം ആണെന്നു പറയുന്നതു തന്നേ ആക്ഷേപകരമാണു്. അതുകൊണ്ടാണു്, അഴിമതിയുംഅക്രമവും നടമാടിക്കൊണ്ടിരുന്ന ഹൈദരബാദിൽ, നീതിയും ന്യായവും സമാധാനവും പുനഃസ്ഥാപിക്കാനുള്ള ഒരു സംരംഭം മാത്രമായി രാഷ്ട്രീയകേന്ദ്രങ്ങളിൽ ഇതിനെപ്പറ്റി പരാമർശിക്കുന്നതു്. ഏതായാലും മിന്നൽപ്പിണർവേഗത്തിൽ കാര്യങ്ങൾ സാധിച്ചതിനു ഇന്ത്യൻ പട്ടാളത്തെ ഹൃദയംഗമമായി അനുമോദിക്കേണ്ടിയിരിക്കുന്നു.

നൈസാമിൻെറ പ്രഖ്യാപനങ്ങൾ സംഗതികളുടെ ഉള്ളുകള്ളികൾ വെളിച്ചത്തു കൊണ്ടുവരുന്നുണ്ടു്. അദ്ദേഹം സ്നേഹ ഹസ്തങ്ങൾ നീട്ടിക്കൊണ്ടു ഇന്ത്യാ യൂണിയനെ സ്വാഗതം ചെയ്യുകയാണു്. ഇപ്പോൾ നിലവിലിരിക്കുന്ന സൈനികഭരണം താമസിയാതെ നിർത്തലാക്കുകയും, ഇന്ത്യയൂണിയനോടു ചേർന്നു നിന്നുകൊണ്ടു പ്രജാധിപത്യ സിദ്ധാന്തങ്ങളിൻപ്രകാരമുള്ള ഒരു ഉറച്ച ഭരണക്രമം അവിടെ സ്ഥാപിക്കുകയും ചെയ്യുന്ന വിഷയത്തിൽ ഇന്ത്യാ ഗവണ്മെൻറും ഹൈദരാബാദ് ജനങ്ങളും സഹകരിച്ചു പ്രവർത്തിക്കുമെന്നു വിശ്വസിക്കാം. ഇന്ത്യാഗവണ്മെൻറു നിർദ്ദേശിക്കുന്നപരിഹാരമാർഗ്ഗങ്ങൾമനസ്സിലാക്കിവിമർശകർ തങ്ങളുടെഅവിവേകത്തെ വിധിക്കട്ടെ, എന്നിങ്ങനെയാണു ഗവർണർ ജനറൽ ഇക്കഴിഞ്ഞ ദിവസം പ്രസ്താവിച്ചതു്.

—o—

# മദിരാശിയിലെ ഓണാഘോഷം

മദിരാശിപ്പട്ടണത്തിലുള്ള പല സ്ഥാപനങ്ങളും ഈയാണ്ടത്തെ തിരുവോണം ആഘോഷിക്കുകയുണ്ടായി. പ്രത്യേകിച്ചു കേരളസമാജത്തിൻെറ ആഭിമുഖ്യത്തിൽ വി. പി. ഹാളിൽ വെച്ചു് 15, 16 എന്നീ തീയതികളിൽ നടത്തപ്പെട്ട നാടകാഭിനയങ്ങളാണ് എടുത്തുപറയേണ്ടിയിരിക്കുന്നു. ഒന്നാം ദിവസം ഈ. വി. കൃഷ്ണപിള്ളയുടെ "കുറപ്പിൻെറ ഡെയിലി" എന്ന പ്രഹസനമാണു അഭിനയിച്ചതു്. രണ്ടാം ദിവസം കൈനിക്കര പത്മനാഭപിള്ളയാൽ വിരചിതമായ "കാൽവറിയിലെ കല്പപാദപം" എന്ന നാടകവും. കഥയുടെ മാഹാത്മ്യം കൊണ്ടും, അഭിനയത്തിൻെറ തന്മയത്വം കൊണ്ടും, വി. പി. ഹാളിൽ സന്നിഹിതരായിരുന്ന വലിയ ജനക്കൂട്ടത്തിനു രണ്ടാം ദിവസത്തെ പ്രകടനം വളരെ ഹൃദയസ്പൃക്കമായിത്തോന്നി. ബഹു. മന്ത്രി ശ്രീ. കെ. മാധവമേനോൻ നടീനടന്മാരെ അഭിനന്ദിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ക്രിസ്തുദേവൻെറ ആദർശങ്ങളെ പ്രായോഗികമാക്കേണ്ടതു ഇന്നത്തെ അന്തരീക്ഷത്തിൽ എത്രകണ്ടു അനുപേക്ഷണീയമാണെന്നു സൂചിപ്പിച്ചു.

—o—

# തിരുവിതാംകൂറിൽ വിദ്യാർത്ഥിപ്രക്ഷോഭണം

വിദ്യാഭ്യാസവിഷയത്തിൽ മററു രാജ്യങ്ങളേക്കാറം വളരെ ഉയന്ന നിലയിലാണു തിരുവിതാംകൂർ സ്ഥിതിചെയ്യുന്നതു് എന്ന വസ്തുത അഭിമാനജനകം തന്നെ. ഇതിൻെറ ഗുണം ഭരണീയരിലും ഭരണകത്താക്കളിലും ഒന്നുപോലെ കാണേണ്ടതാണു്. പക്ഷേ തിരുവിതാംകൂറിൻെറ ഇന്നത്തെ സ്ഥിതിഗതി ഒന്നു ആലോചിച്ചുനോക്കുക. പ്രായേണ ഗൗരവം കുറഞ്ഞതും, വലിയ ഒച്ചപ്പാടു കൂടാതെ തീക്കാവുന്നതുമായ കാര്യങ്ങറംപോലും കുഴച്ചു മറിച്ചു വല്ലാത്ത ഒരു പതനത്തിൽ എത്തിച്ചേക്കുന്നതായി നാം കാണുന്നു.

വിദ്യാത്ഥികളുടെ പണിമുടക്കം നിസ്സഹകരണവും മൂലം സെപ്തംബർ പബ്ളിക്ക പരീക്ഷ നിത്തിവയ്ക്കാൻ സവ്വകലാശാലാധികൃതർ നിർബ്ബന്ധിതരായി തീന്നിരിക്കുന്നു. ദിവാൻ ഭരണത്തിൻെറ ഉഗ്രപ്രതാപകാലത്തു സ്റ്റേററു് കോൺഗ്രസ്സിനോടു ചേന്നുനിന്നു സമരം ചെയ്ത വിദ്യാത്ഥികറം, കോൺഗ്രസ്സു ശക്തിയിൽ വന്നപ്പോറം അവരുടെ ചില അവശതകറം ചൂണ്ടിക്കാണിച്ചു. അവയിലൊന്നാണു് ഇൻററർമീഡിയററു പരീക്ഷയിൽ പാട്ട്സിസ്റ്റം ഇല്ല എന്നുള്ളതു്. പല പ്രാവശ്യത്തെ അപേക്ഷകളുടെ ഫലമായി, ആ പദ്ധതി ഭേദപ്പെടുത്താമെന്നു അവക്കു വാക്കു കിട്ടുകയും ചെയ്തു. എങ്കിലും അവസാന നാഴികയിൽപോലും അതിനു് ഒരു പരിഹാരം ഉണ്ടാക്കാതെ സവ്വകലാ

ശാലാധികൃതർ പഴയ നയം തുടൎന്നു കൊണ്ടുപോകാൻ ശ്രമിച്ചു. അതിന്റെ ഫലമാണ് ഇക്കഴിഞ്ഞ വാരം നടന്ന പരീക്ഷാമുടക്ക്.

തിരുവിതാംകൂറിൽ സൎവ്വകലാശാലയ്ക്കുള്ള സ്വാതന്ത്ര്യം വളരെ പരിമിതമാണെന്നും, ഗവൺമെന്റിന്റെ പരമാധികാരത്തിൻകീഴിലാണു അതു വൎത്തിക്കുന്നതെന്നും സകല മനുഷ്യൎക്കും അറിയാവുന്നതാണ്. അതു ആദൎശയോഗ്യമായിട്ടുള്ളതാണോ എന്നുള്ളതല്ല ഇപ്പോഴത്തെ ചിന്താവിഷയം. ഈ പ്രശ്നത്തിന്റെ കുരുക്ക് എവിടെയാണെന്നുള്ളതു കണ്ടുപിടിക്കാൻ അഞ്ചു മിനിട്ടിൽ കൂടുതൽ സമയം ആവശ്യമില്ല. എന്തെങ്കിലും ഒരു വ്യക്തിയുടെ മക്കടമുഷ്ടിയാണ് ഈ ദുരന്തങ്ങൾക്കു കാരണമെങ്കിൽ, അയാളുടെ പേരിൽ ഉചിതമായ നടപടികൾ എടുക്കാതിരിക്കുന്നതു് വഞ്ചിനാട്ടിലെ വിദ്യാൎത്ഥികളുടെ അഭിവൃദ്ധിയേയും അഭിമാനത്തേയും സാരമായി ബാധിക്കുന്നതാണ്. ഇന്ത്യയിലുള്ള മററു സൎവ്വകലാശാലകളെല്ലാം പാർട്ടു സിസ്റ്റം അനുവദിച്ചിരിക്കുമ്പോൾ തിരുവിതാംകൂർ സവ്കലാശാല തന്നെ ഇങ്ങനെ വ്യത്യസ്തമായ മാൎഗ്ഗത്തിൽ ചരിക്കുന്നതിന്റെ ആവശ്യം വ്യക്തമാകുന്നില്ല. പരീക്ഷകളുടെ രീതിയും, ഗതിയും പാടേ പരിഷ്കരിച്ച് അതിന്റെ പ്രാധാന്യം കുറയ്ക്കുകയും, വിദ്യാൎത്ഥികളുടെ യഥാൎത്ഥ യോഗ്യത മനസ്സിലാക്കുന്നതിനു കുറേക്കൂടെ ഉചിതമായ മററു മാൎഗ്ഗങ്ങൾ കണ്ടുപിടിക്കാൻ ഗവേഷണങ്ങൾ നടത്തുകയും ചെയ്തുവരുന്ന ഇക്കാലത്തു്, ഇങ്ങനെ പഴയ രീതിയിൽ വഞ്ചിനാട്ടിലെ വിദ്യാൎത്ഥികളുടെ തലയിൽ കൂടുതൽ ഭാരം കയററി വെയ്ക്കുന്നതിന്റെ യുക്തിയും മനസ്സിലാകുന്നില്ല. അതേസമയം തന്നെ വിദ്യാൎത്ഥികൾ തൊട്ടുന്നതിനെല്ലാം പണിമുടക്കു നടത്തി, അവരുടെ അന്തസ്സാരവും, അച്ചടക്കവും നഷ്ടപ്പെടുത്താതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

---

(2-ാം പേജിൽനിന്നും തുടൎച്ച)

ഭയത്തിന്റെ ഇരുൾപ്പരപ്പിനെ അങ്ങ് ആട്ടിപ്പായിച്ചു! അങ്ങയുടെ സർഗാത്മകമായ വൈഭവത്തിന്റെ അമൂല്യമായ നേട്ടം!.......ഞങ്ങൾക്കു വേണ്ടി മരണത്തെ അവിടുന്നു് ആക്രമിച്ചു് കീഴടക്കി, അതും എന്നെന്നേയ്ക്കുമായി.

ഇന്നു്, അങ്ങയുടെ പ്രിയപ്പെട്ട സഹജാതർ ഒന്നൊഴിയാതെ അങ്ങയുടെ അൻപാൎന്ന സാന്നിദ്ധ്യത്തിനു സാക്ഷ്യം വഹിക്കുന്നു! അവർ അതിൻവിധം എക്കാലവും സാക്ഷ്യം വഹിക്കുന്നതാണ്.

അങ്ങയുടെ പ്രിയപ്പെട്ട ഇന്ത്യ, അവിടുത്തെ ജനനംകൊണ്ടു് അനന്തകാലത്തോളം ജീവിക്കുവാനർഹതയുള്ള ഇന്ത്യ അൎപ്പണം വഴിയ്ക്കു് എന്നെന്നും അങ്ങയുടേതാണ്.

ബുദ്ധന്റെയും, ക്രിസ്തുവിന്റെയും, സോക്രട്ടീസിന്റെയും, കൺഫ്യൂഷ്യസ്സിന്റെയും, ആചാര്യശങ്കരന്റെയും, ശ്രീമൽ പരമഹംസരുടേയും, നബിയുടേയും, നാനാക്കിന്റെയും അനുജനായ അവിടുന്നു് ലോകത്തിലെ ഇന്നത്തെ നാനൂറുകോടിയുടെ ജ്യേഷ്ഠനായിരുന്നു. നൂററാണ്ടുകളായി ഒരടി മുന്നോട്ടുവെയ്ക്കുവാൻ കഴിയാതെ വീർപ്പുമുട്ടി വെമ്പിക്കൊണ്ടിരുന്ന വേദങ്ങൾക്കും, ഉപനിഷത്തുകൾക്കും, വിശുദ്ധ കൊറാനും, ക്രൈസ്തവ വേദപുസ്തകത്തിനും, 'സെന്തു് അവെസ്ത'യ്ക്കും, ഗ്രന്ഥസാഹിബ്ബിനും, അവിടുന്നു് സ്വജീവിതംകൊണ്ടു ഭാഷ്യമെഴുതി. അങ്ങിനെ അവയെ കൈകൊട്ടുത്തു മുന്നോട്ടു നീക്കി ; പ്രീയമാണവും, പ്രേമമയവുമായൊരു പുതു ജീവിതത്തിന്റെ—'സുധീര നവ്യലോക'ത്തിന്റെ—സുവർണ്ണകവാടം തുറന്നു കാട്ടി. അതീതകാലത്തെ ആചാര്യന്മാരുടെ നിശിതങ്ങളായ സുഭാഷിതങ്ങളെ ലളിതമധുരമായി അവിടുന്നു പകർന്നുതന്നു. അതോ സ്വന്തം സ്വതത്തിന്റെ പരിമളം വിതറി, സ്വജീവിതത്തിന്റെ രക്തത്തിൽ കുറിച്ചു്.

അന്ധമായ ലോകം അങ്ങയുടെ ജീവിതമാകുന്ന തത്വചിന്തയുടെ അരുളപ്പാടു്—ആ ദിവ്യമന്ത്രം— കേൾക്കാതിരിക്കയില്ല, ലോകത്തെ ത്രിവിധകരണങ്ങളെക്കൊണ്ടും അതു കേൾപ്പിക്കുകയാണു്, കൃതജ്ഞതാഭരിതനായ ഭാരതീയന്റെ കർത്തവ്യം, വഴി പിഴച്ചു പായുന്ന ലോകത്തിനു് വിമോചനം അതുവഴിയ്ക്കാണെന്നു തെളിഞ്ഞുകഴിഞ്ഞു.

അഭിവന്ദ്യഗുരോ, അളവററ കൃതജ്ഞതയും, ദുർബ്ബലമാകാത്ത പ്രതിജ്ഞയുമായെത്തുന്ന ഞങ്ങളെ അനുഗ്രഹിച്ചാലും! ഞങ്ങളുടെ പ്രണാമം കൈക്കൊണ്ടാലും!

(എ. പി. ആർ.)

——

ഇൽക്കചേസ് എന്ന ഗ്രന്ഥകർത്രിയെ ഒരു സിനിമാനടി അഭിനന്ദിച്ചു "നിങ്ങളുടെ നോവൽ (Past Imperfect) ഞാൻ വായിച്ചു. കെങ്കേമമായിരിക്കുന്നു. ആരേ നിങ്ങൾക്കു അതു് എഴുതിത്തന്നതു് ?"

നോവലെഴുത്തുകാരി തിരിച്ചടിച്ചു " അല്ല, എന്റെ പൊന്നുചങ്ങാതി, നിങ്ങൾക്കു് അതു വായിച്ചുതന്നതാരാണു് ? "

# വസ്തുവും പശ്ചാത്തലവും

കെ. സുരേന്ദ്രൻ

(തുടർച്ച)

ഉന്നതമായ പ്രസംഗമണ്ഡപത്തിൽ നിന്നുകൊണ്ട് ഒരുവൻ ഒന്നു മൂളിയാൽ മതി, നാം കൌതുകപൂർവ്വം ചെവി വട്ടംപിടിച്ചു തുടങ്ങും. പക്ഷെ, താഴ്വരകളിൽനിന്നെങ്ങാനുമുള്ള ഗർജ്ജനങ്ങൾ തന്നെ, നമ്മുടെ ചെവിയിൽ വന്നു പെട്ടെന്നു വരില്ല; വന്നാൽത്തന്നെ, അങ്ങോട്ടു നാം എളുപ്പത്തിൽ ചെവികൊടുത്തെന്നും വരില്ല,—പശ്ചാത്തലമില്ലാത്ത ശബ്ദമല്ലേ? പശ്ചാത്തലം മൂലം ശബ്ദത്തിനു വളരെയധികം വ്യത്യാസം വരുന്നതു രാഷ്ട്രീയലോകത്തിൽ വെച്ചാണെന്നു തോന്നുന്നു. രാഷ്ട്രീയലോകത്തിലെ പൊങ്ങിയ മണ്ഡപങ്ങളിൽ നിന്നും വരുന്ന വെറും സാധാരണ ശബ്ദങ്ങൾ കൂടി, ഗന്ധർവ്വഗീതങ്ങളെന്ന മട്ടിൽ, നാം ശ്രദ്ധിച്ചു കേൾക്കും. അത്ര വലിയ പരിവേഷങ്ങളാണു പശ്ചാത്തലത്തെ ഞായമാക്കിക്കൊണ്ടു നാം ആ ശബ്ദങ്ങൾക്കു നൽകുക. അവ അല്പം ദൂരെനിന്നു കൂടെയാണു വരുന്നതെങ്കിൽ, ദൂരത്തിന്റെ അനുപാതമനുസരിച്ചു പരിവേഷങ്ങൾ വർദ്ധിക്കുകയുമായി. വിദൂരത്തിൽ വർത്തിക്കുന്നതുകൊണ്ടു മാത്രം നാം ഇങ്ങിനെ രാഷ്ട്രീയനേതാക്കൾക്കും രാജ്യതന്ത്രജ്ഞന്മാർക്കും മററും പരിവേഷങ്ങൾ ചാർത്തിക്കൊടുക്കുന്നതിന്റെ വിഡ്ഢിത്തത്തെക്കുറിച്ചു നെഹ്രു, അദ്ദേഹത്തിന്റെ ലോകചരിത്രത്തിലെവിടെയോ എഴുതിയതായി ഓർക്കുന്നു. ഈ രാജ്യതന്ത്രപ്രധാനികളും രാഷ്ട്രീയനേതാക്കന്മാരുമൊക്കെ, രാഷ്ട്രങ്ങളുടെ ഭരണചക്രം കറക്കുന്നതും മഹായുദ്ധങ്ങളും സമാധാനങ്ങളും മററും ഉണ്ടാക്കുന്നതും, എന്തെല്ലാം അറിവുകൾ കൈവശം വച്ചുകൊണ്ടാണെന്നു അടുത്തറിഞ്ഞു നോക്കുമ്പോൾ, നാം അത്ഭുതപ്പെട്ടുപോകുമെന്നു അദ്ദേഹം പറയുന്നു. ഒന്നാം മഹായുദ്ധകാലത്ത് അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോയിഡ് ജോർജ്ജ്, റഷ്യൻ സൈനികപ്രവർത്തനങ്ങളേക്കുറിച്ചു ജനസഭയിൽ പ്രസംഗിക്കുകയായിരുന്നു. ജനറൽ കോൾച്ചോക്കിന്റേയും മററു സൈനികനേതാക്കളുടേയും മററും പേരുകൾ പറഞ്ഞതിനുശേഷം, ഒരു ജനറൽ ഖർക്കോവിന്റെ കഥയും അദ്ദേഹം പറഞ്ഞു. ജനറൽ ഖർക്കോവ്, പക്ഷെ, ഒരു മനുഷ്യനായിരുന്നില്ല, ഒരു സ്ഥലപ്പേർ മാത്രമാണ്– ഉക്രൈനിന്റെ തലസ്ഥാനം! ഭൂമിശാസ്ത്രത്തിന്റെ പ്രാഥമികവിവരങ്ങളുടെ കൂടി അറിവില്ലായ്മ, യൂറോപ്പിനെ വെട്ടി നുറുക്കി ഒരു പുതിയ ഭൂപടം വരയ്ക്കുന്നതിനു ഏതായാലും ആ മഹാന്മാരെ തടഞ്ഞില്ല!

"മാവിന്നഗ്രേ ചെന്നു വസിച്ചാൽ
കാകൻ നീയൊരു കോകിലമാവും!"

എന്നേ ഇവിടെ പറയാനുള്ളൂ.

മാവിന്നടിയിൽ കുത്തിയിരുന്നാൽ
കോകിലമുടനേ കാകനുമാകും-!

എന്നുകൂടി നമ്പ്യാർ എവിടെയെങ്കിലും എഴുതിയിട്ടുണ്ടോ എന്നു എനിക്കു നിശ്ചയമില്ല. എഴുതിയിട്ടില്ലെങ്കിൽ ആരെങ്കിലും ഉടനെ അങ്ങിനെ എഴുതേണ്ടതാണ്. കാരണം, മാവിന്നഗ്രം ലഭിച്ചില്ലെങ്കിൽ കോകിലങ്ങളെ മിക്കപ്പോഴും കാക്കകളായേ നാം കാണുകയുള്ളു,—കാലം വന്നു നമ്മുടെ കൊട്ടന്തെററു തിരുത്തുന്നതുവരെ. കീററ്സിന്ന്, അല്ലെങ്കിൽ കുമാരനാശാന്ന്, ഇന്നു ലഭിക്കുന്ന സർവ്വജനീനമായ ആദരവ്, ജീവിതകാലത്തു ലഭിക്കാതിരുന്നതു് എന്തുകൊണ്ടാണ്? മറിച്ച്, മാവിന്നഗ്രത്തിൽ ചെന്നു വസിച്ചതുകൊണ്ടു മാത്രം അനേകം കരിങ്കാക്കകൾ അന്നു ദിവ്യകോകിലങ്ങളായി വാഴ്ത്തപ്പെട്ടതും എന്തുകൊണ്ടാണ്? പശ്ചാത്തലം പെരുത്തും പ്രതിഭ പൂജ്യവുമായിട്ടുള്ളവർ എത്ര പേർ ഇന്നും നമ്മുടെ മുമ്പിൽകൂടി ജീനിയസ്സുകളായി നടക്കുന്നില്ല? സാമൂഹ്യപശ്ചാത്തലം കലാനിരൂപണത്തിന്റെ കണ്ണു മൂടുന്നതെങ്ങിനെയാണെന്നു കാണിക്കാൻ, ഇയ്യിടെ ശ്രദ്ധയിൽപ്പെട്ട ഒരുദാഹരണം ഞാൻ പറയാം: അഖിലഭാരതഗ്രന്ഥകാരസംഘടന, ഇന്ത്യൻപ്രാദേശിക സാഹിത്യങ്ങളുടെയെല്ലാം വിവരണസംക്ഷേപങ്ങൾ ചേർത്തു ഒരു ഗ്രന്ഥം ഇയ്യിടെ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിൽ മലയാളത്തെക്കുറിച്ചു സി. കുഞ്ഞൻ രാജാ എന്ന ഡാക്ടർ ദേഹമാണു എഴുതിയിരിക്കുന്നതു്. വള്ളത്തോളിനെപ്പററിപ്പറയാൻ നാലോ അഞ്ചോ ഖണ്ഡികകൾ എഴുതിയ ആ ഡോക്ടർ, ആശാനെ വിവരിക്കുന്നതു വെറും രണ്ടു (2 മാത്രം) വാചകങ്ങൾ കൊണ്ടാണ്! പിന്നെ, കെ. എം. പണിക്കരുടെ സാഹിത്യയത്നങ്ങളെക്കുറിച്ചു അദ്ദേഹം വളരെയൊക്കെ പാടി പ്രകീർത്തിക്കുന്നുണ്ടു്. കെ. എം. പണിക്കർ ആധുനിക മലയാള നാടക സാഹിത്യത്തിലെ ഒരു ഉജ്ജ്വലതാരമാണത്രേ. ആ ഡോക്ടർ കുഞ്ഞൻ രാജാ തന്നെ, കേശവദേവും പൊററെക്കാട്ടും ജീവിതത്തിലേക്കു യാതൊരു ഉൾക്കാഴ്ചയും ലഭിച്ചിട്ടില്ലാത്ത വെറും പ്രചാരകന്മാരാണെന്നും അറുത്തു മുറിച്ചു പറയുന്നു! സർദാർ കെ. എം. പണിക്കർ അവർകളുടെ പൊന്നു കെട്ടിയ ഫൌണ്ടൻ പേനാ ചൈനീസ് അംബാസിഡറുടെ കോട്ടിന്മേലാണു ഇരിക്കുന്നതു്. ഈ പ്രചാരകന്മാരുടെ തുവലുകളോ? വെറും കീറി മുഷിഞ്ഞ ജൂബ്ബാക്കീശകളിലും. അങ്ങിനെയിരിക്കെ പണിക്കർ എങ്ങിനെ ഉജ്ജ്വലതാരവും, ഇവർ എങ്ങിനെ പ്രചാരകന്മാരും ആകാതിരിക്കും!

ഇതിനേക്കാളും കവിഞ്ഞ അധികാരമാണ്, പശ്ചാത്തലം നമ്മുടെ സാന്മാർഗ്ഗികജീവിതത്തിൽ ചെലുത്തുന്നതു്. വിവാഹത്തിന്റെ കാര്യം തന്നെ എടുക്കുക. വിവാഹം വന്നുവന്നു്, രണ്ടു വ്യക്തികൾ തമ്മിലുള്ള ഒരു സംയോഗമായിട്ടല്ല, ഒരു സാമൂഹ്യസംഭവമായിട്ടാണു ഇന്നു തീർന്നിരിക്കുന്നതു്. വിവാഹത്തിനു സാമൂഹ്യ പ്രാധാന്യം ഉണ്ടാകാൻ പാടില്ലെന്നല്ല ഞാൻ പറയുന്നതു്. വിവാഹവേദിയിൽ വച്ചു, രണ്ടു വ്യക്തികൾ ജീവിതവ്യാപിയായ ഒരു കരാറിലേർപ്പെടുകയാണ്; തങ്ങളുടെ കഴിവുകളും മാന്യതകളും അവർ പരസ്പരം സമർപ്പിക്കുകയാണ്. അതുകൊണ്ടു ആ കരാറും സമർപ്പണവും അങ്ങേ അററം ഭദ്രമായിരിക്കേണ്ടതാകുന്നു. ആ ഭദ്രതയ്ക്കു വേണ്ടി, അവ സമൂഹ

ത്തിനെ സാക്ഷിയാക്കിക്കൊണ്ടു നടത്തുന്നതുംതീൎച്ചയായും അഭിലഷണീയമാണു്. ഇത്രത്തോളമുള്ള സാമൂഹ്യപ്രാധാന്യം വിവാഹത്തിനുണ്ടു്; ഇത്രത്തോളമുള്ള പ്രാധാന്യമേ ഒരു യഥാൎത്ഥ വിവാഹത്തിനു ഉണ്ടാകാനും പാടുള്ളു. പക്ഷെ അതാണോ ഇന്നത്തെ നടപ്പ്? വിവാഹം ഇന്നു തികച്ചും സാമൂഹ്യമായ ഒരു ഇടപാടാണു്. വ്യക്തിത്വത്തിനു പറയത്തക്ക യാതൊരു പ്രമാണിത്തവും അവിടെ സാധാരണ ലഭിയ്ക്കാറില്ല. വ്യക്തികൾ തമ്മിലല്ല, സാമൂഹ്യമായ പശ്ചാത്തലങ്ങൾ തമ്മിലാണു ഇന്നു വിവാഹം നടക്കുന്നതു്; പണപ്പെട്ടികളും സ്ഥാനമാനങ്ങളും മററുമാണു ഇന്നു പരിണയിക്കപ്പെടുന്നതു്. സ്ഥലത്തെ വ്യവസായപ്രമാണിയായ ശ്രീമാൻ ഇന്നാരുടെ മകളെ, ധനാഢ്യനും പൌരപ്രമുഖനുമായ ശ്രീമാൻ ഇന്നാരുടെ മകൻ വിവാഹം കഴിക്കുവാൻ പോകുന്നു എന്നറിയുമ്പോൾ നാം മംഗളം ആശംസിക്കാറുണ്ടു്: "ഹാ, എന്തു നല്ലൊരു മാച്ച്!" പക്ഷെ, ആ നല്ല 'മാച്ചി'ന്റെ വിവാഹ വേദിയിൽവച്ചു, വസ്തു എത്ര ആഴത്തിലാണു പശ്ചാത്തലത്തിന്റെ കുഴിയിൽ മൂടപ്പെടുന്നതു എന്നു്, നാം അറിയാറില്ല. അതു് ഒരാവശ്യമായി നാം കരുതാറുമില്ല. കാരണം, വസ്തുവിനെക്കുറിച്ചല്ല, പശ്ചാത്തലത്തിനെക്കുറിച്ചു മാത്രമായിത്തീൎന്നിരിക്കുന്നു നമ്മുടെ നോട്ടങ്ങൾ.

ഇനി നമ്മുടെ ആത്മീയ ജീവിതമോ? അവിടെയും വസ്തു കഴിച്ചുമൂടപ്പെടുകയാണു്. രാവിലെയും വൈകിട്ടും കുളിച്ചു, ഭസ്മചന്ദനങ്ങൾ പൂശി, മുറ തെററാതെ അമ്പലങ്ങളിൽ പോകുമെങ്കിൽ മാത്രം ഒരുവൻ 'ദൈവഭീതി'യുള്ള സാത്വികനായി. കാരണം, 'ഈശ്വരഭക്തി'യുടെ പശ്ചാത്തലം ശരിക്കും അയാൾ ഒപ്പിക്കുന്നില്ലേ? എന്താണു 'ഈശ്വരഭക്തി' തന്നെ? തന്റെയും അന്യരുടേയും ജീവിതത്തെ പവിത്രീകരിക്കുവാനും മധുരീകരിക്കുവാനുമുള്ള ക്രിയാത്മകമായ ഒരു അന്തശ്ചോദനമല്ല; ശൂന്യതയെ അങ്ങിനെ ധ്യാനിച്ചുകൊണ്ടിരിയ്ക്കലില്ലേ, അതാണു്. ആ അന്തശ്ചോദനമാകട്ടെ, നാമജപങ്ങളാലും ഭസ്മക്കുറികളാലും മററും കുഴിച്ചുമൂടപ്പെട്ടിരിക്കുന്നു. ഇങ്ങിനെ, വിഗ്രഹങ്ങളും അമ്പലങ്ങളും മററുമാകുന്ന പശ്ചാത്തലങ്ങൾ, ഈശ്വരനും മതവും മററുമാകുന്ന വസ്തുക്കളേയും കുഴിച്ചുമൂടിയിരിക്കുന്നു. നമ്മുടെ ആത്മീയ ജീവിതവും ഇന്നു യാഥാൎത്ഥ്യത്തിന്റെ പിന്നാലെയല്ല നിഴലിന്റെ പിന്നാലെയാണു പോകുന്നതു്,—വസ്തുവിന്റെയല്ല, പശ്ചാത്തലത്തിന്റെ.

ഇങ്ങിനെ നോക്കിയാൽ, നമ്മുടെ സാമൂഹ്യജീവിതവും, സാംസ്കാരികജീവിതവും സാന്മാൎഗ്ഗികജീവിതവും എല്ലാം, പശ്ചാത്തലങ്ങളുടേയും നിഴലുകളുടേയും രൂപങ്ങളുടേയും ഭരണത്തിൻകീഴിലാണെന്നു കാണാം. എന്തുകൊണ്ടാണിതു്? ഈ അന്വേഷണം, സംസ്കാരങ്ങളുടെ ഗതിവിഗതികളിലേക്കും, അതിന്റെ ഉദയാസ്തമയങ്ങളിലേക്കും അവയുടെ കാൎയ്യകാരണങ്ങളിലേക്കും ഒക്കെ നമ്മെ നയിച്ചുകൊണ്ടുപോകും. അത്തരമൊരന്വേഷണം ഈ ലേഖനത്തിന്റെ പരിധിക്കും എത്രയോ അപ്പുറമാണു്. ഒന്നോ രണ്ടോ വാചകങ്ങൾ കൊണ്ടു മാത്രം ഞാൻ അതു സൂചിപ്പിക്കാൻ ശ്രമിക്കാം:

ചലനാത്മകവും ക്രിയാത്മകവുമായ യൌവനദശ കടന്നു്, ജീവിത

സന്ധ്യ പ്രാപിക്കുമ്പോഴേക്കും, ഒരുവൻ ചലനങ്ങളും ക്രിയകളും നിർത്തി ഒരിടത്തു സ്വസ്ഥമായിക്കിടന്നു്, വിശ്രമം കൊള്ളുക സ്വാഭാവികമാണല്ലോ. അതുപോലെയാണു സംസ്കാരങ്ങളുടേയും കഥ. പുതിയ പുതിയ രൂപങ്ങളേന്തി അനന്തമായ ഭാവിയിലേക്കു കുതിച്ചു പായുന്ന ജീവിതത്തിനൊപ്പം പ്രയാണം ചെയ്യുവാനുള്ള കഴിവ് ഒരു ഘട്ടത്തിലെത്തുമ്പോൾ ഏതൊരു സംസ്കാരത്തിനും നഷ്ടപ്പെടും : ക്രിയാത്മകവും ഓജസ്സുരവുമായ അതിന്റെ അന്ത:ശക്തി അപ്പോൾ ഒടുങ്ങി എന്നാണർത്ഥം. അതാണു സംസ്കാരത്തിന്റെ വാർദ്ധക്യദശ. ചലനവിമുഖതയും യാഥാസ്ഥിതികത്വവുമാണല്ലോ വാർദ്ധക്യത്തിന്റെ മൗലികസ്വഭാവങ്ങൾ. അങ്ങിനെ ജീവൻജീർണ്ണിച്ചു വാർദ്ധക്യശയ്യയിൽ വീഴുന്നതോടെ, ബാഹ്യരൂപങ്ങളുടെ ഭരണം ആരംഭിക്കുന്നു. ജീവൻ നശിച്ചു പുറന്തൊണ്ടു മാത്രമായിത്തീർന്ന സംസ്കാരത്തിന്റെ ആഭിമുഖ്യം, ജീവനില്ലാത്ത ബാഹ്യരൂപങ്ങളോടു മാത്രമാകുന്നതു സ്വാഭാവികമാണല്ലോ. പിന്നെ അർത്ഥമില്ലാത്ത ആചാരങ്ങൾ അനുഷ്ഠിക്കപ്പെടുന്നു; അവയുടെ മൃതശരീരങ്ങൾകൊണ്ടു ജീവിതത്തിന്റെ പാതകൾ മുഴുവൻ വിലക്കപ്പെടുന്നു; യുക്തിയറിയാത്ത വിശ്വാസങ്ങൾ പുലർത്തപ്പെടുന്നു ; വസ്തുവില്ലാത്ത പശ്ചാത്തലം പൂജിക്കപ്പെടുകയും ചെയ്യുന്നു.

അത്തരമൊരവസ്ഥയിലാണു് ഇന്നു നാമും ജീവിക്കുന്നതു്. നമ്മുടെ സംസ്കാരത്തിന്റെ ജീവനെടുത്തിട്ടു് നാളുകൾ വളരെയായി. " പൊലിഞ്ഞുപോയ ഒരു സംസ്കാരത്തിന്റെ ശ്മശാനഭൂമി"യിലാണു്, കെ. ഭാസ്കരൻ നായർ പറയുന്നതുപോലെ, നാമിന്നു ജീവിക്കുന്നതു്. ചലനാത്മകവും ക്രിയാത്മകവുമായ ഒരു നവീനസംസ്കാരത്തെ വളർത്തിയെടുക്കുവാനാകട്ടെ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല. തീർച്ചയായും അതിന്റെ വിത്തുകൾ ഇതിനകം വീണുകഴിഞ്ഞിട്ടുണ്ടു്. മുളകളും ഏതാണ്ടു പൊടിച്ചുതുടങ്ങിയിട്ടുണ്ടു്. അതിനെ വളർത്തിപ്പെരുക്കി, പ്രേതസമമായ ഈ അന്തരീക്ഷത്തിൽ ഓജസ്സിന്റെ അലകളിളക്കുവാൻ, ഇനി എത്രകാലംകൂടി നാം എടുക്കുമെന്നു—ആരറിഞ്ഞു !

—— : o : ——

ഡാക്ടർ : ഈ ശസ്ത്രക്രിയ അപായകരമായിട്ടുള്ളതാണു്. ഇതു ചെയ്താൽ അഞ്ചിൽ നാലും മരിക്കുകയാണു പതിവ്. അവസാനമായി ഞാൻ എന്തെങ്കിലും നിങ്ങൾക്കു ചെയ്യേണ്ടതുണ്ടോ ?

രോഗി : സാർ എന്റെ കുടയും വടിയും ഇങ്ങെടുത്തു തന്നാൽ മതി.

# മായാത്ത ചിത്രം

ഒ. എം. അനുജൻ.

ഒന്നു്

രാവിൻെറ പുകവണ്ടി കിതച്ചു പാഞ്ഞുംകൊണ്ടു
രാവിലെയുടെ മല കേറിക്കൊണ്ടിരിക്കുമ്പോൾ,
പുലർകാറെററൻ കൺകളെ ച്ചുംബിച്ചുണർത്തീ മന്ദം ;
പുതുതാമൊരുന്മേഷത്തോടെ ഞാനെഴുന്നേററു.
അപ്പൊഴുമെൻ തീവണ്ടി ചരിച്ചീടുന്നു പുക-
തുപ്പിയമ്മറുനാടിൻ തരിശാം മാറത്തൂടെ !

രണ്ടു്

നേരമെത്രയായെന്നൊന്നറിവാൻ തല നീട്ടി-
ദ്ദൂരെ നോക്കവേ, വെളുക്കാറായൊരാ വേളയിൽ,
കല്ക്കരിത്തീയിന്നവ്യക്താഭയിലൊരു രൂപം
കണ്ടതോർമ്മയിൽ വന്നു മുന്നിൽ നില്പതുപോലെ.
മുക്കാൽക്കാലുറ, കരിപിടിച്ച കുപ്പായം, തീ-
നക്കിപ്പൊള്ളിയ ദേഹം ചെങ്കനൽപോലാം നേത്രം—
കൊടുതാം നൈരാശ്യത്തിൽ നിന്നു വാർത്തെടുത്തോരു
ദൃഢനിശ്ചയം പോലെയാണവൻ കാണപ്പെട്ടു.

മൂന്നു്

ചിന്തയെൻ മനസ്സിനെ നിറച്ചു, യവനുടെ
പിന്നിലെ ച്ചരിത്രമൊന്നോർക്കുവാൻ രസം തോന്നീ.
സേവനനിരതനാമിവനു, മാർദ്രസ്നേഹ-
ഭാവശീലയൊരമ്മ പെറെറാരു മകനല്ലേ ?
ഭേദമില്ലൊട്ടും—മാതാവിവനെ പ്പെറുമ്പോഴും
വേദനയാർന്നു പണക്കാരിയെപ്പോലെത്തന്നെ.
ആയിരം പ്രതീക്ഷകൾ മൊട്ടിട്ടിട്ടുണ്ടാവാമ-
ത്തായ തൻ ചിത്തത്തിലും തൻെറ കുഞ്ഞിനെപ്പററി.

എത്രമേൽക്കോരിത്തരിച്ചിരിക്കാം മകൻെറയ—
പ്പോൽത്തനു പുണൎന്നപ്പോ ളുധപാൎിയാമച്ഛനും.
പേറുവാൻ വയ്യാത്തോരു പുസ്തകക്കെട്ടും പേറി-
പ്പാരത്തെപ്പള്ളിക്കൂടം പൂകുവാനവൻ പോകെ,
സന്തോഷബാഷ്പാവില നേത്രയായ്ത്തൻ പുത്രനെ—
ത്തന്നെ നോക്കിയിട്ടമ്മ യെന്തെല്ലാം സ്വപ്നം കാണും !
രാത്രി വൈകിയിട്ടച്ഛൻ വീട്ടെത്തുംനേരത്തെത്ര-
മാത്രമോതുകില്ലവൻ പാഠശാലയെപ്പററി.

നാല്

എൻെറ ചിന്തയെത്തെല്ലം കൂട്ടാക്കാതോടീടുന്നു
വണ്ടി, യാ വാനിൻ നേരെ തീപ്പുക തുപ്പിത്തുപ്പി.
പുലരിത്തീയിൻ മുന്നിലേകനായ് നില്ക്കും കരി-
മുകിലിൻ നേരേ നോക്കി നോക്കയാണു ഞാൻ വീണ്ടും.
പണിയെത്ര ചെയ്താലു മുണ്ണാനുമുടുക്കാനും
പണമില്ലച്ഛ; നപ്പോഴം, പ്പഠിപ്പു നിൎത്തി പുത്രൻ.
വൃദ്ധനാം പിതാവിനു താങ്ങായി പ്പാടത്തവൻ
വിത്തിട്ടും വിളകാത്തും കഴിച്ചു കുറെക്കാലം.
വിശപ്പിൻ മാറാരോഗ മിഞ്ചിഞ്ചായവനുടെ
വയറു കരണ്ടുതിന്നവസാനിക്കും മുമ്പേ,
വീട്ടിൽനി, ന്നറിയാതെ കള്ളവണ്ടിയിൽ ! —മറു-
നാട്ടിൽ ജോലിയുംതേടി യെത്തിച്ചേൎന്നതാണിവൻ !

അഞ്ച്

നീണ്ടൊരു ക്രൂവും ക്രൂവി യാപ്പീസിൽ നിന്നാ വണ്ടി
നീങ്ങിട്ടുംമുമ്പെതന്നെ യിറങ്ങി ഞാനെന്നാലും,
രാവിലെമുതലന്തിയാകുവോളവും, പിന്നെ
രാവുതൊട്ടുഷസ്സാകുവോളവു മവിശ്രമം,
തീപ്പിടിച്ചോട്ടേ തല, യെന്നാലും യന്ത്രത്തിനു
തീച്ചൂടു പിടിപ്പിയ്ക്കുമാ രൂപം മാഞ്ഞില്ലെന്തോ !

[പകൎപ്പവകാശം]

—o—




# പരമാർത്ഥങ്ങൾ

എൻ. ഗോവിന്ദൻ കുട്ടി, ഫോർട്ട് കൊച്ചി.

അവിടെ ഒരു മണ്ണെണ്ണവിളക്കു മിന്നിക്കൊണ്ടിരുന്നു. അതിന്റെ മങ്ങിയ വെളിച്ചത്തിലിരുന്നുകൊണ്ടു മാധവൻ എഴുതുകയാണ്. പേനയുടെ ഒരററം എല്ലുന്തി നില്ക്കുന്ന നെററിത്തടത്തിൽ കുത്തി അയാൾ ചിന്തിച്ചു. പുറങ്ങൾ പലതും എഴുതിത്തള്ളി അടുത്തുണ്ടായിരുന്ന പിഞ്ഞാണത്തിൽ നിന്നു കുറെ വെള്ളം കുടിച്ചു. വിശപ്പു വിട്ടില്ല. എരിപൊരിക്കൊള്ളുന്ന ഉദരഗോളം! പാവം സാഹിത്യകാരൻ! ആ പുൽപ്പായിൽ അയാൾ മലർന്നു കിടന്നു.

ഒരു ഞെരക്കം! നൊന്തു നീറുന്ന ഹൃദയത്തിൽ നിന്നു വീർപ്പു മുട്ടി പുറപ്പെട്ട ഒരു നിലവിളി! മാധവൻ അടുത്ത മുറിയിലേക്കു ഓടിച്ചെന്നു. അവിടെ ജീവിതവും മരണവും തമ്മിൽ മത്സരിക്കയാണ്. അയാളുടെ ജീവിതസഖി വേദന സഹിക്കവയ്യാതെ കിടന്നുരുളുകയാണ്; പ്രസവ വേദന!!

“ലീലേ! കരയുകയാണോ? സഹിക്കവയ്യാത്ത വേദനയുണ്ടോ?” മാധവന്റെ നെററിത്തടത്തിൽ വിയർപ്പുതുള്ളികളും കണ്ണുകളിൽ അശ്രുബിന്ദുക്കളും പൊടിഞ്ഞു. ആ ഹൃദയത്തിന്നറിയാം അവൾക്കു സഹിക്കുവാൻ കഴിയാത്ത വേദനയുണ്ടെന്ന്!

“ഉം....ം....അ...ംമ്മേ!”........

മാധവൻ കുറേക്കൂടെ അടുത്തു ചെന്നു. അയാളുടെ കാലുകൾ വിറച്ചു. ഇടറുന്ന തൊണ്ടയോടെ അയാൾ പുലമ്പി— “എനിക്കറിയാം; വിഷമമുണ്ട്. എന്തു ചെയ്യാം? എന്തു ചെയ്യും!”

ഓർമ്മവെച്ച കാലം മുതൽ അയാളുടെ മുൻപിൽ നിവർന്നു നില്ക്കുന്ന ഒരു ചോദ്യമാണ് അത്. അയാൾ എന്തു ചെയ്യും! എന്തു ചെയ്യാം?............”

വീണ്ടും ആ നീണ്ട ഞെരക്കം! പൊടിഞ്ഞുകൊണ്ടിരിക്കുന്ന ഹൃദയത്തിൽനിന്നുള്ള ആ ശബ്ദം.

“ഞാൻ കഥ എഴുതിത്തീർന്നു;– തീരാറായി. ഒരേ ഒരു ഭാഗം മാത്രമേ ഇനി ബാക്കിയുള്ളു. നാളെ രാവിലെ ഞാൻ പത്രാധിപരെ ചെന്നുകാണും. വല്ലതും കിട്ടാതിരിക്കയില്ല............ വല്ലതും........”

ഒരുവിധത്തിലയാൾ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു.

"കുറച്ചു വെള്ളം...ഹാ!...മ്മേ!..." ആ വരണ്ട ചുണ്ടുകളിൽനിന്നു അവ്യക്തമായി പുറപ്പെട്ടു. ലീല!—പട്ടപട്ടിണിയുടേ തോഴനായ ഒരു സാഹിതീഭക്തൻെറ ഭാര്യ!

" പച്ചവെള്ളം കുടിച്ചുകൂടല്ലൊ!" എന്തു ചെയ്യണമെന്നറിയാതെ അയാറം അങ്ങനെ അല്പനേരം നിന്നു. "ഞാൻ ഇതാ വന്നുകഴിഞ്ഞു" മാധവൻ അയൽവീട്ടിലേയ്ക്കു ഓടി.

ആകാശം കറുത്തിരുണ്ടിരുന്നു. ഒരു ശീതക്കാററം! മഴയ്ക്കുള്ള ആരംഭമാണ്. പൊട്ടക്കളങ്ങളിലിരുന്നു തവളകറം മഴയ്ക്കു സ്വാഗതമരുളുകയാണ്. " ങ്ക്രോം ദക്രാം ക്രോം "........

" മാത്തുമാപ്പിള വന്നോ? " മാധവൻ വിളിച്ചു ചോദിച്ചു. റിക്ഷാവണ്ടിക്കാരൻ മാത്തുവിൻെറ ഭാര്യ മറിയം- വാതിൽ തുറക്കാതെ, " ആരാണതു്?– ആരാ....? "

" ഞാനാണ്– ഞാൻ." മാധവൻ വിളിച്ചു പറഞ്ഞു.

" ഞാനെന്നെച്ചാ ?— ക്ടാങ്ങടെ അപ്പൻ വന്നട്ടീലാ" മറിയത്തിൻെറ മറുപടി.

" ഞാനാണ്. ഒന്നു വാതിൽ തുറക്കണം...." മാധവൻ വീണ്ടും അപേക്ഷിച്ചു.

" ആമ്പ്രന്നോനില്ലെന്നു പറഞ്ഞില്ലേ ? കള്ളണ്ടെ വയററിക്കെടക്കട്ടെ. വാക്കത്തി ഉണ്ടു് വിടെ."

" തെക്കേ വീട്ടിലെ ലീലയുടെ–ഞാനാണ........മാധവൻ."

"ലീലേടെ കെട്ട്യോനോ? എന്നാ പറഞ്ഞൂടാരിന്നോ? " വാതിൽ തുറന്നുകൊണ്ടു മറിയം പുറത്തേയ്ക്കിറങ്ങി " ഒച്ച കേട്ടിട്ടു തിരിഞ്ഞില്ല ..." അവർ ചോദിച്ചു "എന്താണ് ? കെട്ട്യോള്ക്കു പെററോ ?"

" ഇല്ല..."

" പിന്നെ ?....ഈശോ! കന്നിപ്പേറാണ്. വയറൊഴിച്ചാ മതി" മറിയം പ്രാർത്ഥിച്ചു.

" രണ്ടു ദിവസം കഴിഞ്ഞിട്ടേ പ്രസവമുണ്ടാകയുള്ളു എന്നാണു ലേഡി ഡാക്ടർ പറഞ്ഞതു്." മാധവൻ ഒരു നെടുവീർപ്പോടെ പറഞ്ഞു.

" ഒ! ആ തടിച്ചീടെ കാര്യോന്നും പറേണ്ട. അവക്കു കാശു മതി. അവരു പോയാലേ ആശ്രുത്തിരി നന്നാകൊള്ളു." മറിയത്തിന്നു കലി കേറുന്നുണ്ടായിരുന്നു

" മരുന്നു വല്ലോം കൊടുത്തോ ?" മറിയം ചോദിച്ചു. " ഇല്ല! കൊടുത്തി–ല്ല....കാശുണ്ടാ-യി-രു-ന്നില്ല." മാധവൻെറ തൊണ്ടയിടറി. അയാളുടെ കണ്ണുകറം നിറഞ്ഞു.

" ശ്ശ ശ്ശേ! ആണാപ്പെറന്നോൻ കരേണോ?" ഇറയത്തിരുന്ന പാട്ടവിളക്കിൻെറ മങ്ങിയ പ്രഭയിൽ മറിയം കണ്ടു മാധവൻെറ കണ്ണുകളിൽ വെട്ടിത്തിളങ്ങിയ മുത്തുകറം.

" നാളെ ആ തറേലെ പാറു വയററാട്ടുമ്മയെ വിളിച്ചോണ്ടുവാ...ശ്ശ് ....കഷ്ടകാലം നോക്കണേ !"

"അയ്യോ! ഞാൻ കുറെ കഞ്ഞിവെള്ളത്തിനാണു വന്നതു്....സംസാരത്തിനിടയിൽ തീരെ മറന്നുപോയി..." മാധവൻ ഒരു വെമ്പലോടെ പറഞ്ഞു തീർത്തു.

" എൻെറ ദൈവമേ! കഞ്ഞിക്കലം അടുപ്പേ കേറീട്ടു നാളൊന്നായി. ക്ടാങ്ങടെ അപ്പനു കൊറച്ചു കാപ്പി കാച്ചീട്ടൊണ്ടു്. കൊറച്ചു കൊണ്ടു കൊടുക്ക. ഈ ആണങ്ങക്ക ചൂടില്ല."

ലീല കാപ്പികുടിച്ചു. മാധവൻ പറഞ്ഞു, "നാളെ രാവിലെ തറയിലെ

പാറ അമ്മയെ വിളിക്കാം."

"ഉൗം-ം-ം" ലീല മൂളി.

"എൻെറ ലീല കിടന്നോളൂ. ഈ ശ്വരൻ നമുക്ക സമാധാനമേകും. ഉറ്റവരും ഉടയവരും ഇല്ലാത്ത നമുക്ക സർവ്വേശ്വരൻ തുണയുണ്ടാകും. ഞാൻ ആ കഥയൊന്ന് എഴുതിത്തീർത്തുകൊള്ളട്ടെ. നാളെ എനിക്ക പണംകിട്ടും"

ലീല കണ്ണടച്ചുകിടന്നു. മാധവൻ കഥയെഴുതുവാനും ഇരുന്നു.

പുറത്തു 'പരപരാ' ഒരു ചാററൽ മഴ; നല്ല തണുത്ത കാററും!

ആ വിളക്ക അപ്പോഴുംമങ്ങിക്കത്തിക്കൊണ്ടിരുന്നു. രണ്ടു നിമിഷനേരത്തേക്ക അവിടെ തികഞ്ഞ നിശ്ശബ്ദത വ്യാപിച്ചു. അയാറം പേന കയ്യിലെടുത്തു. മണ്ണെണ്ണയുടെ അഭാവംകൊണ്ടു വിളക്കണഞ്ഞു. ആ നിശ്ശബ്ദതയെ ലീലയുടെ ഇഴഞ്ഞുനീളുന്ന ഞരക്കം മാത്രം ഭേദിച്ചു.

ആ തണുത്ത കാററിൽ മാധവൻ വിറച്ചു. അയാറം തെക്കേ വീട്ടിലേയ്ക്കു ഓടി.

"വലിയമ്മേ! വല്ല്യമ്മേ!"

"ആരാ? ലീലേടെ പത്താവോ? എന്താ വന്നേ? കൊച്ചു പെററോ?" ആ കിഴവി ഒരൊററ ശ്വാസത്തിൽ ചോദിച്ചു.

"ഇല്ല! വിളക്കിൽ മണ്ണെണ്ണയില്ല. കുറച്ചു മണ്ണെണ്ണ വേണം." മാധവൻ ഒരപരാധിയെപ്പോലെ പറഞ്ഞു.

"കൊറച്ചു മണ്ണെണ്ണ തരാം. നാളെ തിര്യേ തരണം. ഗപ്പിണി ഉള്ള ഒരു വീടായതുകൊണ്ടാ ഞാൻ തരണതു്. നിനക്ക കത എഴുതാൻ എൻെറ കയ്യീ മണ്ണെണ്ണ ഇല്ല." വൃദ്ധ മണ്ണെണ്ണ കൊടുത്തു.

ഒരു രാത്രിക്ക കഷ്ടിച്ചു തികയുന്ന ആ മണ്ണെണ്ണ വാങ്ങി മാധവൻ നന്ദി പറഞ്ഞു.

* * *

പത്രാധിപരുടെ മുറിയിൽ ഒരു കസേലയിൽ മാധവൻ ഇരുന്നു.

"ഇയ്യിടെ കഥകളൊന്നും എഴുതാറില്ല. അല്ലേ?" ഒരു സിഗററ നീട്ടിക്കൊണ്ടു പത്രാധിപർ സംഭാഷണമാരംഭിച്ചു. "വാസ്തവം പറയാമല്ലൊ, നിങ്ങളുടെ ചെറുകഥകറം എല്ലാവരും ഇഷ്ടപ്പെടുന്നു........എന്താ ഇന്നൊരു മൌനം?"

മാധവൻെറ മറുപടി കേറക്കുവാൻ പത്രാധിപർ നിന്നില്ല. അയാറം തുടന്നു, "ഈ മാസം മുതൽ ഞങ്ങറം ആയിരം കോപ്പികറംക്കൂടെ കൂട്ടുവാൻ വിചാരിച്ചിരിക്കയാണു്. നമ്മുടെ 'വാരിക' ഇത്ര വേഗത്തിൽ പ്രചുരപ്രചാരം നേടുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല."

"ഞാനൊരു ചെറുകഥ കൊണ്ടു വന്നിട്ടുണ്ടു്." മാധവൻ കാര്യത്തിലേക്ക കടന്നു.

"വിഷു വിശേഷാൽ പ്രതിയിൽ ചേത്തേയ്ക്കാം. നോക്കട്ടെ" പത്രാധിപർ കൈനീട്ടി. മാധവൻ ചെറുകഥ എടുത്തു കൊടുത്തു. അയാളതൊന്നു കണ്ണോടിച്ചു മേശയ്ക്കകത്താക്കി.

"രണ്ടു കാപ്പി." പത്രാധിപരുടെ 'ഓർഡറും'കൊണ്ടു പ്യൂൺ പോയി.

"ശരി, ഞാൻ ചേത്തേക്കാം. വായിക്കേണ്ട ആവശ്യമില്ല. ഇനിയും നിങ്ങളുടെയെല്ലാം തൂലിക ഞങ്ങളുടെ വാരിക—"

"സാർ," ഇടയ്ക്കു തടഞ്ഞുകൊണ്ടു മാധവൻ പറഞ്ഞു, "എനിക്കൊരഞ്ചു രൂപാ വേണം."

"കഴിഞ്ഞ മാസം മുതൽക്കുതന്നെ ആയിരം കോപ്പികറം വർദ്ധിപ്പിക്ക

ണമെന്നു ഞങ്ങൾക്കു ഉദ്ദേശമുണ്ടായിരുന്നു. പക്ഷെ കടലാസ്സു വാങ്ങുവാൻ,—മി. മാധവൻ! ഞാൻ നിങ്ങളോടു തുറന്നു പറയുകയാണ്. ഇതെല്ലാം പത്രരഹസ്യങ്ങളാണ്; നിങ്ങളുടേയെല്ലാം 'മിസ്റ്റിക്' പ്രസ്ഥാനം പോലെ. എല്ലാം ഒരു 'പോളിഷിൽ' നടന്നുവരികയാണ്. വരിക്കാരാണെങ്കിൽ—നിങ്ങൾക്കറിയാമല്ലോ. കൊടുക്കണമെന്നും വാങ്ങണമെന്നും ആഗ്രഹമുണ്ട്. പക്ഷേ—"

"എൻെറ വയററുപിഴപ്പിനു വേണ്ടി ഞാൻ കഥകളെഴുതുകയാണെന്നും കച്ചവടത്തിന്നിറങ്ങിയിരിക്കയാണെന്നും വിചാരിക്കരുതു്. എനിക്കെന്തെങ്കിലും എഴുതിയേ മതിയാവൂ. എന്തിൻെറയോ പ്രേരണ— ഒരു പ്രചോദനം!" മാധവൻ പറഞ്ഞു, "എന്നാൽ ഏറെക്കുറെ അങ്ങിനെയല്ലെ എന്നു ഞാൻതന്നെ ഇപ്പോൾ സംശയിക്കുന്നുണ്ട്. കഴിയുന്നതും വേഗത്തിൽ തിരിയെ എത്തിച്ചേക്കാം. എങ്ങിനെയെങ്കിലും അഞ്ചു രൂപാ എനിക്കു കടം തരണം. തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിൽനിന്നും പണം വരാനുണ്ട്."

"ഓഹൊ! നിങ്ങളാണോ അതിൻെറ രണ്ടിൻേറയും സ.ലേ.? നമ്മുടെ വാരികയെ സംബന്ധിച്ചു ഓരോ പരസ്യം ചെയ്താൽ കൊള്ളാം. ഓരോ കുറിപ്പ്—"

കാപ്പിയുംകൊണ്ടു പ്യൂൺ എത്തി.

"കാപ്പി കുടിക്കു."

"ഉപകാരം." മാധവൻ കാപ്പിയെടുത്തു.

"ഓ! ദയചെയ്തു അതു സൂചിപ്പിക്കേണ്ട. മി. മാധവനെപ്പോലെയുള്ള എഴുത്തുകാരെ കിട്ടുന്നതു തന്നെ ഞങ്ങളുടെയെല്ലാം ഭാഗ്യം." കാപ്പി കുടിച്ചുകൊണ്ടു പത്രാധിപർ പറഞ്ഞുതുടങ്ങി, "നിങ്ങളിൽനിന്നു ഞാൻ ഒന്നുംതന്നെ മറച്ചുവെക്കേണ്ടല്ലോ. നിങ്ങളുടെ കഥകൾ വെറുതെ കിട്ടുകയില്ലെന്നും വില കൊടുത്തു വാങ്ങേണ്ടവയാണെന്നും എനിക്കറിയാം. ഭേദപ്പെട്ട പലരുടേയും ചെറുകഥകൾ ഞങ്ങൾക്കു കിട്ടാറുണ്ട്. അവയെല്ലാം ഉപേക്ഷിച്ചു താങ്കളുടെ കഥകൾക്കു പത്രസ്ഥലം അനുവദിക്കുന്നതും അതുകൊണ്ടുതന്നെയാണ്. വാരികയുടെ ബാല്യദശ ഒന്നു കഴിഞ്ഞുകൊള്ളട്ടെ. നിങ്ങളെയെല്ലാം മറക്കുമെന്നു വിചാരിക്കുന്നുണ്ടോ? ശരി. പത്രമിറങ്ങട്ടെ. അഞ്ചു രൂപാ അയച്ചു തരുവാൻ ഞാൻ ശ്രമിക്കാം. ക്ഷമിക്കണം മി. മാധവൻ."

മാധവൻ എഴുന്നേററു. പത്രാധിപക്കു വന്ദനം പറഞ്ഞു.

* * *

അയാൾ നിരാശനായില്ല അയാളുടെ പക്കൽ ഇനിയുമുണ്ട് ഒരു ചെറുകഥ. പുകഞ്ഞു നീറിയ തലച്ചോറിൽനിന്നു ഉദയം ചെയ്ത ഒരു കുട്ടിസൂര്യൻ! പട്ടിണിയുടെ മദ്ധ്യത്തിൽ കിടന്നു പൊക്കിയെടുത്ത ഒരു പൊന്മണി! അയാൾ നടന്നു. പത്രാധിപന്മാർ ഇനിയുമുണ്ട്.

ആദ്യത്തെ കഥയ്ക്കു ആ കലാകാരനു പ്രതിഫലം ലഭിച്ചു. ഒരു സിഗററും ഒരു കപ്പു കാപ്പിയും. ഇനി രണ്ടാമത്തെ കഥയ്ക്കു... അയാൾ ധൃതിയിൽ നടക്കുകയാണ്— അവശമായ ആ ശരീരം മുന്നോട്ടു നീങ്ങുകയാണ്. അടുത്തുണ്ടായിരുന്ന ഒരു സൌജന്യവായനശാലയിൽ ഇരുന്നുകൊണ്ടു കാലുറയും കോട്ടുമിട്ട ഒരു കുബേരപുത്രൻ അയാളുടെ സ്നേഹിതനോടു പറഞ്ഞു, "അതാ പോകുന്നു, നിങ്ങൾ

വായിക്കുന്ന ചെറുകഥയുടെ കർത്താവ് മി. മാധവൻ."

'' എവിടെ ? " സ്നേഹിതൻ തലയുയർത്തി.

"അതാ! 'കേരളകാമിനി' ആഫീസിലേക്കു കയറിപ്പോകുന്നു.''

'കേരളകാമിനി' പത്രാധിപരെ മാധവൻ കണ്ടു.

'' ഇങ്ങോട്ടൊന്നും ഈയിടെ കാണാറില്ലല്ലോ ?" ഒരു കസേല നീക്കിയിട്ടുകൊടുത്തുകൊണ്ടു പത്രാധിപർ സ്വാഗതമരുളി. " ഞാനൊരു ചെറുകഥയുംകൊണ്ടാണിറങ്ങിയതു്" അല്പമൊരു പരുങ്ങലോടെ മാധവൻ പറഞ്ഞു, ''ചോദിക്കുന്നതിൽ ക്ഷമിക്കണം. എനിക്കു അഞ്ചു ഉറുപ്പിക ആവശ്യമുണ്ടു്."

പത്രാധിപരൊന്നു ചിരിച്ചു. ആ ചിരിയിൽ മാധവന്റെ അഭിമാനം പുകഞ്ഞു.

"പത്രാധിപന്മാരും പത്രങ്ങളും വെററിലപാക്കുകടകൾപോലെ മുഴത്തിനു മുന്നൂറോളം നിറഞ്ഞിരിക്കുന്ന ഈ കാലത്തു 'കേരളകാമി'നിയും വല്ലാതെ വിഷമിക്കുന്നുണ്ടെന്നുള്ളതു് മി. മാധവനെപ്പോലെയുള്ളവരെ പ്രത്യേകം പറഞ്ഞറിയിപ്പിക്കേണ്ടമെന്നില്ലല്ലോ?" സ്വതസ്സിദ്ധമായ പുഞ്ചിരിയോടെ പത്രാധിപർ തുടർന്നു, "പണംകൊടുത്തു ലേഖനങ്ങളെഴുതിപ്പിക്കുവാനുള്ള കഴിവ് ഇന്നു ഞങ്ങൾക്കില്ല. പറയുന്നതിൽ വിഷമിക്കരുതു്. പുരോഗമന സാഹിത്യപരമായ പലനല്ല 'മേറററർസ്' ഞങ്ങൾക്കു ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. പണമെത്ര വേണമെങ്കിലും തരാം. ഒരു നല്ലപത്രത്തിൽ പേരടിച്ചുകണ്ടാൽ മതിയെന്നും പറഞ്ഞു കവിതകളും കഥകളും കൊണ്ടു നടക്കുന്ന യുവസാഹിത്യകാരന്മാരും കുറവല്ല. സ്ഥലച്ചുരുക്കത്താൽ എത്രയെത്ര നല്ലലേഖനങ്ങൾ ഞാൻ ചേർക്കാതിരിക്കുന്നുണ്ടെന്നു മി. മാധവനറിയാമോ?— അങ്ങിനെയിരിക്കുന്ന ഈ സന്ദർഭത്തിൽ......"

മാധവനു വീർപ്പുമുട്ടി. അയാൾ എഴുന്നേററു. "പുരോഗമനവും നിങ്ങളുടെ പത്രസ്ഥലവും" അയാൾ നടന്നു. ഒരു പച്ചച്ചിരിയോടെ പത്രാധിപരെന്തോ പറഞ്ഞു. മാധവനതു കേട്ടില്ല.

'മാതൃകാദായിനി' പ്രസിദ്ധീകരണ ശാലയിലേയ്ക്കാണു് മാധവൻ കയറിച്ചെന്നതു്. മേനേജരവിടെ ഉണ്ടായിരുന്നു.

"എന്നെ അറിയാമായിരിക്കാം–" മാധവൻ വിഷയത്തിനു മുഖവുരയിട്ടു.

"പിന്നെ അറിയുമോ എന്നോ? കൊള്ളാം. മി. മാധവനല്ലേ? ഇരിക്കാം." മാധവൻ ഇരുന്നു മേനേജർ കൂടുതൽ ഗൌരവം നടിച്ചു.

"ഞാൻ കുറെ ചെറുകഥകൾ ഒന്നിച്ചു ചേർത്തു ഒരു പുസ്തകമാക്കിയിട്ടുണ്ടു്. അതിന്റെ— '

"അതിന്റെ പ്രസിദ്ധീകരണത്തിനായിരിക്കും. അല്ലേ.?" മേനേജർ ഒരു പുസ്തകം എടുത്തു അലസമായി മറിച്ചു നോക്കിക്കൊണ്ടു ചോദിച്ചു.

"അതെ" മാധവൻ മറുപടി പറഞ്ഞു.

"ആ പുസ്തകത്തിന്റെ പകർപ്പൊന്നു വായിച്ചാൽ കൊള്ളാം. കഥകളെല്ലാം അപ്പ്ററു ഡെയിററു അല്ലെ?

"കഥകളിൽ ഒന്നു ഇതായിരിക്കും" മാധവൻ കൈയിലുണ്ടായിരുന്ന ചെറുകഥ കൊടുത്തു.

മേനേജർ ആദ്യത്തെ അഞ്ചാറു വരി വായിച്ചു. മദ്ധ്യഭാഗത്തേയ്ക്കു കണ്ണോടിച്ചു. കഥയുടെ ഒന്നുരണ്ടു വാചകങ്ങൾ വായിച്ചുനോക്കി. ആ ചെറുകഥ ഒന്നു മറിച്ചും തിരിച്ചും നോക്കി; കടയിൽ ചെന്നു ആവശ്യമുള്ള ഒരു സാധനത്തിനു വില പേശുന്നതുപോലെ. ഒരു മന്ദഹാസത്തോടെ മേനേജർ പറഞ്ഞു.

"അപ്പോൾ ഇതു ബിസ്സിനസ്സാണ്. പറയുന്നതിൽ ഒന്നും വിചാരിക്കരുത്. മി. മാധവൻ, 'മോഡേൺ സ്റ്റൈൽ' ഒന്നു വേറെയാണു. ഇതെല്ലാം 'ഓൾഡ് മോഡല'ല്ലേ എന്നു ഞാൻ സംശയിക്കുന്നു. പുരോഗമനസാഹിത്യത്തിനാണ് ഇപ്പോൾ സ്ഥാനം. നിങ്ങളുടേയെല്ലാം ആ പഴയ 'റൊമേൻസ്'' തന്നെ. പക്ഷെ അതൊന്നു 'ഇമോഷൻ' ആക്കണം. വായിച്ചാൽ ഒരു 'സെൻസേഷ'നൊക്കെ വേണ്ടേ. ഞാൻ തുറന്നുപറയാം; അച്ഛൻ മകളെ— ഏതു്?— അതിലൊരു 'എഡ്വഞ്ചറസ്സ് റൊമേൻസ്'' ഇല്ലേ?—

എന്നാൽ അതിൽ കലയില്ലേ?— തീർച്ചയായും!

മേനേജർ ചിരിയുടെ അവസാനത്തിൽ പറഞ്ഞു, കഥ സങ്കടപര്യവസായി ആയിരിക്കണമെന്നു എന്തോ ചിലർക്കൊക്കെ നിർബ്ബന്ധമാണ്. മി. മാധവൻ, നിങ്ങൾ സന്തോഷപര്യവസായിയായിട്ടുള്ള കഥകളെഴുതണം. ഇതു് കംപ്ലീററു ട്രേജഡിയാണ്. ഇന്നു കോമഡിയ്ക്കാണു നിലയും വിലയും തന്നെയുമല്ല കഥയൊന്നു പരിഷ്ക്കരിക്കണം. നിങ്ങൾക്കെന്തു തോന്നുന്നു? അവസാനം മാധവന്റെ നേർക്കായ നെട്ടനെടുങ്കൻ ചോദ്യം!

മൌനം!

"എന്താ?"

വീണ്ടും മൌനം!

പരസ്പരവിരുദ്ധമായ ആ നീണ്ട പ്രസംഗത്തിൽ നിന്നയാൾ വിരമിച്ചില്ല. അയാൾ പറയുകയാണ്.

"ലോകം ഇന്നൊരു പ്രസവവേദനയിൽ കിടന്നു ഉഴറുകയാണ്. അവർ ആശ്വാസം കണ്ടെത്തണം. കരയുന്നവർ ചിരിക്കണം! കൂടുതൽ കരയിപ്പിക്കരുത്. അതുകൊണ്ടു പുരോഗമനസാഹിത്യപരമായി; കോമഡിയിൽ കുറെ കഥകളെഴുതിക്കൊണ്ടു വന്നാൽ—"

"ഞാൻ നാളെ വന്നു കണ്ടുകൊള്ളാം." കഥവാങ്ങി മാധവൻ പുറത്തേയ്ക്കിറങ്ങി. കേൾക്കേണ്ടതെല്ലാം അയാൾ കേട്ടു. കുറെ കേൾക്കേണ്ടാത്തതും.

വാടിവിയർത്ത മുഖവുമായി മാധവൻ വീട്ടിനുള്ളിലേയ്ക്കു കയറി. കയ്യിൽ ചുരുട്ടിപ്പിടിച്ചിരുന്ന ചെറുകഥ അയാൾ തുണ്ടുതുണ്ടായി വലിച്ചുകീറി. മരക്കൊമ്പിലിരുന്ന അണ്ണാരക്കൊട്ടൻ ഇറങ്ങിവന്നു.

സന്ധ്യ കഴിഞ്ഞു. മാധവൻ എഴുതുകയാണ്. ആ മണ്ണെണ്ണ വിളക്കു മങ്ങിക്കൊണ്ടിരിക്കുന്നുണ്ടു. ലീല അവ്യക്തമായി എന്തോ എല്ലാം പുലമ്പിക്കൊണ്ടു ഒരു പതിഞ്ഞ സ്വരത്തിൽ നിലവിളിക്കുകയാണ്. പാവം വിചാരിച്ചു "ഈ വേദനയൊന്നു ശമിച്ചെങ്കിൽ!—"

മാധവനു യാതൊന്നും ശ്രദ്ധിക്കുവാൻ സമയമില്ല. അയാൾക്കു കഥകളെഴുതണം. ഒന്നോ രണ്ടോ മൂന്നോ അല്ല. ഒരു പുസ്തകത്തിനു വേണ്ടുന്ന ചെറുകഥകൾ! പണ്ടു പല പത്രങ്ങളിലായി പ്രസിദ്ധീകരി

ച്ചിട്ടുള്ളവയൊന്നും പോരാ. വയററിനുവേണ്ടി അയാൾ തൻെറ ഉന്നതങ്ങളായ ആശയങ്ങളേയും മഹത്തായ ആദർശങ്ങളേയും വില്ക്കുവാൻ പോകയാണു്. ഓ, മനുഷ്യനല്ലേ? ജീവിക്കേണ്ടേ?

പ്രസിദ്ധീകരണശാലക്കാരൻ നീട്ടിപ്പിടിച്ച പണക്കിഴിയുമായി നില്ക്കുകയാണു്. അയാൾക്കതു വാങ്ങണം. ലീലയ്ക്കു മരുന്നുമേടിക്കണം. ജനനമെടുക്കുവാൻ പോകുന്ന ഓമനസന്താനത്തിനു കളിക്കോപ്പുകളും പിന്നെ പലതും—പലതും—

ഇടയ്ക്കു മാധവൻ ഭയന്നു, "ലീല ഇന്നു പ്രസവിച്ചേക്കുമോ?— പാറു അമ്മയെ ചെന്നു വിളിച്ചാൽ വരുമോ?—" ഇരുളിൻെറ ചുരുളുകൾക്കിടയിൽ താൻ അലിഞ്ഞുപോകുന്നതായി മാധവനു തോന്നി ഉത്തരമേകുവാനാകാത്ത അനേകമനേകം പ്രശ്നങ്ങൾ അയാളുടെ മുമ്പിൽ തെളിഞ്ഞു നിന്നു. എഴുതിക്കൊണ്ടിരുന്ന ചെറുകഥയിൽ അയാൾ അറിയാതെ 'ലീല'യെന്നും 'പ്രസവ'മെന്നും 'പാറുഅമ്മ'യെന്നും എഴുതി. മാധവനു ദേഷ്യമാണുണ്ടായതു്. അയാളതു വലിച്ചു ചീന്തി. തുണ്ടുതുണ്ടായി കീറി. തെക്കു നിന്നാഗമിച്ച കാററിൽ കടലാസ്സുതുണ്ടുകൾ, മാധവൻെറ മനസ്സിലെ വിചാരപരമ്പരകൾ പോലെ പാറിപ്പറന്നു. .......മണ്ണെണ്ണ അവസാനിക്കാറായി വിളക്കു കൂടുതൽ മങ്ങിത്തുടങ്ങി. ആദ്യത്തെ കഥ—'പ്രസവവേദന'— ഇനിയും അയാൾ എഴുതിത്തീർന്നിട്ടില്ല. അതിൻെറ അവസാനം! ആ കഥയുടെ അവസാനഭാഗം!—അതാണയാൾ ചിന്തിക്കുന്നതു്........

......."ലോകം ഒരു പ്രസവവേദനയിൽ കിടന്നു ഉഴറുകയാണു്.... കരയുന്നവർ ചിരിക്കണം....പുരോഗമനസാഹിത്യം... സന്തോഷപര്യവസായി...." അയാൾ ഓർക്കുന്നുണ്ടു്. അതെ— മാധവൻ പ്രസിദ്ധീകരണശാലക്കാർക്കുവേണ്ടി ഒരു കഥയെഴുതുകയാണു്—"പ്രസവവേദന!" മാധവനും ഒരു പ്രസവവേദനയിൽക്കൂടെ പൊടിയുകയാണു്. ഒന്നല്ല ആയിരം പ്രസവവേദനയിൽക്കൂടെ!

"ഇതു നല്ല എഴുത്താണു്. കെട്ട്യോളു വെപ്രാളം കാണിക്കുമ്പൊ കെട്ട്യോൻ കത എഴുതാണു്."

മാധവൻ ഞെട്ടിത്തിരിഞ്ഞു. മറിയം പറഞ്ഞു, "എഴുത്തു മത്യാക്കി ഒന്നു ചെന്നു പാറമ്മനെ വിളിക്കിൻ!"

"കാശില്ലല്ലോ!" മാധവൻ നൊടിഞ്ഞു. മറിയം ഒന്നും പറഞ്ഞില്ല.

"എന്തു ചെയ്യും?" മാധവൻ വീണ്ടും ചോദിച്ചു.

നിശ്ശബ്ദത!

"നശിക്കട്ടെ. എല്ലാം നശിച്ചു... നശിക്കട്ടെ." മാധവൻെറ മുഖത്തിൽ കാളിമ പൂണ്ടു.

മറിയം ഭയന്നു, "ആണുങ്ങളുങ്ങനൊ ആയാ പെണ്ണുങ്ങ—" അതാ, മാധവൻെറ മങ്ങിയ മുഖത്തിൽ ആശയുടെ ഒരു പൊൻകതിർ! അയാൾ കണ്ടു;— ലീലയുടെ കഴുത്തിൽ അയാൾ കണ്ടു! മൂന്നു കൊല്ലങ്ങൾക്കു മുൻപുള്ള ഒരു മുഹൂത്തം അയാളുടെ സ്മൃതിപഥത്തിൽ തെളിഞ്ഞു. മാധവൻ ഒരു ഭ്രാന്തനെപ്പോലെ ലീലയെ സമീപിച്ചു. ആ മംഗല്യസൂത്രത്തിൽ അയാളുടെ വിറയ്ക്കുന്ന വിരലുകൾ ഓടി. ലീലയുടെ മുഖത്തു ആ ദൃഷ്ടികളുറച്ചു. അവ അശ്രുപൂർണ്ണങ്ങളായിരുന്നു. അയാളതു പൊട്ടിച്ചെടുത്തു. ലീല ശബ്ദിച്ചില്ല. മറിയം സ്തംഭിച്ചു. മാധവൻ പുറത്തേയ്ക്കോടി.

ഒരു ഭ്രാന്തനെപ്പോലെ അയാൾ എന്തോ പിറുപിറുത്തിരുന്നു. "കെട്ടതാലി!" മറിയം മടിക്കുത്തുകൊണ്ടു കണ്ണുകൾ തുടച്ചു.

......ആ വിളക്ക് അപ്പോഴും മങ്ങിമങ്ങി കത്തിക്കൊണ്ടിരുന്നു. പാറുവമ്മ വന്നു. ലീല കിടന്നു ഉരുളുകയാണ്. മറിയവും തെക്കേതിലെ കിഴവിയും അവിടെയുണ്ട്. മാധവൻ എഴുതുകയാണ്. അയാൾക്ക 'പ്രസവ വേദന' പൂർത്തിയാക്കണം. അതു സന്തോഷപര്യവസായി ആയിരിക്കയും വേണം.

"ഹാ....വൂ....!!" ആശ്വാസത്തിൻെറ തണലിൽ ഒരു മാതൃഹൃദയം വിലയം പ്രാപിച്ചു. കുട്ടിയുടെ കരച്ചിൽ കേൾക്കുവാൻ മാധവൻെറ ആശ! ആയിരമായിരം മിന്നൽപിണരുകൾ അയാളുടെ ഹൃദയത്തിൽക്കൂടെ പാഞ്ഞു. നോവേറിയ ഒരു സുഖം! അയാളൊരു പിതാവായില്ലേ?

ചെവി വട്ടംപിടിച്ചുകൊണ്ടു പൂർത്തീകരിക്കാത്ത കഥയിലേയ്ക്കു നോക്കി അയാൾ ഇരിക്കയാണ്. വിശാലമായ വിശ്വത്തിൽ താൻ ഏകനാണെന്നയാൾക്ക തോന്നി. കടലാസ്സിലെ അക്ഷരങ്ങൾ അയാൾ കണ്ടില്ല. എരിയുന്ന വയറിൻെറ ഇരമ്പൽ അയാൾ കേട്ടില്ല. അയാൾക്ക കേൾക്കണം, ശിശുവിൻെറ കരച്ചിൽ! കൈകാലിളക്കി മാതാവിൻെറ അരികിൽ കിടക്കുന്ന ഓമനക്കുട്ടനെ അയാൾക്ക കാണണം.

"ചാപ്പിള്ളയാണോ വയററാട്ട്യമ്മേ!" മാത്തൻെറ ഭാര്യയുടെ ചോദ്യം! മാധവൻെറ മസ്തിഷ്കത്തിൽക്കൂടെ ഒരു കൊള്ളിമീൻ! ഹൃദയത്തിൽ ഒരു തീക്കട്ട!!

"പെണ്ണിനു ബോധംപോലും. വേഗം വൈദ്യരെ വിളിക്കണം." പാറുഅമ്മ പ്ലതിക്കൂട്ടി. മറിയം, നിശ്ചേഷ്ടയായിക്കിടക്കുന്ന ലീലയുടെ പാദങ്ങൾ തൊട്ടുനോക്കി. അവ തണുത്തു മരവിച്ചിരിക്കുന്നു. "അയ്യോ! ഈശോ! .......ൻെറ കർത്താവേ!"

"മാധവനെ അറിപ്പിക്കണ്ടേ. വെസനിക്കും. വേഗം ഒന്നു വൈദ്യരെ" കിഴവി പറഞ്ഞു.

വൈദ്യരെക്കൊണ്ടുവന്നതു വണ്ടിക്കാരൻ മാത്തനാണ്. വൈദ്യർ ആ മൃതശരീരത്തിൻെറ നാഡി പിടിച്ചു; കണ്ണു പൊളിച്ചു നോക്കി. അയാൾക്കൊന്നും പറയുവാനില്ലായിരുന്നു. അല്ലെങ്കിലയാൾ എന്തു പറയുവാനാണു.!

മറിയം നിലവിളിച്ചു. കിഴവി ഏങ്ങലടിച്ചു. സൂതികർമ്മിണി കണ്ണുപൊത്തി; മരണവും ജനനവും കണ്ടു തഴമ്പിച്ച ആ കണ്ണുകൾ! മാധവൻ പൈശാചികമായി പൊട്ടിച്ചിരിച്ചു. അയാൾ അലറി, "കഥ സന്തോഷപര്യവസായി ആയി!"

മങ്ങിക്കത്തിക്കൊണ്ടിരുന്ന ആ ദീപമണഞ്ഞു. പെയ്തു തീന്ന മഴത്തുള്ളികൾ ലതാഗ്രങ്ങളിൽനിന്നു ഇററിററു വീണുകൊണ്ടിരുന്നു. ആകാശത്തിലൊരു ഇടിമുഴക്കം. ചീവീടുകൾ കരഞ്ഞു. അങ്ങകലെ മരക്കൊമ്പിലിരുന്നു ഒരു 'മരംദാപ്പക്ഷി'ശബ്ദിച്ചു: "കത്തിച്ചുട്;–കത്തിച്ചുട്".........
......അകത്തും പുറത്തും അന്ധകാരം കാണുന്ന ഈ മനുഷ്യൻ ഒരുടക്ക കടലാസ്സു കൈയ്യിൽ വെച്ചുകൊണ്ടു ആ ശബ്ദത്തെക്കുറിച്ചു ആലോചിക്കുകയാണ് "ജീവിതത്തിലെ പരമാത്ഥങ്ങൾ"

—0—

# സമുദായവും സാഹിത്യവും

കെ. കെ. നായർ എം. എ; ബി. ടി.

ഒരയ്യായിരം കൊല്ലങ്ങൾക്കു മുമ്പു മനുഷ്യൻ ഏതു പരിതഃസ്ഥിതികളിലാണു ജീവിതം നയിച്ചിരുന്നതെന്നു ചരിത്രരേഖകളിൽനിന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. അക്കാലത്തു മനുഷ്യൻെറ സാഹചര്യങ്ങളെന്തായിരുന്നു ; ഉപജീവനം സാധിക്കുന്നതിന്നു അവൻ പ്രയോഗിച്ചിരുന്ന വിദ്യകളെന്തായിരുന്നു; അക്കാലത്തെ ഉല്പാദനമാർഗ്ഗങ്ങളും സമ്പ്രദായങ്ങളും എന്തായിരുന്നു ; സാമൂഹ്യമായും സാംസ്കാരികമായും അവൻെറ നിലവാരം എന്തായിരുന്നു ; ഈ ചോദ്യങ്ങൾക്കെല്ലാം തന്നെ ചരിത്രം ശരിയായ ഉത്തരങ്ങൾ തന്നിട്ടുണ്ടു്.

മനുഷ്യൻ ഇന്നു ജീവിച്ചുവരുന്നതെങ്ങിനെയാണു് ; എന്തെല്ലാം സൗകര്യങ്ങൾ അവൻ അനുഭവിക്കുന്നു ; ഓരോ ഇനത്തിലും മനുഷ്യൻെറ ഇപ്പോഴത്തെ നിലവാരം എന്താണു് ? ഈ സംഗതികളിൽ അനുഭവംകൊണ്ടു തന്നെ പല കാര്യങ്ങളും നാം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. മനുഷ്യൻെറ ആദ്യകാലത്തെ അവസ്ഥയോടു അവൻെറ ഇന്നത്തെ പദവിയെ താരതമ്യപ്പെടുത്തിനോക്കുക; ഏതെല്ലാം തുറകളിൽ എത്രത്തോളം മനുഷ്യൻ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നു് അപ്പോൾ നമുക്കു വ്യക്തമാകുന്നതാണു്.

മനുഷ്യസമുദായത്തിന്നു ഇത്രയും കാലംകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വളരെ വമ്പിച്ചതാണു് ; സർവ്വപ്രധാനവുമാണു്. അവൻെറ നിത്യാവശ്യങ്ങൾ നിർവ്വഹിക്കുവാൻ ഉതകുന്ന സാധനങ്ങൾ ഇപ്പോൾ ഉല്പാദിപ്പിക്കപ്പെടുന്നതു എത്രയോ ഭിന്നമായ രീതിയിലാണു് ; ഉല്പാദനസമ്പ്രദായം എത്രയോ പരിഷ്ക്കരിച്ചിരിക്കുന്നു; വളരെയധികം കാര്യക്ഷമമായിത്തീരുകയും ചെയ്തിരിക്കുന്നു. ഉല്പാദനമാർഗ്ഗങ്ങളാകട്ടെ ഏററവും വിപുലവും പ്രകൃതിയുടെ അനേകം തുറകളിൽ വ്യാപരിച്ചുനില്ക്കുന്നവയുമായിത്തീർന്നിരിക്കുന്നു. ജീവിതസൌകര്യങ്ങൾ വർദ്ധിപ്പിക്കുവാനും, സുഖസാമഗ്രികൾ അനുഭവിക്കുവാനും മനുഷ്യന്നു കൂടുതൽ അവസരം ലഭിച്ചിരിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി മനുഷ്യൻെറ ജീവിതനിലവാരം എത്രയോ മടങ്ങുയർന്നുകഴിഞ്ഞു. സാംസ്കാരികമായും കലാപരമായുമുള്ള അവൻെറ പരിശ്രമങ്ങൾക്കു വ്യാപ്തി കൂടി. മനുഷ്യൻ വ്യാപൃതനായിരുന്ന എല്ലാ സംഗതികളിലും അവൻെറ കെൽപുകൾ വർദ്ധിച്ചു. അവൻെറ പ്രവത്തനപരിധി വിപുലമായിത്തീർന്നു. മൊത്തത്തിൽ ആദ്യകാലത്തെ അപേക്ഷിച്ചു അവൻ വളരെ കാതങ്ങൾ പിന്നിട്ടുകൊണ്ടു പുരോഗതിയിലേക്കും അഭിവൃദ്ധിയിലേക്കും ത്വരിതഗമനം ചെയ്തുകഴിഞ്ഞിരിക്കുന്നു; വീണ്ടും മുന്നോട്ടു കുതിക്കുവാനുള്ള അവൻെറ സാദ്ധ്യതകൾ വർദ്ധിക്കുകയും ആ പരിശ്രമങ്ങൾക്കനുകൂലമായ പരിതഃസ്ഥിതി

കൾ വളർന്നുവരികയും ചെയ്തിരിക്കുന്നു.

അതെ, മനുഷ്യസമുദായം ഗുഹാമനുഷ്യന്റെ കാലത്തുനിന്നും ഇന്നത്തെ അവസ്ഥയിലേക്കെത്തിക്കഴിഞ്ഞതു വളരെയധികം സമ്പാദ്യങ്ങൾ സമാർജ്ജിച്ചുകൊണ്ടാണ്; ഭാവിയിൽ സമുദായം മുന്നോട്ടു നീങ്ങുമ്പോൾ ഇനിയുമനേകം സംഗതികളിൽ ഉല്ക്കർഷങ്ങൾ നേടേണ്ടതായിരിക്കുകയും ചെയ്യുന്നു.

കുറെ ആയിരം കൊല്ലങ്ങൾകൊണ്ടു ആർജ്ജിച്ചിട്ടുള്ളതായ ഈ നേട്ടങ്ങൾ മനുഷ്യന്റെ സാമൂഹ്യമായ എല്ലാ പ്രവർത്തനങ്ങളിലും നാം ദർശിക്കുന്നു. സമുദായം സാമൂഹ്യരൂപം കൈക്കൊണ്ടതുമുതൽ അതിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ സമാഹാരത്തിൽക്കൂടിയാണു സമുദായത്തിന്റെ അഭിവൃദ്ധിയെത്തന്നെ നാം കണക്കുകൂട്ടി തിട്ടപ്പെടുത്തുന്നതും. ഓരോ ഇനത്തിലും ഉണ്ടായിട്ടുള്ള പുരോഗതിയെ പരിശോധിച്ചുകൊണ്ടു സമുദായത്തിനു മൊത്തത്തിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ നാം കണക്കാക്കുന്നു; അതുപോലെതന്നെ സമുദായത്തിന്റെ നിലവാരത്തെ പരിശോധിച്ചുകൊണ്ട് മനുഷ്യന്റെ സാമൂഹ്യപ്രവർത്തനങ്ങൾ ഓരോന്നിന്റെയും നേട്ടങ്ങളെ തിട്ടപ്പെടുത്തുകയും ചെയ്യുന്നു.

എന്നാൽ ഈ വളർച്ച പല ഘട്ടങ്ങളിൽക്കൂടിയാണു സാധിച്ചിട്ടുള്ളത്. ഓരോന്നിനും പ്രത്യേക ലക്ഷണങ്ങളും സ്വഭാവങ്ങളുമുണ്ടായിരുന്നു. സമുദായത്തിന്റെ ഇതുവരെയുള്ള ജീവിതകാലത്തെ ഏതാനും ദശകളായി വിഭജിച്ചുകൊണ്ടു, അവയുടെ ലക്ഷണനിർണ്ണയവും കാലനിർണ്ണയവും ചെയ്തുകൊണ്ടു, സമുദായചരിത്രത്തെ വിശകലനം ചെയ്തുനോക്കേണ്ടതു ഏററവും അത്യാവശ്യമാണുതാനും. ഓരോ ദശകളുമുണ്ടായിരുന്ന പ്രത്യേകതകൾ എന്തായിരുന്നു എന്നു മനസ്സിലാക്കുവാൻ ഈ പരിശോധനകൾ സഹായകമായിരിക്കും. അതാതു കാലത്തെ പ്രത്യേകതകൾ എല്ലാവിധത്തിലുമുള്ള സാമൂഹ്യപരിശ്രമങ്ങൾക്കും പ്രേരകമായിരുന്നു എന്നു കാണുവാനും ഈ പരിശോധന സഹായകമായിത്തീരും. സുഖസാമഗ്രികൾ ഉല്പാദിപ്പിക്കുന്നതിൽ ഓരോ കാലത്തും മനുഷ്യൻ ഉന്നയിച്ചിട്ടുള്ള പരിഷ്കാരങ്ങൾ പോലെ തന്നെ കലാപരമായ പരിശ്രമങ്ങളിലും അവൻ അതാതു കാലത്തു ഓരോ പുതിയ പ്രസ്ഥാനം വളർത്തിക്കൊണ്ടു വന്നിട്ടുണ്ടു. കാരണം അതാതു കാലത്തെ സാഹചര്യങ്ങൾ അവന്റെ ആശയങ്ങൾക്കു രൂപം കൊടുക്കുന്ന കാര്യത്തിലും സാരമായ പങ്കു വഹിച്ചിട്ടുണ്ട്. തത്വചിന്തയിലും കലാപരമായ പരിശ്രമങ്ങളിലും ഏർപ്പെടുമ്പോൾ പരിതഃസ്ഥിതികളുടെ പ്രതിഫലനത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ മനുഷ്യനു സാദ്ധ്യമല്ലെന്നുള്ളതാണു ഇതിന്നടിസ്ഥാനമായി നിൽക്കുന്ന പരമാർത്ഥം. സമുദായത്തിന്റെ സമഷ്ടി രൂപത്തിലുള്ള നിലനില്പ്, വളർച്ച, വികാസം, പരിവർത്തനം ഇവയെല്ലാം തന്നെ മനുഷ്യന്റെ കലാപരമായ പരിശ്രമങ്ങളിൽ സ്വാധീനത ചെലുത്തുമെന്നുള്ളതിനു സംശയമില്ല.

ഇങ്ങനെ നോക്കിയാൽ സാഹിത്യത്തിലും കലയുടെ മററുള്ള തുറകളിലും കാലാനുസൃതമായുണ്ടായി

ക്കൊണ്ടിരുന്ന മാനത്തെയും പരിഷ്കാരത്തെയും വ്യാഖ്യാനിക്കുവാൻ എളുപ്പമായിരിക്കും. സമുദായത്തിന്റെ പരിവർത്തനോന്മുഖമായ ഗതിയുടെ വെളിച്ചത്തിൽ സാഹിത്യത്തിന്റെയും ഇതരകലകളുടെയും പുരോഗതിയെയും പരിവർത്തനത്തെയും ദർശിക്കുവാൻ നാം പരിശ്രമിക്കേണമെന്നർത്ഥം. സാമൂഹ്യമായ സാഹചര്യങ്ങൾ മനുഷ്യന്റെ ആശയങ്ങൾക്കു രൂപം കൊടുക്കുന്നതുപോലെ തന്നെ, മനുഷ്യന്റെ ആശയങ്ങൾ സാമൂഹ്യമായ സാഹചര്യങ്ങളുടെ മേലും സ്വാധീനം ചെലുത്തുന്നുണ്ടെന്നും നാം മനസ്സിലാക്കണം.

സമുദായത്തിന്റെ വളർച്ചയോടൊപ്പം തന്നെ സാഹിത്യവും വളന്നുകൊണ്ടിരുന്നു. വിശ്വസാഹിത്യത്തെ പൊതുവായെടുത്താലും ഏതെങ്കിലും ഒരു സാഹിത്യത്തെ പ്രത്യേകമെടുത്താലും ഈ തത്വം വെളിവാകുന്നതാണ്.

സാഹിത്യചരിത്രം നിർവ്വഹിച്ചിട്ടുള്ള കർത്തവ്യം തന്നെ അതാതു കാലത്തെ പ്രത്യേകമായെടുത്തുകൊണ്ടു അപ്പപ്പോഴായുണ്ടായിട്ടുള്ള മാററങ്ങളെയും പരിഷ്കാരങ്ങളെയും കുറിച്ചു ചർച്ച ചെയ്യുകയെന്നതാണ്. ആദ്യകാലം തൊട്ടിന്നേവരെയ്ക്കായി, സാഹിത്യത്തിനുള്ളതായിക്കാണുന്ന പൊതു സ്വഭാവത്തെ വ്യക്തമാക്കുവാൻ സഹായിക്കത്തക്ക വിധത്തിൽ, ചരിത്രകാരന്മാർ ഓരോ ദശയെയും ലക്ഷണനിർണ്ണയം ചെയ്തു വിഭജിച്ചിട്ടുള്ളതായിക്കാണാം. ഇങ്ങിനെ സാഹിത്യചരിത്രം അണി നിരത്തിയിട്ടുള്ള രേഖകളിൽനിന്നു ഒരു സംഗതി മനസ്സിലാക്കുവാൻ കഴിയുന്നു. സാഹിത്യവും അനേകം ഘട്ടങ്ങളിൽക്കൂടി ഇന്നത്തെ അവസ്ഥയിലേക്കു പുരോഗമിക്കുകയാണു ചെയ്തിട്ടുള്ളതു്.

മലയാള സാഹിത്യത്തിന്റെ കാര്യംതന്നെ എടുക്കുക. മുന്നൂറു കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന മലയാള സാഹിത്യത്തെയല്ല നാമിന്നു പരിചയിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നതു്. മലയാളസാഹിത്യത്തിന്റെ നാളിതുവരെയുള്ള വളച്ചയിൽ, പൊതു ലക്ഷണങ്ങളായി പലതുമുള്ളപ്പോൾതന്നെ, അതാതു കാലത്തിന്റേതായ പ്രത്യേകതകളും ധാരാളമുണ്ടായിരുന്നു എന്നു നമുക്കറിയാം. പഴയ കാലത്തെ കാവ്യങ്ങളും ഏററവും അടുത്ത കാലത്തു രചിക്കപ്പെട്ടിട്ടുള്ള കാവ്യങ്ങളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കലാശില്പത്തിന്റെ കാര്യത്തിൽ മാത്രമല്ല നാം ദശിക്കേണ്ടതു്. കാവ്യസൃഷ്ടിക്കു കവിയെ പ്രേരിപ്പിക്കുന്ന ആശയങ്ങളും വിചാരങ്ങളുമാണു കാര്യമായി പര്യാലോചിക്കേണ്ടതും വിശകലനത്തിന്നു വിധേയമാക്കിയിരിക്കേണ്ടതും. സാങ്കേതികമാഗ്ഗം തീച്ചയായും പ്രധാനമാണ്; അതിന്റെ പ്രാധാന്യത്തെ ചോദ്യം ചെയ്യുകയല്ല ഭാഷയുടെ രൂപത്തിലുണ്ടായ മാററങ്ങളും, കവിസങ്കേതങ്ങൾ, അലങ്കാരങ്ങൾ, വിശേഷപ്രയോഗങ്ങൾ മുതലായവയിലുണ്ടായ പരിഷ്കാരങ്ങളും മാത്രം ചച്ച ചെയ്താൽ പോരാ, തൂലികാവ്യാപാരത്തിന്നടിസ്ഥാനമായി നില്ക്കുന്ന കവിയുടെ ആശയത്തേയും കാര്യമായെടുത്തു പരിശോധിക്കേണ്ടതാണ്.

സാമൂഹ്യപരിതഃസ്ഥിതികൾ മനുഷ്യന്റെ ആശയത്തിന്മേൽ സ്വാധീനത ചെലുത്തുന്നു; മനുഷ്യന്റെ ആ

# വിവാഹജീവിതം

ഡാക്ടർ ആഞ്ഞിലിവേൽ മാത്യു എം. ഇ. ഡി., പിഎച്ച്. ഡി.

ശൈശവാവസ്ഥയിൽ മനുഷ്യനെപ്പോലെ നിസ്സഹായനായ ഒരു ജീവിയുമില്ല. അമ്മയുടെയോ അതുപോലുള്ള ആരുടെയെങ്കിലുമോ സശ്രദ്ധമായ സംരക്ഷണം കൂടാതെ അതു ജീവിക്കുകയില്ല. ഈ പരാശ്രയഭാവം മൂലം, അവൻ അറിയാതെതന്നെ, സ്വകാര്യപ്രാധാന്യം അവൻെറ ജീവിതത്തിൽ വേരുറയ്ക്കുന്നു. ഒരു മനുഷ്യശിശുവിൽ ആർക്കും താല്പര്യം തോന്നിപ്പോകും; ഈ ലോകത്തിൽ വന്നു പിറന്നുകഴിഞ്ഞാൽ ഉടനേതന്നേ ചുററുപാടുമുള്ളവരുടെ ഹൃദയങ്ങളെ അതു കവർന്നുകഴിയുന്നു. അതിനാൽ കുഞ്ഞിനെവേണംഎന്നു ആഗ്രഹിക്കാതിരുന്ന മാതാവുപോലും, കുട്ടിയെ കണ്ടുകഴിയുമ്പോൾ പെട്ടെന്നു ആകപ്പാടെ മട്ടു മാറുന്നു. ഏററവും നിസ്സഹായമായ സ്ഥിതിയിൽ ഇരിക്കുന്ന ആ ജീവിയെക്കാണുമ്പോൾ അതിനെ സംരക്ഷിക്കയും സ്നേഹിക്കയും ചെയ്യുന്നതിനു അതിശക്തമായ ഒരു പ്രേരണ സഹജമായി അമ്മയ്ക്കു ഉണ്ടാകുന്നു. ആ കൊച്ചു കുഞ്ഞിൻെറ വികാരമാകട്ടെ, ഈ സമയത്തെല്ലാം സ്വന്തം കാര്യങ്ങളേക്കുറിച്ചു മാത്രമാണ്. അവൻ ജീവിക്കുന്ന ലോകത്തിൽ രാജാവും രാജ്യവും അവൻ മാത്രമാകുന്നു. ആംഗലേയസാഹിത്യകാരനായ ഈ. വി. ലൂക്കാസ് ആണെന്നു തോന്നുന്നു, ഒരു പൂച്ചയുടെ ചിന്താഗതിയെക്കുറിച്ചു സരസമായ ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിൽ ഗൃഹനായികയെക്കുറിച്ചു പൂച്ച പറയുന്നതു് 'എൻെറ കാര്യങ്ങൾ അന്വേഷിക്കാൻ നിയുക്തയായ ആ സ്ത്രീ' എന്നാണ്.

---

ശയങ്ങൾ സാമൂഹ്യസ്ഥിതികളെ മാററിത്തീർക്കുവാൻ സഹായിക്കുകയും ചെയ്യുന്നു; ഈ തത്വം ശരിയാണെങ്കിൽ കവി, കാലത്തിൻേറയും പരിതഃസ്ഥിതിയുടേയും സൃഷ്ടിയാണ്;* കവിയുടെ തൂലികാവ്യാപാരം പരിതഃസ്ഥിതികൾക്കും അയാൾ ജീവിക്കുന്ന കാലഘട്ടത്തിനും ചൈതന്യം ദാനം ചെയ്യുന്നു. കവിയുടെ ആശയം സാമൂഹ്യപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ഇങ്ങിനെ എല്ലാ വശങ്ങളിൽക്കൂടിയും സാഹിത്യത്തിൻെറ ഗതിയേയും രൂപത്തേയും പരിശോധിച്ചാൽ സമുദായത്തിൻെറ വളർച്ചയും സാഹിത്യത്തിൻെറ വളർച്ചയും തമ്മിലുള്ള അഭേദ്യമായ ബന്ധം വ്യക്തമാകുന്നതാണ്. സമുദായത്തിൻെറ വളർച്ചയുടെ പ്രതിഫലനം സാഹിത്യത്തിലും, സാഹിത്യത്തിൻെറ പ്രേരകശക്തി സമുദായത്തിൻെറ പരിവർത്തനത്തിലും ദർശിക്കുവാൻ നമുക്കു സാധിക്കുന്നു.

—o—

* കവി കാലത്തിൻേറയും പരിതഃസ്ഥിതികളുടെയും സ്രഷ്ടാവുമല്ലേ?—പ.

കൊച്ചുകുഞ്ഞിനും പറയാൻ കഴിയുമായിരുന്നെങ്കിൽ, ഈ പൂച്ചയെപ്പോലെതന്നെ, വീട്ടുകാര്യങ്ങൾ മുഴുവൻ തന്റെ സൗകര്യത്തിനു വേണ്ടിയാണ് എന്നു പറഞ്ഞേനേ. അവനു വിശപ്പുണ്ടാകാതിരിക്കുന്നതിന്, അവനു പനി പിടിക്കാതിരിക്കുന്നതിന്, അവന്റെ ഇഷ്ടം സാധിക്കുന്നതിന്, ഇതിനൊക്കെയാണ് ആ വീട്ടിലുള്ളവർ ജീവിക്കുന്നത്. ഈ കൃത്യങ്ങൾ ഭംഗിയായിട്ടു നിർവ്വഹിക്കുമ്പോൾ അവൻ സസന്തോഷം കൊടുക്കുന്ന മലമൂത്രാദികൾ സ്വീകരിച്ച് അവരെല്ലാം തൃപ്തിയടഞ്ഞു കൊള്ളണം. ഇതൊക്കെ സാരമില്ല. പക്ഷേ പ്രായമായാലും ഈ ചിന്താഗതി പുലർത്തിക്കൊണ്ടു പോകുന്ന ചില ആളുകളുടെ കാര്യമാണ് വലിയ തകരാറ്. 17-ാം ശതകത്തിലെ ഏറ്റവും ശക്തിയുള്ള രാജ്യമായിരുന്ന ഫ്രാൻസിലെ പ്രതാപശാലിയും, അഭിമാനിയുമായ ലൂയി 14ാമൻ "ഞാൻ തന്നേ സാമ്രാജ്യം ആകുന്നു" എന്നു പറഞ്ഞതായി കേൾവിയുണ്ട്. രാജാക്കന്മാർ മാത്രമല്ല സാധാരണ മനുഷ്യരും ഇതുപോലെ വിചിത്രമായുള്ള മനോഭാവത്തിനു വിധേയരാകാറുണ്ട്. വിവാഹം കഴിയുമ്പോൾ മുതൽ തങ്ങളേ ശുശ്രൂഷിക്കുക മാത്രമാണു ഭാര്യമാരുടെ കടമ എന്നു വിചാരിക്കുന്ന ധാരാളം പുരുഷന്മാർ ഉണ്ട്. അതുപോലെതന്നേ ഭർത്താക്കന്മാരുടെ ജോലി, ഭാര്യമാരുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കി അവരേ തൃപ്തിപ്പെടുത്തുക മാത്രമാണ് എന്നു വിചാരിക്കുന്ന സ്ത്രീകളും ഒട്ടും കുറവല്ല. ഈ ലോകം തങ്ങൾക്കായിട്ടു ഉണ്ടാക്കപ്പെട്ടതാണ്, അതു ലോകം മുഴുവൻ മനസ്സിലാക്കിയില്ലെങ്കിൽ തങ്ങളുടെ ജീവിതസഖാക്കളെങ്കിലും അറിയേണ്ടതാണ്, എന്നിങ്ങനെയുള്ള ശിശുസഹജമായ അഹംബുദ്ധി പുലർത്തിക്കൊണ്ടു പോകുന്നതു മൂലമാണു പലരുടെയും വിവാഹജീവിതം പരാജയമടയുന്നത്. തെറ്റായ ഈ മനോഭാവംകൊണ്ടുണ്ടാകുന്ന പരാജയം വൈവാഹികബന്ധങ്ങളിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ തുറകളിലും കാണാവുന്നതാണ്. മറ്റൊരു വിധത്തിൽ പറയുന്നപക്ഷം അബദ്ധജടിലമായ ഒരു തത്വചിന്ത ജീവിതലക്ഷ്യമായി ഗണിക്കുന്നതിനു ഈ ആത്മപ്രാധാന്യബുദ്ധി കാരണമായി ഭവിക്കുന്നു.

ശിശുക്കൾ, 'ഞാൻ' എന്ന ആദ്യഘട്ടത്തിൽനിന്നും 'എന്റെ' എന്ന രണ്ടാം ഘട്ടത്തിലേക്കു പ്രവേശിക്കുന്നു. ഈ പരിവർത്തനത്തിൽ, അവന്റെ താല്പര്യങ്ങൾ കുറേക്കൂടെ വിശാലമാകുന്നു. ചുറ്റുപാടുമുള്ള ലോകത്തെ സ്വാർത്ഥബുദ്ധി കുറഞ്ഞ കണ്ണുകൾ കൊണ്ട് അവൻ കാണുന്നു. അവന്നു് അമ്മയിലും, അതു കഴിഞ്ഞു അച്ഛനിലും, സഹോദരീസഹോദരന്മാരിലും താല്പര്യം ഉണ്ടാകുന്നു. കൂടാതെ കൂട്ടുകാരിലും അവനു ക്രമേണ താല്പര്യം അങ്കുരിക്കുന്നു. എന്നാൽ ഇവിടെയും പൂർണ്ണവളർച്ച പ്രാപിച്ച ഒരു അവബോധം അവനു ലഭിക്കുന്നില്ല. കാരണം ഈ താല്പര്യപ്രദർശനം സ്വാർത്ഥതാപ്രേരിതമാണ്. മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങളിലും, ആവശ്യങ്ങളിലും താല്പര്യം പ്രദർശിപ്പിക്കാതിരുന്നാൽ അവരെക്കൊണ്ടു സാധിക്കാനുള്ള പലതും നഷ്ടപ്പെടുമെന്നു അവൻ അറിയുന്നു. ഇതു മഹാമനസ്കതയോ സ്നേഹമോ അല്ല. സ്നേഹം നിസ്വാർത്ഥമാണ്. പക്ഷേ പകരം പ്രതീക്ഷിച്ചു മറ്റുള്ളവർക്കു ഗുണം ചെയ്യുന്ന ഈ സ്വഭാവം, സ്നേഹത്തിൽ നിന്നല്ല ബുദ്ധിവൈഭവത്തിൽനിന്നാ

ണം മുള പൊടിക്കുന്നതു്. ഒരാളുടെ പ്രത്യേകസത്തയ്ക്കു തുല്യമായുള്ള പ്രപ്രതികരണങ്ങൾ ഉണ്ടാകുമെന്നറിഞ്ഞു ലോകത്തെ മുഴുവൻ കാണുന്ന ആൾ ബുദ്ധിവൈഭവത്തിൽ മികച്ചു നില്ക്കുന്നു എന്നു സമ്മതിക്കണം. ലോകത്തിലെ രാഷ്ട്രങ്ങൾക്കു ഈ ബുദ്ധി അപൂർണ്ണമായ തോതിലെങ്കിലും ലഭിച്ചിട്ടുണ്ടു്. മററു രാഷ്ട്രങ്ങളുടെ ഭാഗധേയത്തെ, അലസമായി വീക്ഷിച്ചു കഴിഞ്ഞുകൂടാൻ ഒരു രാഷ്ട്രത്തിനും ഇക്കാലത്തു സാധ്യമല്ല. ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം, ഒഴിഞ്ഞു മാറി നിൽക്കാൻ ശ്രമിച്ച അമേരിക്കയ്ക്കു അതിൻെറ ദുരന്തഫലവും താമസിയാതെ അറിയാൻ കഴിഞ്ഞു. ഇതുപോലെ ചെറിയ സമൂഹങ്ങളുടെയും കുടുംബങ്ങളുടെയും ജീവിതത്തിൽ ഈ സത്യം പ്രകടമായിക്കാണാം. 'ഞാൻ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും, എന്നെ മാത്രമേ ബാധിക്കുകയുള്ളൂ' എന്നു ഏതെങ്കിലും ഒരു വ്യക്തി വിചാരിച്ചുപോയാൽ അതു അനൎത്ഥകാരണമായിരിക്കുമെന്നുള്ളതിനു സംശയമില്ല. വിവാഹജീവിതത്തിൽ സ്നേഹത്തിൻെറ പ്രവാഹവും, സസന്തോഷമുള്ള സഹകരണവും സഹജമായിട്ടു് ഉണ്ടായിരിക്കേണ്ടതാണു്. സ്വന്തകാൎയ്യം മാത്രം ഉദ്ദേശിച്ചു മറെറാരാളെ സ്നേഹിക്കാൻ ഒരുവനു സാധിക്കുമെന്നുള്ളതു വിസ്മരിച്ചുകൂടാ. സ്നേഹിക്കപ്പെടുന്ന ആളിനുവേണ്ടി സ്നേഹിക്കുക എന്നുള്ളതാണു ആദൎശം. എവിടെ സ്നേഹം, കൊടുക്കുന്നതിനേക്കാൾ ലഭിക്കുന്നതിനു ഉത്സാഹം കാണിക്കുന്നുവോ, എവിടെ സ്നേഹം കഴിവതും സ്വന്തം നിയന്ത്രണത്തിൽ വരുത്തുവാൻ ശ്രമിക്കുന്നുവോ എവിടെ സ്നേഹം സ്വാൎത്ഥമാത്രപ്രേരിതമായിരിക്കുന്നുവോ— അവിടെ വിവാഹജീവിതം വേണ്ടത്ര ആനന്ദകരമാകയില്ല. സ്വാൎത്ഥബുദ്ധിയോടു കൂടിയുള്ള സ്നേഹംപോലും, അഹംബുദ്ധിയേക്കാൾ വളരെ ഭേദമാണു്. പക്ഷേ ദാമ്പത്യജീവിതം ഏററവും ആനന്ദകരവും യോഗ്യവും ആയിരിക്കണമെന്നു താല്പൎയ്യമുള്ളവർ യഥാൎത്ഥ സ്നേഹത്തിലാണു വളരേണ്ടതു്. സ്നേഹം സ്വാൎത്ഥബുദ്ധിയോടുകൂടി ആകാമെന്നു അവർ ശരിക്കു മനസ്സിലാക്കുകയും, ഇടയ്ക്കിടയ്ക്കു ആത്മപരിശോധന നടത്തി അവരുടെ പ്രവൎത്തനങ്ങളും, ഉദ്ദേശ്യങ്ങളും സ്നേഹിക്കപ്പെടുന്ന ആളിനെക്കരുതിയാണോ, സ്വന്തം അഭിമാനമോ, ഭയമോ, ആവശ്യങ്ങളോ നിമിത്തമാണോ എന്നും നിൎണ്ണയിക്കയുംചെയ്യുന്നു .പൂൎണ്ണമായ സ്നേഹം നിർഭയവും നിസ്വാൎത്ഥവുമാകുന്നു. ഈ ലക്ഷ്യം പൂൎണ്ണമായി സാക്ഷാൽകരിക്കാൻ സാദ്ധ്യമല്ലെങ്കിലും, അതു മുമ്പിൽ കണ്ടുകൊണ്ടു പുരോഗമിക്കുന്നവരാണു ദാമ്പത്യജീവിതം വിജയപ്രദമായി നയിക്കുന്നതു്.

(തുടരും)

—o—

# രാത്രിയിൽ

ആർ. രാമചന്ദ്രൻ

പുഷ്പദളാകീർണ്ണമാകും മനോഹര–
തല്പമിതാ നിന്നരികിലെൻ കണ്മണി.
എങ്കിലുമിന്നതിൽ നിദ്രചെയ്യാൻ മുതി–
ന്നൊന്നിൽ നീ വേദന യേററാലാ മോഹിനി.
താനേയടയുമീ വാരിളം താമര–
ത്താർമിഴിയാലേറെ രമ്യമാം നിൻ മുഖം
സേവന തല്പരനാകുമെൻ മാറിൽ മ–
ജ്ജീവിതാനന്ദമേ, വൈകാതണയ്ക്ക നീ.
അല്ല മൃദുലമല്ലൊട്ടും, മെലിഞ്ഞിരു–
ണ്ടെല്ലുകൾ പൊന്തിയതാണതെന്നാകിലും
ഉണ്ടതിനുള്ളിലായ് നിന്നെയോർത്തോർത്തു പൂ–
ച്ചെണ്ടുകളെന്നുമണിവൊരു മാനസം,
രാവും പകലു മൊരുപോൽ നിനക്കയേ
ഭാവുകം പ്രാർത്ഥിച്ചിടുന്നൊരു മാനസം,
ഗാനത്തിനാൽ വേണുനാളിക പോലവേ
പ്രേമത്തിനാൽ ധന്യമാമൊരു മാനസം!
നിൻ പല്ലവാംഗകസ്പർശനമേല്ക്കുവാൻ
വെമ്പിത്തുടിയ്ക്കുകയാണതിന്നോമനേ!
ഒന്നതിൻ നേർക്കു കനിയ്ക്കുക നീ,യതിൽ
മന്ദമർപ്പിയ്ക്ക നിൻ കൊച്ചു ശിരസ്സിനെ.
എന്നിട്ടണയും കിനാക്കളാം തൻ ദീപ്തിയിൽ
മന്നിനെത്തന്നെ മറന്നുറങ്ങീടുക!
എൻ മടിത്തട്ടിൽ നിൻ കോമള മേനിയു–
മെൻ മാറിടത്തിൽ നിന്നാനനപത്മവും
ചേർത്തു ഞാനങ്ങനെ നിന്നളിവേണിയെ
പ്പേർത്തും തലോടി യുറങ്ങാതിരിയ്ക്കുവൻ.

# ജീവചരിത്രസരണി

## "വ്യാഴവട്ടസ്മരണകൾ"

### (ഒരു നിരൂപണം)

കെ. എം. ജി.

സ്വദേശാഭിമാനി കെ. രാമകൃഷ്ണപ്പിള്ളയുടെ സ്മാരകദിനം കൊണ്ടാടിയപ്പോൾ, തിരുവിതാംകൂറിൽ ആദ്യം സ്വാതന്ത്ര്യലക്ഷ്യത്തിലേക്കു മാർഗ്ഗദീപമായിരുന്ന ഒരു പുണ്യശ്ലോകനാണു് അദ്ദേഹമെന്നു പലരും ആവർത്തിച്ചു പ്രസ്താവിക്കയുണ്ടായി. പുണ്യശ്ലോകന്മാരുടെ സ്മരണയെ നിലനിർത്തുന്നതിനായി 'സ്മാരകദിനം' ആഘോഷിക്കുന്ന സമ്പ്രദായം നമ്മുടെ നാട്ടിൽ പ്രചാരത്തിൽ വരുന്നതേയുള്ളു. പ്രായേണ വിസ്മൃതിയിൽ ആണ്ടിരുന്ന രാമകൃഷ്ണപിള്ളയുടെ നാമം, പൌരസ്വാതന്ത്ര്യത്തിന്റെ പ്രഭാതരശ്മിയിൽ മിന്നിത്തിളങ്ങുന്നതായി നാം കാണുന്നു. സ്മാരകദിനാഘോഷങ്ങളെക്കാൾ സ്മരണയെ നിലനിർത്തുന്നതിനു യോജിച്ച ഒരു പ്രസ്ഥാ

---

നിദ്ര കഴിഞ്ഞു തളർന്നൊരു ശ്യാമള-
സ്നിഗ്ദ്ധനേത്രങ്ങളൊരല്പം തുറന്നു നീ
ലജ്ജാമധുരമാം മന്ദഹാസത്തൊടു
മഞ്ജുളേ, യെന്നെക്കടാക്ഷിച്ചിടുംവരെ;
ജന്നലിലൂടണഞ്ഞീടുമി പൌർണ്ണമി-
ച്ചന്ദ്രിക വിണ്ണിൽ മറയുന്നതുവരെ!

—o—

നമാണു ജീവചരിത്രരചന. മൺമറഞ്ഞ മലയാളി മഹാന്മാരിൽ പലരുടേയും ജീവചരിത്രങ്ങൾ ഇന്നുവരെയും ലഭിച്ചിട്ടില്ലെന്നതു ദുഃഖകരമായ ഒരു പരമാർത്ഥമാണ്. രാമകൃഷ്ണപിള്ളയുടെ സമ്പൂർണ്ണമായ ഒരു ജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും, അദ്ദേഹത്തിൻെറ ജീവിതത്തിലെ പ്രധാന സംഭവവിവരങ്ങൾ ഭാഗ്യവശാൽ നമുക്കു പുസ്തകരൂപത്തിൽ ലഭിച്ചിട്ടുണ്ട്. അതാണു 'വ്യാഴവട്ടസ്മരണകൾ' എന്ന പേരിൽ അദ്ദേഹത്തിൻെറ സഹധർമ്മചാരിണി ശ്രീമതി ബി. കല്യാണിയമ്മ ബി. എ., എൽ. ററി. പ്രസിദ്ധീകരിച്ചിരിക്കുന്ന ഗ്രന്ഥം— പേരുകൊണ്ടു കേവലം സ്മരണകളാണെന്നു ധ്വനിക്കുന്നുണ്ടെങ്കിലും, 1092-ൽ പ്രസിദ്ധീകരിച്ച പ്രസ്തുത കൃതി മലയാളത്തിലെ ഒന്നാമത്തെ ജീവചരിത്രമാണ് എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഈ പുസ്തകത്തിൻെറ രചനയോ, ഒരു പ്രതിജ്ഞാനിർവ്വഹണമാണു താനും. "ഞങ്ങളുടെ ദാമ്പത്യജീവിതത്തിൻെറ ഒരു ചുരുങ്ങിയ വിവരണം ദാമ്പത്യാവസാനത്തിൽ ആരാണോ അവശേഷിക്കുന്നതു് ആ ആൾ എഴുതി പ്രസിദ്ധപ്പെടുത്തണമെന്നു ഭർത്താവു പലപ്പോഴും കളിയായിട്ടും കാര്യമായിട്ടും പറഞ്ഞിരുന്നു.......എത്രയോ വ്യസനകരമായ ഈ കടമ ഭർതൃശാസനമായതുകൊണ്ടു നിർവ്വഹിക്കാതിരിപ്പാൻ ഗത്യന്തരമില്ലാതായി." എന്നാണു ശ്രീമതി കല്യാണിയമ്മ മുഖവുരയിൽ പറയുന്നതു്. ഏതായാലും ഈ മഹതിയുടെ 'ഗത്യന്തരമില്ലായ്മ' മലയാളഭാഷയിൽ ജീവചരിത്രസാഹിത്യത്തിൻെറ പ്രഥമ സന്താനത്തെ ഉൽപ്പാദിപ്പിച്ചു.

"ജീവചരിത്രസംഗ്രഹം", "സ്മരണകൾ" എന്നു രണ്ടു ഭാഗങ്ങളായിട്ടാണു വ്യാഴവട്ടസ്മരണകൾ എഴുതിയിരിക്കുന്നതു്. പുസ്തകത്തിൻെറ മൂന്നിലൊന്നോളം വരുന്ന 'ജീവചരിത്രസംഗ്രഹ'ത്തിൽ സ്മര്യപുരുഷൻെറ മരണം വരെയുള്ള ജീവിതകഥ ചുരുക്കി പ്രതിപാദിക്കയല്ല ചെയ്തിരിക്കുന്നതു്. ശ്രീമതി കല്യാണിയമ്മയുടെ ജീവിതവുമായി നേരിട്ടു ബന്ധപ്പെടുന്നതിനു മുമ്പുള്ള ചരിത്രം മാത്രമാണു അതിൽ ചിത്രീകരിക്കുന്നതു്. അതിനു ശേഷമുള്ള കാര്യങ്ങൾ ആ മഹതിയുടെ അനുഭവങ്ങളുമായി ദൃഢനിബദ്ധങ്ങളാകയാൽ 'സ്മരണകൾ' മുഖേന നമ്മെ അറിയിക്കുന്നതിനാണ് അവർ തുനിഞ്ഞിട്ടുള്ളതു്. അപ്പോൾ രണ്ടു തലക്കെട്ടുകൾ കൊടുത്തിരിക്കു

---

## അടുത്ത ലക്കത്തിൽ

★

## "ഞങ്ങളുടെ കഥ"

ശ്രീ. കൈനിക്കര കുമാരപിള്ള എഴുതിയ ഒരു ലേഖനം.

ഇതു് ഒരു ചെറുകഥയല്ല, ആത്മകഥയല്ല ; തൂലികാചിത്രവുമല്ല.

പിന്നെന്താണ് ഈ കഥ?

അടുത്ത ലക്കം നോക്കുക.

നുവെങ്കിലും, ജീവചരിത്രത്തെ സംബന്ധിച്ചിടത്തോളം, ആനുക്രമികമായുള്ള പുരാഗമനമാണു പ്രസ്തുത കൃതിയിൽ കാണുന്നതു്. ഒന്നു ഗ്രന്ഥകർത്തി നേരിട്ടറിഞ്ഞതു്, മററതു മററുള്ളവരിൽനിന്നും അറിഞ്ഞതു്-ഈ വ്യത്യാസമാണു രണ്ടു തലക്കെട്ടുകളായി പ്രത്യേകം തിരിച്ചിരിക്കുന്നതിനുള്ള അടിസ്ഥാനം.

തിരുവിതാംകൂറിൽ നെയ്യാററിൻകര താലൂക്കിലുള്ള ഒരു പ്രസിദ്ധ നായർകുടുംബാംഗവും, മാർത്താണ്ഡവർമ്മ യുവരാജാവിനെ ശത്രുബാധയിൽനിന്നു രക്ഷിച്ച ആളുമായ മല്ലൻകാരണവരുടെ വംശജനായ രാമകൃഷ്ണപ്പിള്ള 1053-ാമാണ്ടു് ഇടവമാസം 16-ാം തിയ്യതി ഭൂജാതനായി. മൂന്നാം ഫാറം വരെ നെയാററിൻകരെ പഠിച്ച ശേഷം, തിരുവനന്തപുരത്തുള്ള രാജകീയപാഠശാലയിൽ അധ്യയനം തുടൎന്നു. അങ്ങിനെ എഫ്. എ. ക്ലാസ്സു വരെ തടസ്സം കൂടാതെ പഠനം നടത്തി. എന്നാൽ എഫ്. എ. പരീക്ഷയിൽ തുടൎച്ചയായി മൂന്നു വൎഷം തോററു. അതിനു കാരണം അദ്ദേഹത്തിനു പിടിപെട്ട 'പത്രഭ്രാന്തു്' ആണെന്നുള്ളതു പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരു കണക്കിൽ ബി. എ. ക്ലാസ്സിൽ പ്രവേശിച്ചുവെങ്കിലും, ലേഖനവ്യവസായത്തിലുള്ള അമിതമായ ഭ്രമം അദ്ദേഹത്തെ അധ്യയനവിഷയത്തിൽ അശ്രദ്ധനാക്കിത്തീൎത്തു. ഇക്കാലത്തു പല പത്രങ്ങൾക്കും ലേഖനദാനം ചെയ്തുവെന്നതു കൂടാതെ 'കേരളദൎപ്പണം' എന്ന പത്രത്തിൻെറ ആധിപത്യം സ്വീകരിക്കുകപോലും ചെയ്തിരുന്നു. കഥാനായകൻ ഇപ്രകാരം പഠിപ്പിനു വിഘ്നം വരുത്തുന്ന ഒരു ജോലിയിൽ അനുമതി കൂടാതെ പ്രവേശിക്കയാൽ കോപിഷ്ഠനായ അമ്മാവൻ അദ്ദേഹത്തെ സ്വഗൃഹത്തിൽനിന്നും ബഹിഷ്കരിച്ചു. ക്രമേണ രാഷ്ട്രീയവും, സാമുഹ്യവുമായുള്ള മണ്ഡലങ്ങളിൽ അദ്ദേഹത്തിൻെറ ലേഖനങ്ങൾ മൂൎച്ചയുള്ള ആയുധമായിപ്പരിണമിച്ചു. 1907-ൽ സ്വദേശാഭിമാനി പത്രത്തിൻെറ അധിപരായി. മൂന്നു വൎഷങ്ങൾക്കുള്ളിൽ തിരുവിതാംകൂറിൽനിന്നു നാടുകടത്തപ്പെട്ടു. അതിൻെറ ശേഷം, പല വിധത്തിലുള്ള അനുഭവങ്ങളിൽക്കൂടെ കടന്നു പോയ ചരിത്രപുരുഷൻ ഒരു ക്ഷയരോഗിയായിത്തീൎന്നു. ഒടുവിൽ കണ്ണൂരിൽ വെച്ചു്......ഇഹലോകവാസം വെടിയുകയും ചെയ്തു.

സംഭവബഹുലമായ ഈ ചരിത്രത്തിൻെറ പ്രധാന ഭാഗങ്ങൾ ഹൃദയസ്പൃക്കമാംവിധം 'വ്യാഴവട്ടസ്മരണകളിൽ, പ്രതിപാദിച്ചിട്ടുണ്ടു്. ഒരു വ്യക്തിയുടെ ജീവിതകഥ രണ്ടു വിധത്തിൽ പ്രകാശിപ്പിക്കാൻ കഴിയുന്നതാണു്. അയാൾ തന്നെയെഴുതുന്ന പക്ഷം അതു് 'ആത്മകഥ'യെന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതു് ആത്മപരമാകയാൽ ഇതിന്നു ചില ദോഷങ്ങളും ഗുണങ്ങളുമുണ്ടു്. വസ്തുനിഷ്ഠമായ രീതിയിൽ ചരിത്രനായകനെപ്പററി പഠിച്ചശേഷം മറെറാരാൾ എഴുതുന്ന ഗ്രന്ഥത്തിനു, ജീവചരിത്രം എന്ന സംജ്ഞയാണു നാം കൊടുക്കുന്നതു്. ഇവ കൂടാതെ ജീവിതപ്രതിബിംബികളായ രണ്ടു ചെറിയ പ്രസ്ഥാനങ്ങൾകൂടെ ഇല്ലാതില്ല. അതിൽ ഒന്നായ 'തൂലികാചിത്രം' സാധാരണ ജീവചരിത്രത്തോളം പൂൎണ്ണമല്ലെങ്കിലും വസ്തുനിഷ്ഠമായ അവലോകനം മൂലം പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണു്. തൂലികാചിത്രകാരൻ കഥാനായകൻെറ സ്വ

ഭാവത്തിലും ജീവിതഗതിയിലുമുള്ള ഒന്നോ രണ്ടോ പ്രത്യേക ഗുണങ്ങളും ദോഷങ്ങളും പ്രകടമായി ചിത്രീകരിക്കുന്നതിനു മാത്രം ശ്രമിക്കുന്നു. ജീവചരിത്രാംശം ആവിഷ്കരിക്കുന്ന മറെറാരുപാധിയാണു സ്മരണകളുടെ പ്രസിദ്ധീകരണം. ഇതു് ആത്മപരമായും അന്യപരമായും രണ്ടുംകൂടെ ഇടകലന്നും ആകാവുന്നതാണു്. കഥാനായകൻെറ ജീവിതമർമ്മങ്ങളെ സ്പർശിക്കുന്ന ചില സംഭവങ്ങൾ ഹൃദയാവർജ്ജകമായി പ്രതിപാദിക്കുന്നതിനാണു സ്മരണകൾ സാധാരണ ഉപയോഗപ്പെടുന്നതു്. എങ്കിലും ആത്മീയാംശത്തിൻെറ പ്രാധാന്യംകൊണ്ടു പലപ്പോഴും സ്മരണകളെ 'ആത്മകഥ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. 'സ്മരണകൾ' എന്ന പദം തന്നെ ആത്മീയാംശത്തിൻെറ പ്രാധാന്യത്തെ സൂചിപ്പിക്കുന്നുണ്ടു്.

മറെറാരാളെക്കുറിച്ചു സ്മരണകളെഴുതണമെങ്കിൽ ചരിത്രകാരൻെറയും ചരിത്രനായകൻെറയും ജീവിതങ്ങൾ തമ്മിൽ അടുത്ത ബന്ധം ഉണ്ടായിരിക്കണം. പ്രൊഫസർ എ. ആർ രാജരാജവർമ്മയെക്കുറിച്ചു ശ്രീ. പി. അനന്തൻ പിള്ള എഴുതിയിരിക്കുന്ന ജീവചരിത്രം—'കേരള പാണിനി'—പ്രായേണ സ്മരണകളാണു്. പക്ഷേ, അവർ തമ്മിലുള്ള ബന്ധം കുറച്ചുനാളത്തേക്കു മാത്രം നിലനിന്നിരുന്ന ഗുരുശിഷ്യബന്ധമാണു്. ഒരു ജീവചരിത്രം എന്ന നിലയിൽ നോക്കുമ്പോൾ 'കേരളപാണിനി'യിൽ ആത്മീയാംശം കുറച്ചധികമായിപ്പോയി എന്നു തോന്നാതിരിക്കയില്ല. നിരൂപണ വിഷയമായ 'വ്യാഴവട്ടസ്മരണകൾ' ഏതു വിഭാഗത്തിലുൾപ്പെടുന്നുവെന്നു നോക്കാം. ഇക്കാര്യത്തിൽ ഗ്രന്ഥനാമത്തേക്കാൾ ഗ്രന്ഥത്തിൻെറ പ്രതിപാദനരീതിയാണല്ലോ നാം നോക്കേണ്ടതു്. വ്യാഴവട്ടസ്മരണകൾ എന്ന പേരുകൊണ്ടു ഗ്രന്ഥകർത്രിക്കു ഒരു വ്യാഴവട്ടക്കാലം ഉണ്ടായിട്ടുള്ള അനുഭവങ്ങളുടെ സ്മരണകളാണു് എന്നു ധ്വനിക്കുന്നു. പക്ഷേ, ശ്രീമതി കല്യാണിയമ്മ ഒരു ആത്മകഥയെഴുതുന്നതിന്നോ, ആത്മീയാംശം പൊന്തി നില്ക്കുന്ന ഒരു സ്മരണമണ്ഡലം തയ്യാറാക്കുന്നതിന്നോ അല്ല ശ്രമിച്ചിട്ടുള്ളതു്. ഈ കൃതി ഒരു ആത്മകഥയാണെന്നു അഭിപ്രായപ്പെടുന്നവർ ഇല്ലാതില്ല. പക്ഷെ, ശ്രദ്ധിച്ചു വായിക്കുന്ന പക്ഷം ഇതു കെ. രാമകൃഷ്ണപിള്ളയുടെ ഒരു ജീവചരിത്രമാണെന്നും, അതിനുള്ള പ്രധാനാവലംബം പ്രായേണ ഗ്രന്ഥകർത്രിയുടെ സ്മരണകളാണെന്നും മനസ്സിലാകും. ഗ്രന്ഥകർത്രിയുടെ ജീവിതം ചരിത്രനായകൻെറ ജീവിതവുമായി പിരിയാൻ പാടില്ലാത്തവണ്ണം ചുററിപ്പിണഞ്ഞുകിടന്നിരുന്നുവെങ്കിലും, ആത്മീയാംശം കഴിയുന്നിടത്തോളം അകററി നിത്തുന്നതിനു അവർ ശ്രദ്ധിച്ചിട്ടുണ്ടു്. ഈ ജീവചരിത്രം മുന്നാമതൊരാൾ എഴുതിയാലും 'വ്യാഴവട്ടസ്മരണ'യിലെ പ്രതിപാദ്യത്തിൽനിന്നും ഒന്നും വെട്ടിക്കുറയ്ക്കുന്നതിനുണ്ടായിരിക്കയില്ല. കാരണം, ശ്രീമതി കല്യാണിയമ്മ സ്വകാര്യമായി ചിലതു പറയുന്ന സന്ദർഭങ്ങൾ ഈ കൃതിയിൽ രണ്ടോ മൂന്നോ മാത്രമേയുള്ളു. അതുകൊണ്ടു് വ്യാഴവട്ടസ്മരണകൾ ആത്മകഥയോ, ജീവചരിത്രമോ എന്ന പ്രശ്നത്തിന്നു് ഉത്തരം കൊടുക്കാൻ പ്രയാസമില്ല. അതു് ഒരു ജീവചരിത്രമാണു്; പക്ഷെ, ആത്മകഥയുടെ ആകർഷകത്വവും, മാധുര്യവും ഇതിനു ലഭിച്ചിട്ടുണ്ടെന്നു മാത്രം.

# വൈലോപ്പിള്ളിക്കവിത

എ. പി. രാമൻ നായർ

രചനാരീതിയിൽ വൈലോപ്പിള്ളിക്കു വള്ളത്തോൾക്കവിതയുമായടുപ്പമുണ്ടു്. വൈലോപ്പിള്ളിയ്ക്കുന്ന പോലെ വെണ്ണിക്കുളത്തിനുമുണ്ടീയടുപ്പം. മററു ചിലക്കു കൂടി ഇക്കാര്യത്തിൽ മഹാകവിയോടു കടപ്പാടുണ്ടെന്നു സാഹിതീരസികന്മാർ കണ്ടിരിക്കും. അതവിടെ നില്ക്കട്ടെ.

കവിയുടെ ലോകനിരീക്ഷണത്തിലും ആശയഗതിയിലും വൈലോപ്പിള്ളിക്കു വള്ളത്തോളിനോടു് ആത്യന്തികമായ അടുപ്പമുണ്ടോ? വള്ളത്തോളിന്റെ ദേശീയതത്വവും അതിൽ നിന്നുതിർന്ന രാഷ്ട്രീയഗാനങ്ങളും, കേരളത്തെ ഇന്ത്യയുടെ ഇതരഭാഗങ്ങളോടൊപ്പം പുരോഗമിക്കുവാൻ സഹായിച്ച അനേക ഹേതുക്കളിലൊന്നാണു്. ദേശാഭിമാനോത്തേജകങ്ങളായ ആ ഗാനതല്ലജങ്ങൾ, അടിമത്തത്തിൽ അലസരായിക്കഴിഞ്ഞിരുന്ന കേരളീയരുടെ കണ്ണു തെളിയിച്ച പവിത്രമന്ത്രങ്ങളാണു്. സ്വാതന്ത്ര്യ

---

കഥാനായകന്റെ സഹധർമ്മിണി തന്നെ ചരിത്രരചന നിർവ്വഹിച്ചിരിക്കുന്നതിനാൽ പല ഗുണങ്ങളും ചില ദോഷങ്ങളും ഈ ഗ്രന്ഥത്തിനുണ്ടായിട്ടുണ്ടു്. എന്നാൽ ഈ നിലയിലുള്ള ഒരു സാധാരണ എഴുത്തുകാരനെ വഴി പിഴപ്പിക്കുമായിരുന്ന ദോഷങ്ങൾ ശ്രീമതി കല്യാണിയമ്മയെ ബാധിച്ചിട്ടില്ല. അന്തസ്സിന്നും അഭിമാനത്തിന്നും ചേരുന്നതാണോ എന്നു പരിശോധിച്ചതിനു ശേഷമല്ല അവർ കാര്യങ്ങൾ പ്രതിപാദിക്കുന്നതു്. ഉണ്ടായ സംഭവങ്ങൾ ആത്മാർത്ഥതയോടുകൂടി പ്രകാശിപ്പിക്കുകയാണു ആ മഹതിയുടെ ഉദ്ദേശ്യം. ഹൈസ്കൂൾ ക്ലാസ്സുകളിൽവെച്ചു കഥാനായകനു 'മന്ദൻ' എന്ന ബിരുദം ലഭിച്ചതും, തലയിണശീലപോലുള്ള കുപ്പായം ധരിക്കയാൽ ആക്ഷേപശരങ്ങളേററതും, മൂന്നു കൊല്ലം എഫ്. എ. പരീക്ഷയിൽ തോററതും, പ്രണയ സന്ദേശങ്ങൾ അഭിനിവേശത്തോടെ എഴുതി അയച്ചതും മററും മറയ്ക്കുന്നതിനോ, കുറയ്ക്കുന്നതിനോ യാതൊരു ശ്രമവും അവർ ചെയ്തുകാണുന്നില്ല. "ഞങ്ങളുടെ വിവാഹകർമ്മമാകട്ടെ ബന്ധുമിത്രാദികൾ ആഗ്രഹിച്ച പ്രകാരം മംഗളകരമായിരുന്നില്ല" എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ പ്രകടമാകുന്ന ആത്മാർത്ഥതയും, ആർജ്ജവവും ആരേയും ആകർഷിക്കുന്നതാണു്. പരാജയങ്ങൾക്കു കനം കുറയ്ക്കുന്നതിനോ, വിജയങ്ങൾക്കു തെളിച്ചം വർദ്ധിപ്പിക്കുന്നതിനോ, ഒരിക്കലും ഗ്രന്ഥകർത്രി ഒരുമ്പെടുന്നില്ല. ഇതാണു 'വ്യാഴവട്ടസ്മരണ'കളിൽ എന്നെ സ്പർശിച്ച ഒരു പ്രത്യേക മേന്മ. ഈ ഗുണം ഇത്രത്തോളം തെളിഞ്ഞുകാണുന്ന മറെറാരു മലയാളഗ്രന്ഥമുണ്ടോ എന്നു കൂടി ഞാൻ സംശയിക്കുന്നു.

(തുടരും)

തിനുവേണ്ടി പടപൊരുതുവാനും അരങ്ങേറിവരുന്ന പുതുയുഗത്തിനോടിണങ്ങിപ്പോകുവാനും നമുക്കാവേശം നൽകിയവയാണവ. ജീവിതമൂല്യങ്ങളോടൊപ്പം ജീവിതാവശ്യങ്ങളും നേടുവാൻ ആ കവനങ്ങൾ ആഹ്വാനമരുളിയെന്നു് ചുരുക്കം. മറിച്ച്, വൈലോപ്പിള്ളിയുടെ 'ദേശാഭിമാനം' തന്നെയെന്നുൽഘോഷിക്കപ്പെടുന്ന

"അറിയുമേ ഞങ്ങ,ളറിയും നീതിയും
നെറിയും കെട്ടോരീപ്പിറന്ന-നാടിനെ !
അതിഥികൾക്കെല്ലാ മമരലോകമീ-
ക്കിതവി ഞങ്ങൾക്ക നരകദേശവും
.... .... ...
അറിയുമേ ഞങ്ങ,ളറിയും നീതിയും
നെറിയും കെട്ടോരിപ്പിറന്ന-നാടിനെ !"

എന്ന 'ആസ്സാം പണിക്കാരു'ടെ ആവലാതി ഇതിൻ വിധമാണവസാനിക്കുന്നതു്.

"ജനിച്ചനാടുവി,ട്ടകലെ യാ് സ്സാമിൽ
പണിക്കുപോയ്‌വരും പരിഷകൾ ഞങ്ങൾ
.... .... ....
അറിയുമേ ഞങ്ങളറിയുമീനാടു
നരകമാക്കിടും നരകീടങ്ങളെ.
പഹയന്മാരോടുപകരം വീട്ടട്ടെ
പകയിൽ നീറന്ന വരുന്ന കാലങ്ങൾ
ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽ-ത്താ-
നിനിയും ജീവിതം പടുത്തുകിൽ-പ്പോരും.
ഉദരത്തിൻപശി കെടുത്താൻപോയ് ഞങ്ങൾ.
ഹൃദയത്തിൻ വിശപ്പടക്കുവാൻ-പോന്നു.
നിറഞ്ഞിരിക്കിലും ദരിദ്രമീരാജ്യം,
നിറന്നിരിക്കിലും, വികൃത,മെങ്കിലും
ഇവിടെ സ്നേഹിപ്പാ,നിവിടെയാശി-പ്പാം-
നിവിടെ ദുഃഖിപ്പാൻ കഴിവതേ-സുഖം !
.... .... ....
പണക്കിഴി ചൊട്ടിപ്പലരും ഞങ്ങ-ളിൽ
പനിപ്പൊതികളായ് വരുന്നുവെങ്കിലും
പുനഃസമാഗമക്കുളിർമതാനിന്നൊ-
രനർഘസമ്പത്തി,നമുക്ക സമ്പുഷ്ടി!"

മുകളിൽ നാം കാണുന്ന വൈലോപ്പിള്ളി, രാഷ്ട്രീയഗാനങ്ങളെഴുതിയ വള്ളത്തോളിനേക്കാൾ പുരോഗമിച്ച ഒരു കവിയാണോ? തങ്ങളുടെ അതിരററ ശോചനീയ സ്ഥിതിയിൽ അരിശം കൊള്ളുന്ന ആസ്സാം പണിക്കാർ അവസാനം തിരിച്ചെത്തുമ്പോൾ ദുർവിധിക്കും കഷ്ടപ്പാടിനും പരിതൃപ്തിയോടെ ഇരയാകാൻ സ്വയം തയ്യാറാകുന്നതായിട്ടാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളതു്. ഈ രണ്ടാമത്തെ ചിത്രം മറച്ചുവെച്ചുകൊണ്ടു്, ആസ്സാം പണിക്കാരുടെ 'അമർഷം കൊള്ളൽ' വൈലോപ്പിള്ളിയുടെ ദേശാഭിമാനമാണെന്നു് സിദ്ധാന്തിക്കുന്നതു് സമഞ്ജസമാണോ ? ആ 'അമർഷം കൊള്ളൽ' അവരെ കത്തവ്യോന്മുഖരാക്കുന്നില്ലെങ്കിൽ ആ ദേശാഭിമാനത്തിനു എന്തു വിലയാണു്? കത്തവ്യോന്മുഖരാക്കുകയെന്നതുകൊണ്ടു് വർഗ്ഗസമരപ്രഖ്യാപനമല്ല ഇവിടെ വിവക്ഷിക്കുന്നതു്. അതു് മററു ചില രാഷ്ട്രീയ 'കവിക'ളുടെ ലക്ഷ്യമാണു്. ജനകീയകവി മുഖ്യനായ ജി. ശങ്കരക്കുറുപ്പിന്റെ കവിതകളെ

ങ്ങത്തരുണത്തിൽ സ്മരിച്ചാൽ മതിയാകും. ഇതിനെല്ലാം പുറമേ, സാമാന്യജനങ്ങളുടെ മനശ്ശാസ്ത്രത്തിൽ വൈലോപ്പിള്ളിയ്ക്കുള്ള ജ്ഞാനവും, സാമാന്യജനത ഇന്നും പാരമ്പര്യത്തിലാണു ജീവിയ്ക്കുന്നതെന്ന അദ്ദേഹത്തിൻെറ മതവും എത്രമേൽ വകവെച്ചുകൊടുത്താലും, ഇക്കാര്യത്തിൽ —ആസ്സാം പണിക്കാരെസംബന്ധിച്ചിടത്തോളം— അദ്ദേഹത്തിന് പിഴപററിപ്പോയെന്നു തോന്നുന്നു. അവരേക്കുറിച്ചുള്ള മേൽപ്പറഞ്ഞ കവിത അവരുടെ സങ്കീർണ്ണമായ പ്രശ്നത്തോട് നീതികാണിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ജനിച്ച നാടിനേയും അവിടുത്തെ കെടുതികളേയും പഴിപറഞ്ഞുകൊണ്ട് വിറളി പിടിച്ച് ആസാമിലേയ്ക്ക് വിരണ്ടോടുന്നതു് 'വയററീപ്പിഴ'പ്പിനു വഴി തേടുന്നതു്'' വിപല്ക്കരമാണെന്നാണ് കവി പരോക്ഷമായി സമർത്ഥിയ്ക്കുന്നതു്. സ്വന്തം നാട്ടിലെ അനന്തങ്ങളായ കഷ്ടപ്പാടുകളും അരിഷ്ടതകളും തങ്ങളുടെ യോഗമാണെന്ന് കവി അവരേക്കൊണ്ടു സ്വയം സമ്മതിപ്പിയ്ക്കുന്നു. അങ്ങിനെ, ആ കവിത, വെറും വേദാന്തിയുടെ 'വാതിലിൽ മുട്ട്'ലാണെന്നു് പറയാം. നാളിതുവരെ അനേകം കവികൾ ആവത്തിച്ചു പറഞ്ഞിട്ടുള്ള ആവിധിവിശ്വാസവും പാരമ്പര്യപ്രിയവുമാണ് അതിൽ ആവിഷ്കരിയ്ക്കപ്പെട്ടിട്ടുള്ളതു്. രണ്ടാമത്തെ ചിത്രത്തിന് മിഴിവു കൂട്ടുവാൻ മാത്രമേ ആദ്യത്തെ പരാതി— അമർഷം കൊള്ളാൽ—ഉപകരിയ്ക്കുന്നുള്ളു. വളരെ പഴക്കമുള്ളതും അപകടം പിടിച്ചതുമായൊരു തത്വം വീണ്ടും പറഞ്ഞുറപ്പിയ്ക്കുക മാത്രമാണിവിടെ കവി ചെയ്യുന്നതു്. ഈയൊരു തത്വമാണ് പൌരസ്ത്യരുടെ ജീവിതം ഇതുവരെ നിലനിത്തിപ്പോന്നതെന്ന് ഒരു പടിഞ്ഞാറൻ പ്രൊഫസർ പറഞ്ഞിട്ടുണ്ട്. പക്ഷെ, ആ അഭിപ്രായം ഇന്നു വിലപ്പോവുകയില്ല. എന്തായാലും, സാമാന്യജനങ്ങളുടെ അളവററ കഷ്ടപ്പാടുകളുടെ കാഴ്ചപ്പാടിൽ കൂടി നോക്കുമ്പോൾ, തികച്ചും വികലമായൊരു വീക്ഷണഗതിയിൽ വൈലോപ്പിള്ളിയുടെ ദേശാഭിമാനമൊന്നുമില്ല. ഉണ്ടെങ്കിൽ, തീർച്ചയായും ആ ദേശാഭിമാനത്തിന് ''പത്തിരുപതുകൊല്ലം പഴക്കമുള്ള വിചാരലോകത്തിൽ ജീവിയ്ക്കുന്ന വെണ്ണിക്കുള''ത്തിൻെറയോ, കുറെ അധികം പഴക്കമുള്ളൊരു വിചാരലോകത്തിൽ വിഹരിയ്ക്കുന്ന പി. കുഞ്ഞുരാമൻ നായരുടേയോ ദേശാഭിമാനത്തോടു — വീക്ഷണഗതിയോട്— ആത്യന്തികമായ പൊരുത്തമുണ്ട്. സമകാലികപ്രശ്നങ്ങളെടുത്തു പെരുമാറുന്ന കവി വളരെ സൂക്ഷ്മമായി പരിചിന്തിച്ച്, ത്യാജ്യഗ്രാഹ്യങ്ങളെ കാലേനിർണ്ണയിച്ചെടുക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ, ഉപകാരത്തേക്കാളേറെ അപകാരമായിരിയ്ക്കും ഫലം. ഇക്കാര്യത്തിൽ 'ജി' നമ്മുടെ ജനകീയകവികൾക്കൊരു വഴികാട്ടിയത്രേ. വൈലോപ്പിള്ളിക്കവിതയെ ഇന്നുവരെ ആരും എതിർത്തിട്ടില്ലെന്നും, സ്തുതിഗീതങ്ങൾ കൊണ്ടു, 'കന്നിക്കൊയ്ത്തി'ൻെറ കർത്താവു വീർപ്പുമുട്ടിയിരിയ്ക്കയായിരിയ്ക്കുമെന്നും മനസ്സിൽ വെച്ചുകൊണ്ടാണു ഞാൻ ഇതെഴുന്നതു്. വൈലോപ്പിള്ളിയുടെ കവനകലാ വൈഭവം കണ്ടറിയാത്തൊരാളാണീലേഖകൻ എന്ന് വരുന്നില്ലല്ലോ.

വള്ളത്തോറം പരിപൂൎണ്ണമായ ദേശീയത്വത്തിൽ അവസാനിച്ചേടത്തുവെച്ച്, വൈലോപ്പിള്ളി സാൎവ്വദേശീയത്വത്തിൽ നിന്നു് ആരംഭിക്കുന്നതിനൊരുദാഹരണമായി 'ആയിരത്തൊന്നു രാവുകറം' എന്ന കവിതയെ എണ്ണാവുന്നതാണോ? താൻ ബാലനായിരുന്നപ്പോറം കവിയെ ആകൎഷിച്ച ഒരു കഥാപുസ്തകമെന്നതിൽക്കവിഞ്ഞു് 'അറബിക്കഥ'യ്ക്കുള്ള മെച്ചമാണു്? പല കവികളും ബാല്യകാലസ്മരണകറം കവിതയിൽ പകൎത്തിയിട്ടുണ്ടു്. '1001 രാവുകറം' അത്തരമൊരു ബാല്യകാലസ്മരണയാണെന്നു പറയാം— കലാഭംഗിയോടെ പ്രകാശിതമായ മധുരമായൊരു ബാല്യകാലസ്മൃതി. മറിച്ചൊന്നൊരാളുടെ സാൎവ്വദേശീയത്വത്തിനു് അറബിക്കഥയെ ഉദാഹരിക്കണമെന്നു വരുന്നതു പരിതാപകരമാണു്. തീൎച്ചയായും അതിനു ആഴമേറിയ മററു കഥകറം —കൃതിപ്രകാണ്ഡങ്ങറം— തേടേണ്ടിവരും. വൈലോപ്പിള്ളിയുടെ സാൎവ്വദേശീയത്വത്തിനു തൽക്കവിതകളിൽ തന്നെ വേറേ ചിലതു പരിശോധിക്കേണ്ടിയിരിക്കുന്നു.

കാലം ഒരു കവിയുടെ ആശയത്തെ മറെറാരു കവിയിൽ വികസിപ്പിക്കുക സ്വാഭാവികമാണു്. എന്നാൽ,

ഛീ! വൎത്തമാനത്തെയിട്ടു—
ചീയിക്കയോ
ഭാവിക്കടയ്ക്കൽ വളംവെച്ചു—
കൊള്ളുവാൻ

എന്നു് 'അമ്മാവ'നായ വള്ളത്തോളും

ഭാവിയ്ക്കു താൻ കരുതിവെച്ചതു—
വിററഴിച്ചു
പൂവിട്ടതാരമണിയാ രമണീയ—
ഭുവിൽ
ജീവിയ്ക്കുണം നിമിഷമൊന്നി—
ലനേക ജന്മം
ഹാ! വിശ്വമോഹിനി ചിരിച്ചു—
തരിച്ചു തുള്ളി
(നൎത്തകി)

എന്നു് 'അനന്തിരവ'നായ വൈലോപ്പിള്ളിയും പാടുന്നതു വാസ്തവത്തിൽ സാഹിത്യലോകത്തു അചുംബിതമായൊരാശയമൊന്നുമല്ല. പാശ്ചാത്യരും പൗരസ്ത്യരുമായ പല പൂൎവ്വസൂരികളും പലവുരു പറഞ്ഞിട്ടുള്ളതും, ഭാഷയിൽ തന്നെ ചിലർ പരിഭാഷകറം വഴിയ്ക്കേററു പാടിട്ടുള്ളതുമായൊരു തത്വമാണതു്. പരമാൎത്ഥത്തിൽ, കുറേക്കൂടി ചുഴിഞ്ഞാലോചിച്ചാൽ സവിശേഷമായൊരു തത്വചിന്താപദ്ധതിയിൽ ചെന്നു് കൊടികുത്തുന്നൊരു വീക്ഷണഗതിയാണതു്. 'വൎത്തമാനത്തെ നമ്മുടെ എല്ലാ കഴിവുകളുമുപയോഗിച്ചു ആസ്വദിക്കുക' എന്നതു 'അമ്മാവ'ൻെറ ആശയത്തെ, കാലം 'അനന്തിരവ'നിൽ വികസിപ്പിച്ചതാണെന്നു നല്ല സാഹിത്യ പരിചയമുള്ളവർ അഭിപ്രായപ്പെട്ടു കേറംക്കുമ്പോറം ചിരി വന്നുപോകുന്നു. ഈ വിഷയത്തെക്കുറിച്ചു നമ്മുടെ ഒന്നാം കിടയിൽപെട്ട ഒരു കവിയും നിരൂപകനും തമ്മിൽ അഭിപ്രായ വ്യത്യാസത്തിലെത്തിയതു വായനക്കാരിൽ ചിലരെങ്കിലുമോൎക്കുന്നുണ്ടായിരിക്കും. പുറമേ, 'നൎത്തകി'യിലെ, ജീവിക്കലിനെക്കുറിച്ചു സവിശേഷമായൊരവലോകനസരണിയെ പ്രകാശിപ്പിക്കുന്ന, സൂക്ഷ്മവും സുന്ദരവുമായ കഥ പ്രസിദ്ധനായൊരാംഗല സാഹിത്യകാരൻെറ സൃഷ്ടിയാണു്.

വൈലോപ്പിള്ളിയുടെ ദൃഷ്ടിയിൽ ക്ഷേത്രപരിശുദ്ധി എന്നൊന്നില്ല എന്നു സമൎത്ഥിക്കുവാൻ താഴെക്കാണുന്ന

വരികാം മതിയാകുന്നതല്ല.

" ഉത്സവം നടക്കയാണമ്പല-
മുററത്തുയ-
ന്നുജ്ജ്വലൽ ദീവെട്ടികളിളക്കം
വെളിച്ചത്തിൽ
.... .... .... .... .... ....
വാദ്യമേളത്തിൽ താളപാതത്തിൽ-
തലയാട്ടി
പൂത്ത താഴ്വരപോലെ മരുവീ
പുരുഷാരം
സംഘമായ് മുരക്കിക്കൊണ്ടിരി-
ക്കുംം ചിലർ ചൊൽവൃ
ത്തങ്ങളിൽ, "കുറുമ്പനാണനാ-
ട്ടുക്കെഴും കൊമ്പൻ"
(സഹ്യന്റെ മകൻ)

'പൂത്ത താഴ്വര'യും അതിനു തൊട്ടു മുമ്പുള്ള 'പതിനഞ്ചാനക്കരിം പാറക്' ളും പിന്നീടു വർണ്ണിക്കാനിരിക്കുന്ന പദ്വത സാനുവിനെ വ്യംഗ്യഭംഗിയിൽ സൂചിപ്പിക്കുന്നവയാണല്ലോ. 'സഹ്യന്റെ മക'നെ ഇത്ര മനോഹരമായൊരു കവിതയാക്കിത്തീർത്തതു്, ഉത്സവം നടക്കുന്ന അമ്പലമുററത്തെക്കുറിച്ചുള്ള, സൂക്ഷ്മവും തെല്ലും അധികപ്പററാകാത്തതുമായ ഈ വർണ്ണന കൂടിച്ചേർന്നാണെന്നു സമ്മതിച്ചേ തീരൂ. ഈ വർണ്ണനയ്ക്കിടയ്ക്കു് ഔചിത്യവേദിയായൊരു കവിയ്ക്കു ക്ഷേത്രപരിശുദ്ധിയെക്കുറിച്ചുള്ള തന്റെ അഭിപ്രായം—അതെന്തുമാകട്ടെ— ആവിഷ്ക്കരിക്കുവാൻ ഇടമില്ല. അതിനാൽ, മിതവും മധുരവുമായ ആ വർണ്ണനയെപ്പിടിച്ചുകൊണ്ടു് കവിയുടെ ക്ഷേത്ര മാഹാത്മ്യവിശ്വാസമളക്കുന്നതു അനുപപന്നമാണു്. ഉൽഭടമായോ, അനൽഭടമായൊ അതിവിടെ ഉരുച്ചേന്നിരിക്കുകയില്ലെന്നു സിദ്ധം. കവി ഗാന്ധിജിയുടെ ചരമത്തെക്കുറിച്ചെഴുതിയ 'എന്തിനു കരയുന്നു' എന്ന വിലാപ കവിത ഇംഗ്ലീഷിലേയ്ക്കു പരിഭാഷപ്പെടുത്തിക്കാണുകയുണ്ടായി. ഇക്കവിത, അതുപോലെ എളുപ്പത്തിൽ വിവർത്തനം ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ, അതിന്റെ കാരണം സ്പഷ്ടമാണല്ലോ.

കെ. കെ. രാജാവിന്റെ 'പാക്കനാരുടെ പ്രാർത്ഥന' എന്ന കവിതയിൽനിന്നു് അമ്പലത്തെപ്പററി അദ്ദേഹത്തിനുള്ള അഭിപ്രായം വ്യക്തമാകുന്നുണ്ടു്. ഹരിജനങ്ങൾക്കു പ്രവേശനമനുവദിക്കാത്തൊരു ദേവാലയത്തെക്കുറിച്ചു, തനിക്കു മതിപ്പില്ലെന്നു കവി ആ കവിതയിൽക്കൂടി വെളിപ്പെടുത്തുന്നുണ്ടു്. 'ഭക്തിയും വിഭക്തിയും' എന്നതുപോലെ കവിയുടെ ക്ഷേത്രവിഷയകമായ അഭിപ്രായം വിളിച്ചു പറയുന്നതാണതു്—നേർവിപരീതമാണെന്നു മാത്രം. മറിച്ച്, 'സഹ്യന്റെ മക'നിലെ സവിശേഷമായ ക്ഷേത്രാങ്കണത്തെ ഇക്കാര്യത്തിൽ തെളിവു കൊടുക്കാൻ ഹാജരാക്കുന്നതു കുറെ കടന്ന കയ്യാണു്.

ഇനി പ്രസ്തുത കവിയുടെ ഉപസംഹാരത്തെപ്പിടിച്ചുകൊണ്ടു് ഈ വാദം ഉന്നയിക്കുവാൻ കഴിയുമോ എന്നു നോക്കാം.

ദ്യോവിനെ വിറപ്പിയ്ക്കുമാ വിളി-
കേട്ടോ മണി-
ക്കോവിലിൽ മയങ്ങുന്ന മാനവ-
രുടെ ദൈവം

വൈലോപ്പിള്ളിയുടെ മേലെഴുതിയ വരികൾക്കു തൽക്കവിതയിലെ പ്രത്യേകമായ സംഭവത്തേയും സന്ദർഭത്തേയും ചേരുംപടിയ്ക്കുപസംഹരിച്ചതിൽക്കവിഞ്ഞു എന്തൊരു പ്രത്യേകതയാണു് ? കൂട്ടത്തിൽ, ക്ഷേത്രത്തിലെ ദൈവം മാനവഭക്തന്മാരുടെ കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കാറുള്ള

—ആനയെപ്പോലുള്ള മൃഗങ്ങളുടെ നേരെ കണ്ണടയ്ക്കുകയാണ്—എന്നൊരു ധ്വനിയും ആ വരികൾക്കുണ്ട്. ഏതായാലും, വൈലോപ്പിള്ളി വള്ളത്തോളിനേക്കാൾ പുരോഗമിച്ചൊരു കവിയാണെന്നു സമർത്ഥിക്കുവാൻ ഈ വരികൾ അപര്യാപ്തമാണ്.

ഒരുദാഹരണം കാണിക്കാം: ഈ ലേഖകൻ പങ്കുകൊണ്ട ഒരു ഉത്സവത്തിൽ ഒരത്യാഹിതമുണ്ടായി. സന്ധ്യക്ക് കുളി കഴിഞ്ഞെത്തി അമ്പലനടയ്ക്കൽ പ്രാർത്ഥിച്ചുകൊണ്ടു നിന്ന ശാന്തിക്കാരനെ, രാത്രിയിലെ ഉത്സവത്തിനെഴുന്നെള്ളിക്കാൻ നിർത്തിയിരുന്ന ഒരു കൊമ്പനാന ഒരു നിമിഷം കൊണ്ട് കുത്തിക്കൊന്നു. ഈശ്വരവിഗ്രഹത്തിനഭിമുഖമായി കണ്ണടച്ചു, തൊഴുകയ്യോടെ ധ്യാനനിരതനായി നിന്ന ആ സാധു ബ്രാഹ്മണൻ, അമ്പലമുറ്റത്ത് ഒറ്റക്കു നിന്ന കൊലയാന ആഞ്ഞടുക്കുന്നതുപോലും കണ്ടില്ല. ഈ സംഭവത്തെക്കുറിച്ചു, പുരോഗതിയിൽ വൈലോപ്പിള്ളിയുടെ പിന്നിലെന്ന് പറയപ്പെടുന്ന വള്ളത്തോൾ ഒരു കവിതയെഴുതുകയാണെങ്കിൽ, വൈലോപ്പിള്ളിയുടെമേൽക്കാണിച്ച വരികളെക്കാൾ ദീപ്രദീപ്രമായ വരികൾ രചിച്ചെന്നു വരാം. ഒരൊറ്റ ഈരടിയെക്കുറിച്ചുള്ള ഈ വിചാരം ഇവിടെ നിർത്തട്ടേ! ഏതു നിലയിലും കവിയുടെ ക്ഷേത്രമഹാത്മ്യവിഷയമായ നിലപാട് മേൽപ്പറഞ്ഞ കവിതയിൽ നിന്നു് അനുമിക്കുന്നതു് സമീചീനമല്ലെന്നു സിദ്ധിക്കുന്നു.

സാമാന്യജനതയുടെ മനശ്ശാസ്ത്രം മറ്റു കവികളേക്കാൾ കൂടുതൽ വൈലോപ്പിള്ളിക്കറിവുണ്ടെന്നു തോന്നുന്നില്ല. സാമാന്യജനത— ലോകം മുഴുവൻ പടർന്നു പിടിച്ചൊരു മഹായുദ്ധത്തിൽ നിന്നുയർന്ന സീമയറ്റ കെടുതികളുടെ മുക്കാലോഹരിയും ഏറ്റു വാങ്ങേണ്ടി വന്നവരും, അന്ധമായ മതഭ്രാന്തും അധികാരമോഹവും കൊണ്ട് ലഹരി പിടിച്ച വർഗ്ഗീയവാദികളുടേയും ആപൽക്കരങ്ങളായ വാഗ്ദാനങ്ങൾ കൊണ്ടുട്ടുക്കൂടുന്ന രാഷ്ട്രീയകക്ഷികളുടേയും വലയിൽ കുടുങ്ങുന്നവരുമായ സാമാന്യജനത—ഇന്നും—ഈ ആറ്റമിക് യുഗത്തിലും—തികച്ചും പാരമ്പര്യത്തിലാണ് ജീവിക്കുന്നതെന്നതിനേക്കാളേറെ, പാരമ്പര്യത്തിൽ ഊന്നി നിന്നാണ് വൈലോപ്പിള്ളി കവിതയെഴുതുന്നതെന്നതാണ് പരമാർത്ഥം. അതു് അങ്ങിനെ ആയിരിക്കുവാനേ നിവൃത്തിയുള്ളു. വൈലോപ്പിള്ളിയുടെ വകയായി ഇടയ്ക്ക് ചില വിമർശനങ്ങൾ പുറപ്പെടാറുള്ളതിൽ ഈ വീക്ഷണഗതി വെളിപ്പെട്ടു കാണാറുണ്ട്. പക്ഷേ, അദ്ദേഹം വ്യതിചലിക്കാറില്ലെന്നില്ല. അനുഭവങ്ങൾ, അപ്രതീക്ഷിതമായ കലർപ്പറ്റ അനുഭൂതികൾ — സ്വകീയമോ, സ്വന്തം ആൾക്കാരെ സ്പർശിക്കുന്നതോ ആയ അനുഭവങ്ങൾ—ഹൃദയത്തെ മഥിക്കുമ്പോൾ! ആ 'ഒരു കൊടി' നോക്കുക! ആയവസരങ്ങളിൽ അദ്ദേഹം പുരോഗമനപരമായ ദേശീയത്വത്തിലെത്താറുണ്ട്. അതു തന്നെയാണ് ഒരു നിലയിൽ നോക്കിയാൽ സാർവ്വദേശീയത്വവും. പക്ഷേ, പൊതുവിൽ, വൈലോപ്പിള്ളി രാഷ്ട്രീയഗാനങ്ങളിലും "ഇന്നത്തെ നിഘണ്ടു"വിലും കാണുന്ന വള്ളത്തോളിന്റെ പിന്നിലാണ് നിൽക്കുന്നത്.

—:o:—

# വിദ്യാർത്ഥി ലോകം

കൊച്ചേട്ടൻ.

വരണം, എന്റെ പ്രിയപ്പെട്ട അനുജന്മാരും അനുജത്തിമാരുമൊക്കെയിങ്ങോട്ടു കടന്നിരിക്കണം. കൊച്ചേട്ടൻ കഴിഞ്ഞ തവണ പറഞ്ഞതു പോലെ തന്നെ നിങ്ങൾ പ്രവർത്തിക്കുന്നുണ്ടു്, അല്ലേ? നിങ്ങളിൽച്ചിലർ ഉത്സാഹിച്ചെഴുതിയ ലേഖനങ്ങൾ കൊച്ചേട്ടൻ വായിച്ചു. എഴുതണം. തുടർന്നെഴുതണം. അതോടൊപ്പം വായനയും മുറയ്ക്കു നടക്കണം. കേട്ടോ!

ഐ. വി. ദാസ് (മൊകേരി) വാഗ്ഭടാനന്ദ ഗുരുദേവരെക്കുറിച്ചെഴുതിയ ലേഖനം നന്നായിട്ടുണ്ടു്. പ്രിയപ്പെട്ട ദാസ്, കാര്യങ്ങൾ കഴിയുന്നതും ചുരുക്കിയെഴുതുവാൻ ശ്രമിക്കണം. കൊച്ചേട്ടൻ ആ ലേഖനം ഉടനേ പ്രസിദ്ധപ്പെടുത്തുവാൻ നോക്കാം.

സി. ആർ. നാരായണന്റെ (കതിരൂർ) "എന്റെ നാട്" എന്ന കവിതയും പരിഷ്കരിച്ച് അടുത്ത സൌകര്യത്തിൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. എല്ലാം ഒരുമിച്ചു പ്രസിദ്ധീകരിക്കാൻ പത്രാധിപർ നമുക്കു സ്ഥലമനുവദിച്ചുതന്നിട്ടില്ല. അതുകൊണ്ടു കൊച്ചേട്ടന്റെ നേരെ നിങ്ങൾ മുഷിയരുതെ!

നല്ല കവിതാപുസ്തകങ്ങളും കഥാപുസ്തകങ്ങളുമൊക്കെ സ്നേഹിതന്മാരിൽനിന്നോ, വായനശാലകളിൽനിന്നോ വാങ്ങി വായിക്കണം. കേട്ടോ.

ആട്ടെ, ഇന്നെനിയെന്താണു വേണ്ടതു്?—ഒരു കഥയോ—എന്തു കഥയാണു് ഞാൻ നിങ്ങൾക്കു പറഞ്ഞുതരേണ്ടതു്? ശരി, ഒന്നു രണ്ടു മിനിററു ക്ഷമിക്കൂ! വല്ല കഥയും കൊച്ചേട്ടന്റെ തലയ്ക്കുള്ളിൽനിന്നു വെളിക്കു ചാടുമോയെന്നു നോക്കട്ടെ.

പഴയ മുത്തശ്ശിക്കഥകളൊന്നും നിങ്ങൾക്കിഷ്ടമല്ല. അല്ലേ? കഥതന്നെ വേണമെന്നു നിർബ്ബന്ധമില്ലെങ്കിൽ നിങ്ങൾക്കു രസിക്കുന്ന മററു വല്ല കാര്യങ്ങളും പറയാം. അതു മതി, അല്ലേ? എങ്കിലിതാ കൊച്ചേട്ടൻ തുടങ്ങാമല്ലോ.

കല്ക്കത്തയിലെ ഒരു പരിഷ്കരിച്ച വീട്ടിന്റെ കോലായിൽ ഇടയ്ക്കിടെ ഉറക്കം തൂങ്ങിക്കൊണ്ടു ഒരു കൊച്ചു വിദ്യാർത്ഥി സംസ്കൃതകാവ്യങ്ങൾ പാഠിക്കുന്നു. കൈയ്യിൽ നല്ലൊരു കണ്ണിച്ചൂരലുമായി ഗുരുനാഥൻ അടുത്തിരിക്കുന്നുണ്ടു്. ഇടക്കൊന്നു ആ വടി പിടിച്ച കൈ പൊങ്ങും. ഉറക്കം തൂങ്ങുന്ന കുട്ടി ഞെട്ടിപ്പിടഞ്ഞു ഉറക്കെ വായിക്കും. "നിന്റെ മരത്തലയിലൊന്നും കടക്കുകില്ലെടാ മണ്ടശിരോമണി." എന്നാണു ഗുരുനാഥന്നു കുട്ടിയെക്കുറിച്ചു പറയാനുള്ള അഭിപ്രായം.

നിങ്ങൾക്കു കുട്ടിയെ മനസ്സിലായില്ലേ? വിശ്വമഹാകവി രവീന്ദ്രനാഥടാഗോർ. പക്ഷെ, അന്നു ഇഷ്ടൻ

വെറും രവീയാണ്. 8 വയസ്സിൽ ടാഗോർ കവീതയെഴുതിയിട്ടുണ്ട്. നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടോ? ടാഗോറിൻെറ കൃതികളിൽ ചിലതൊക്കെ നിങ്ങൾ പാഠ്യപുസ്തകങ്ങളിൽ നിന്നു പഠിച്ചിരിക്കും ഇല്ലേ?

ടാഗോറിന്നു് അല്ലെങ്കിൽ നമ്മുടെ രവിക്ക് അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം ഇഷ്ടമായിരുന്നില്ല. പാഠം മെട്ടക്കമ്പോൾ ഇഷ്ടൻ വെളിയിലെ പൂന്തോട്ടങ്ങൾ നോക്കി ആനന്ദിക്കുകയോ, മററു വല്ല അഗാധകാര്യങ്ങളെക്കുറിച്ചും ചിന്തിക്കുകയോ ആയിരിക്കും. പ്രകൃതിവിലാസങ്ങളാണു വിദ്വാനെ വല്ലാതെ പിടിച്ചുവലിച്ചതു്.

ശാന്തിനികേതനം നിങ്ങൾ കേട്ടിട്ടില്ലേ. ഹിമാലയപ്രാന്തത്തിലെ പ്രകൃതിമനോഹരമായ ഒരു സ്ഥലത്താണ് ആ സ്ഥാപനം. അവിടെയാണു "വിശ്വഭാരതി"എന്ന പാഠശാലയും. 'വിശ്വഭാരതി'യിലെ പഠനരീതി എന്തു രസമുള്ളതാണെന്നോ! നല്ല പച്ചപ്പുൽപരവതാനി വിരിച്ച വെളിസ്ഥലത്താണു ക്ലാസ്സുകൾ നടക്കുന്നതു്. കുട്ടികൾക്കു യഥേഷ്ടം പ്രത്യേക വിഷയങ്ങളെടുത്തു പഠിക്കാം.

ശാന്തിനികേതനത്തെപ്പററി വേറൊരവസരത്തിൽ ഞാൻ വിശദമായി നിങ്ങൾക്കു പറഞ്ഞുതരാം. ഇന്നു ഇത്രമതി.

പിന്നെ, ടാഗോറിൻെറ പുസ്തകങ്ങളൊക്കെ വായിക്കണം. കേട്ടോ. അർത്ഥം മനസ്സിലാവുകയില്ലെന്നാണോ പരാതി. ഓ! അതൊക്കെയങ്ങു ക്രമേണ നേരേയാകും.


—:o:—

# പൂമൊട്ടിനോട്

(കെ. പി. ആർ.)

പുളകം കൊള്ളിക്കും ചെടിപ്പടപ്പിൽ
കുളിരിളം കാറേററാ നൃത്തമാടി.
കളിയിൽ മുഴുകി യരിയ മൊട്ടേ !
തളിരിന്നിടയിലൊ ളിച്ചിരിപ്പോ ?
പകലോനരുണ നിറം പൊഴിക്കും
പവനൻ പരുക്കേററി യൊട്ടുലച്ചും
അവനി തന്നോ മൽ സവിത്രിയാകും
തവ മുഖം കാണ്മാൻ കൊതിച്ചിരിപ്പാം !!
നവനിറം പൂശി പ്പകിട്ടു കേററി
നവ വരർ–പൂമ്പാററ–വന്നു മുററി,
കമനീയ കാന്തിയിൽ മുങ്ങി മന്ദം
സുമധുരഭാഷണം ചെയ്കയാണോ ?
കരിനിറം ചേന്ന കുന്നിൻ ചുവട്ടിൽ
ചെറുചോല പോൽ നീ പരിലസിപ്പൂ !

# കഷായം



വാഭടൻ

മദിരാശി ആക്ക്?

ഇന്നു് വലിയ പിടിയും വലിയുമായിട്ടുണ്ടു് മദിരാശി നഗരത്തിന്നുവേണ്ടി. തെലുങ്കർ പറയുന്നു: "ചെന്നപട്ടണം മാതി." തമിഴനും തിരിച്ചടിക്കുന്നു: "എന്നപ്പാ പൊയ് പേശറേൻ. ചെന്നൈ രാജധാനി എങ്കളുടയതേ." മലയാളികളും കണ്ണാടകക്കാരും മററും ഇതെല്ലാം കേട്ടു രസിക്കുന്നു. അവക്ക് അവകാശവാദമൊന്നുമില്ല. എങ്കിലും ചില മലയാളിപ്രമുഖന്മാർ സേവസ്സു് തമിഴന്റെ വാലിൽ തൂങ്ങുന്നുമുണ്ടു്. കേട്ടോ! വിടണ്ട ആ വാല്, നല്ലവണ്ണം മുറുക്കിപ്പിടിച്ചോളിൻ!

അതുകൊണ്ടാണു തമിഴൻ പറയുന്നതു് "പാത്തീങ്കളാ? നായരും നമ്മ പക്കം താൻ!" 'നായർ' എന്നു വെച്ചാലെല്ലാം പെട്ടും. മേനോൻ, കുറുപ്പ്, കൃസ്ത്യൻ, മുസ്ലീം, അമ്പട്ടൻ, അലക്കുകാരൻ, ഈഴവൻ എല്ലാവക്കും ചേരുന്ന പേരാണു തമിഴന്റെ 'നായർ'. എന്നു മാത്രമല്ല, നായരെന്നു വെച്ചാൽ ചില തമിഴർക്ക് അറിവെപ്പുകാരന്റെ പര്യായമാണ്. മാണിക്യമുതലിയാർ നിങ്ങളോട് അ

---

അവശരെന്നാലും പരിസരത്തി-
ലവികല കാന്തി കലൻ കാണ്മു.
പുലരിപ്പൂവു മയിലാരെന്നാലും
മലരേ! നിന്നുന്നതി കണ്ടുനില്ക്കും,
സ്മരണകൾ മായുകിൽ, കൊച്ചുപൂവിൻ–
സുരഭില സൌന്ദര്യം പൊങ്ങുമെങ്ങും!!

—o—

നോഷിച്ചുവെന്നിരിയ്ക്കട്ടെ: ''എന്നാ സാർ, ഒരു നല്ലനായരെ കിടയ്ക്കുമോ?" എന്താണിതിന്നർത്ഥം. രസവും സാമ്പാറും മീൻകറിയും പുളിശ്ശേരിയും ഉണ്ടാക്കുന്ന ഒരു പാചകവിദഗ്ദ്ധനെ കിട്ടുമോ എന്നു്!

* * *

## പടയൊരുക്കം!

പറഞ്ഞു തെററിയാൽ നായർ, 'കഞ്ഞിവെള്ള'മായി. തമിഴർക്കു കോപം കയറിയാൽ അവർ തല്ലില്ല. അതു ഒരു പ്രത്യേക ഗുണമാണു്. കുപ്പായത്തിന്റെ കയ്യു ചുരുട്ടും; കയ്യ് മടക്കും. ഒന്നു കുതറും. "നാൻ യാരെന്നു തിരിയുമാ?" എന്ന ചോദ്യത്തോടെ മീശ മുറുക്കും. അതുതന്നെ പുള്ളിക്കാരന്റെ പടയ്ക്കൊരുങ്ങൽ! ഒരുങ്ങലേയുള്ള പടയില്ല. പക്ഷേ പടയ്ക്കൊരുങ്ങുന്നതിനു മുമ്പു തന്നെ തന്റെ മാനം കാക്കുന്നതിന്നു ഒരാളെ ശട്ടംകെട്ടിയിരിക്കും. ഇയാറം പ്രക്ഷുബ്ധനാവുമ്പോഴേക്ക മറേറവൻ വന്നു പിടിക്കുന്നു: "ഒണ്ണും ശെയ്യാതപ്പാ—വാ" പടയാളിയ്ക്കരിശം കണ്ണിലും മൂക്കിലും കയറും: ''ഹും! എന്നെടാ നെനെച്ചെൻ? കൊണ്ണു പൂട്ടുവേൻ." ഒടുവിൽ ഒരു പൂഴിത്തരി പോലും എതിരാളിയുടെ നേക്കിടാതെ ഒഴിഞ്ഞു പോവുകയും ചെയ്യുന്നു.

* * *

## ആൺമലയാളവും പെണ്മലയാളവും!

മര്യാദക്കാരും പഠിച്ചവരുമായ തമിഴരുമുണ്ടു്. അവർ മലയാളികളോടു പറയും: "മലയാളിയും തമിഴനും എന്ന വ്യത്യാസം. തമിഴിൽ നിന്നു താനേ മലയാളം വന്തതു്?" താൻ മലയാളത്തിൽ പോയിട്ടുണ്ടെന്നും പറയും. " കല്ലിക്കോട്ടു് പോയിട്ടുണ്ടു്. ഊണു കളിഞ്ചു നോക്കി. രാശ്യം പറവയില്ലെ. കട്ടികറം ഉണ്ടു്." അതെല്ലാം മലയാളഭാഷയാണെന്നാണയാളുടെ നാട്യം. എന്നിട്ടു വളരെ ഗൌരവത്തോടെ ചോദിക്കും: '' എന്നാങ്കോ മലയാളം രണ്ടിരിക്കിതാ? ആൺമലയാളവും 'പെൺമലയാളവും? നാൻ പെൺമലയാളം പാക്കവേയില്ലെ" പോരേ?

* * *

## തോട്ടികറംക്കോ?

'സ്വതന്ത്ര'വാരികയിൽ 'സാക' എഴുതുന്നു: ''എല്ലാ അവകാശങ്ങറംക്കും ഉപരിയായി സേവനത്തിന്റെ അവകാശത്തിന്നാണു മഹാത്മാ ഗാന്ധി പ്രാധാന്യം നൽകിയിരുന്നതു്. സേവനം നൽകുന്നതിൽ ഏററവും മുഖ്യന്മാരായി അദ്ദേഹം ഭങ്കി (തോട്ടി) കളെയാണു കല്പിച്ചിരിക്കുന്നതു്. മദ്രാസിന്നുവേണ്ടി എന്തെങ്കിലും സമരം നടത്തുന്നപക്ഷം, ഗാന്ധിയന്മാർ ഭങ്കികളുടെ ഭാഗത്തു ചേരണം."

നോക്കാമല്ലോ തമിഴരുടെ ഇടയിൽ എത്ര നല്ല ഗാന്ധിയന്മാരുണ്ടെന്നു്!

മി. കാസ സുബ്ബറാവു വെറുതെയല്ല അങ്ങിനെ പറഞ്ഞതു്. തോട്ടികറം തെലുങ്കരാണു്. അപ്പോറം മദിരാശി നഗരം തെലുങ്കരുടേതാണു്. പൂച്ച എങ്ങിനെ വീണാലും നിലത്തു എത്തുമ്പോറം നാലുകാലും കുത്തിയിട്ടു തന്നെ!

* * *

## അല്ല, മലയാളികറംക്കു്.

"അന്നദാതാവാണു ജീവദാതാവ" അങ്ങിനെയൊരു തത്വമുണ്ടല്ലോ

ഹൈന്ദവാചാര്യന്മാർ പണ്ടു പണ്ടേ പറയാറുള്ള തത്വം. മാത്രമല്ല, അനുഭവത്തിൽനിന്നു നമുക്കതു അറിവായിട്ടുമുണ്ട്. ആർ ഭക്ഷണം തരുന്നുവോ അവനാണു ജീവൻ നൽകുന്നതു്. മദിരാശിക്കാർക്കു ജീവൻ നൽകുന്ന 'ജീവാമൃതവാഹന'ന്മാരാരാണ്? മലയാളികൾ. നിങ്ങൾ ഏതു ഹോട്ടലിൽ ചെന്നു നോക്കിയാലും അറിയാം. നായർ ഹോട്ടലിൽ, ബ്രാഹ്മണർകൾ ശാപ്പിടും ഹോട്ടലിൽ, ഇറാണീ ക്ലബ്ബിൽ, എല്ലാം മലയാളികൾ ചോറു വിളമ്പുന്നു, കാപ്പി തരുന്നു.

അത്ര മാത്രമോ? മലയാളികൾ അന്നം തന്നില്ലെങ്കിൽ, ആന്ധ്രക്കാരായ തോട്ടികൾക്കു ഇവിടെയെന്തു സേവനം ചെയ്യാൻ കഴിയും? അന്നമില്ലെങ്കിൽ എല്ലാം ശൂന്യം!

അപ്പോൾ കാര്യം തെററിപ്പോയി. യഥാർത്ഥത്തിൽ, സേവനം മാനദണ്ഡമായി നോക്കിയാൽ മലയാളികളുടേതാണു മദിരാശി. അതിൽ ഹോട്ടൽത്തൊഴിലാളികൾക്കും അരിവെപ്പുകാർക്കും പ്രാധാന്യവുമുണ്ടു്. കൂട്ടരേ, ഹോട്ടൽത്തൊഴിലാളി സേച്ഛാധിപത്യം മദിരാശിയിൽ സ്ഥാപിച്ചാലെന്താണ്? ഒരു പരീക്ഷണമെന്ന നിലയ്ക്കു്? ഫർക്ക്‌വികസനപദ്ധതിയെപ്പോലെ, പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട നഗരത്തിൽ തൊഴിലാളിസേച്ഛാധിപത്യ (Proletarian Dictatorship) മായാലെന്താ? കമ്യൂണിസ്റ്റ്കളും കൂട്ടത്തിൽ ചേരും. അപ്പോൾ, ന്യായം നോക്കിയാൽ മദിരാശി, ഹോട്ടൽപ്പണിക്കാരുടെയാണ്—എന്നു വെച്ചാൽ മലയാളികളുടേതു്!

## 'ഇക്കണ്ടതൊന്നും കണക്കല്ല മന്നവാ!

“ഒരു കോപ്പറേററീവ് കോമൺവെൽത്ത് സ്ഥാപിക്കുന്നകാര്യത്തിൽ, കൊച്ചി ഇന്ത്യയുടെ ബാക്കി ഭാഗങ്ങൾക്കു മാതൃകയായിരിക്കണമെന്നാണു എന്റെ അഭിലാഷം.” കൊച്ചി പ്രധാനമന്ത്രി ഇക്കണ്ട വാരിയരുടെ പ്രസ്താവന.

കുറച്ചുകാലമായി കൊച്ചി പലതിന്റേയും മാതൃകയാണ്! പുതിയ പ്രധാനമന്ത്രിയുടെ പ്രത്യേകതകൾ. “കൊച്ചിയിലെ പ്രധാനമന്ത്രിയായ മി. ഇക്കണ്ട വാരിയർ നല്ലൊരു ടെന്നീസുകളിക്കാരനും ഫുട്ബാൾ കളിക്കാരനുമാണ്. കൊച്ചിയിലെ അത്‌ലററിക് അസോസിയേഷന്റെ സ്ഥാപകന്മാരിൽ ഒരാളാണദ്ദേഹം.” (പൌരശക്തി).

പഴയ പ്രനാനമന്ത്രിമാരിൽച്ചിലർ ബസ്സ് സവ്വീസുകാരും വെളിച്ചെണ്ണക്കച്ചോടക്കാരുമായിരുന്നു. ദാമോദരൻ കേസ്, ബസ്സപകടങ്ങൾ മുതലായവയായിരുന്നു അവരുടെ ഭരണകാലത്തെ സവിശേഷതകൾ. പുതിയ പ്രധാനമന്ത്രി കൊച്ചു കൊച്ചി, ലോകത്തിലെ ഏററവും വലിയ ടെന്നീസ് കോർട്ടോ, ഫുട്ബാൾ മൈതാനമോ ആക്കിത്തീർക്കുകയും അങ്ങിനെ “ഇന്ത്യയുടെ ഇതരഭാഗങ്ങൾക്കു മാതൃക” നൽകുകയും ചെയ്യുമോ, ആവോ! എന്നിട്ടതിന്നു ഒരു പേരുമിടാം: കോപ്പറേററീവ് കോമൺവെൽത്ത്! ചെട്ടിയും, മേനോനും, നായരും പോയി, ഇനി വാരിയരുടെ ഊഴമാണ്. അതുമൊന്നു പരീക്ഷിക്കാം!

—0—

# ശ്രീ. ചങ്ങമ്പുഴ.

സുഹൃത്തേ,

ചങ്ങമ്പുഴ നമ്മെ വിട്ടുപോയി. അതിനുശേഷം നാളുകളും വളരെ കഴിഞ്ഞു. ആ മഹാശയൻെറ നഷ്ടത്തിലും ക്രൂരതലായി എന്നെ വേദനിപ്പിക്കുന്നതു് ആ വേർപാടിൽ ഒന്നു പൊട്ടിക്കരയാൻ പോലും എനിക്കു ഭാഗ്യമുണ്ടായില്ലല്ലോ എന്ന ചിന്തയാണ്.

മിഥുനം 4—ാംനു- ആ ശപിക്കപ്പെട്ട ദിവസം ഞാൻ കണ്ണിനു സുഖമില്ലാതെ ഡാക്ടർമാരുടെ ചികിത്സയിൽ എറണാകുളത്തു മാരുതി ഹോട്ടലിലെ ഒരു മുറിയിൽ കഴിയുകയായിരുന്നു. ദുഃഖപൂർണ്ണമായ ആ വാൎത്ത അറിയിച്ചുകൊണ്ടെത്തിയ പൌരധ്വനിയിൽ നിന്നു് അദ്ദേഹത്തിൻെറ വലിയ ചിത്രത്തിൽ ഒന്നു കണ്ണോടിക്കുവാനല്ലാതെ അവയൊന്നു വായിച്ചറിവാൻ പോലും എനിക്കു കഴിഞ്ഞില്ല. ഒരു ജ്യേഷ്ഠനെപ്പോലെ കൃഷ്ണപിള്ളയെ അന്വേഷിച്ചുകൊണ്ടിരുന്ന നമ്മുടെ 'ജി' അടുത്തൊരു ദിവസം എൻെറ മുറിയിൽ വന്നിരുന്നു. മരണം ഏതാണ്ടു തീർച്ചയായി കഴിഞ്ഞപ്പോഴേക്കും എങ്ങനെയും ജീവിക്കണമെന്നുള്ള ആഗ്രഹം ചങ്ങമ്പുഴയിൽ പ്രതിദിനം വർദ്ധിച്ചു വന്നതായി അദ്ദേഹം പറഞ്ഞു. ആയിടെ കൃഷ്ണപിള്ളയെ സന്ദർശിച്ച എല്ലാവരും അക്കാൎയ്യം എടുത്തു പറഞ്ഞിരുന്നു. രോഗം സുഖപ്പെടുമെന്നു ആശകൊടുത്താൽ എവിടെപ്പോകുന്നതിനും അദ്ദേഹം തയ്യാറായിരുന്നു. ഒരു കൊല്ലം മുമ്പുവരെ സ്വന്തം ആരോഗ്യത്തെപ്പററി കൃഷ്ണപിള്ളക്കുണ്ടായിരുന്ന അശ്രദ്ധ ഓൎക്കുമ്പോൾ ഈ പരിവൎത്തനം നമ്മെ പതിന്മടങ്ങു് ദുഃഖമഗ്നരാക്കുന്നതേയുള്ളു. മരണം അനിവാൎയ്യമായിരിക്കാം. എങ്കിലും ആശിക്കുവാൻ വകയുള്ള എത്രയെത്ര സന്ദർഭങ്ങൾ അദ്ദേഹം അലസമായി ചവുട്ടിത്തുള്ളുകളഞ്ഞിരിക്കുന്നു. അല്ലെങ്കിൽ സാധാരണക്കാരുടെ ചിന്താഗതി വച്ചു് സാധാരണനായ ചങ്ങമ്പുഴയെ അളക്കുവാൻ ശ്രമിക്കുന്നതു് ഒരു തെററായിരിക്കാം. മറക്കുവാൻ കഴിയാത്ത ഒരനുഭവം ഞാനിവിടെ അനുസ്മരിക്കുകയാണ്.

122 കുംഭത്തിലാണെന്നു തോന്നുന്നു തൻെറ രോഗത്തെയും വേദനകളെയും പററി എഴുതിയിരുന്ന ഒരു നീണ്ട കത്തു് ചങ്ങമ്പുഴ മി. കോവൂരിൻെറ പേൎക്കയച്ചിരുന്നു. അതേ ദിവസം തന്നെ തൻെറ മൂളയകുട്ടി അന്നുച്ചക്കു മരിച്ചു എന്നും ഭാൎയ്യയുടെ രോഗം വിദഗ്ദ്ധമായ ഒരു ശസ്ത്രക്രിയ കൊണ്ടല്ലാതെ വിട്ടൊഴിയുന്നതല്ലെന്നും മററുമുള്ള ദുഃഖമയമായ വാൎത്തകളടങ്ങിയ ഒരെഴുത്തു് എനിക്കും കിട്ടിയിരുന്നു. അന്നു രാത്രി മി. കോവൂരിൻെറ വസതിയിൽ വച്ചു് ഞങ്ങൾ ഇക്കാൎയ്യത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പാലാ സെൻട്രൽ ബാങ്ക് സെക്രട്ടറി മി. ജോർ

ജ്ജ് തോമസ് കൊട്ടുകാപ്പള്ളി അവിടെ കയറിവന്നു. ചങ്ങമ്പുഴയുടെ കത്ത് അദ്ദേഹവും വായിച്ചു കേട്ടു. "മി. കോവൂർ രാമൻ നായർ, നിങ്ങൾ ഇന്നു തന്നെ ചങ്ങമ്പുഴയ്ക്ക് എഴുതു തെക്കെ ഇന്ത്യയിലെ ഏതു സാനിട്ടോറിയത്തിൽ വേണമെങ്കിലും നമുക്ക് അദ്ദേഹത്തിനു പ്രവേശനം വാങ്ങിക്കൊടുക്കാം. പണമില്ലെങ്കിൽ അതും ഉണ്ടാക്കാം. ഈ നിലയിൽ ചികിത്സിക്കാതിരിക്കാൻ മാത്രം ബുദ്ധിശൂന്യനാണോ നമ്മെയെല്ലാം ഇത്രയേറെ ആകർഷിച്ച ആ സാഹിത്യകാരൻ." അങ്ങിനെയാണടുത്ത നിമിഷത്തിൽ അദ്ദേഹം പറഞ്ഞതു്. പിന്നീട് അടുത്ത കാലത്തു ചങ്ങമ്പുഴയ്ക്കു വേണ്ടിയുള്ള അഭ്യർത്ഥനാപത്രങ്ങളിൽ വന്നപ്പോൾ ഒന്നാമതായി ഒരു നല്ല തുക അയച്ചുകൊടുക്കുകയും അവസാനം അദ്ദേഹത്തെ കോയമ്പത്തൂക്ക് അയക്കുവാനുള്ള സംഖ്യയുമായി ഇടപ്പള്ളിയിൽ ഓടിയെത്തുവാനും മി. ജോർജ്ജ് തോമസിനെ പ്രേരിപ്പിച്ചതു്, എൻ്റെ അറിവു ശരിയാണെങ്കിൽ ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന ഒരൊററക്കവിതയാണ്. പോരെങ്കിൽ ആ സമ്പന്നൻ്റെ ഹൃദയാലുത്വവും. അന്നു തന്നെ ഞങ്ങൾ രണ്ടാളും ചങ്ങമ്പുഴയുടെ പേർക്കു വിശദമായി എഴുതി. ഒരാഴ്ച കഴിഞ്ഞു. രണ്ടാഴ്ച കഴിഞ്ഞു. മറുപടിയില്ല. ഞങ്ങൾ വീണ്ടും എഴുതി. മി. തോമസ് പിന്നെയും ചങ്ങമ്പുഴയെപ്പററി തിരക്കിയെങ്കിലും ഞങ്ങൾക്കു കൂടുതലായി ഒന്നും അറിയിക്കുവാൻ കഴിഞ്ഞില്ല. തൻ്റെ കവിതയെപ്പററി പ്രശംസിച്ചോ അധിക്ഷേപിച്ചോ കിട്ടിയിരിക്കാനിടയുള്ള നിരവധി കത്തുകളുടെക്കൂടെ അവയും നിശ്ശബ്ദം ചെന്നു വീണു! അടുത്ത മിഡ്സമ്മറിൽ 'ജി'യും, കോവൂരും ഞാനും ഒരുമിച്ച് അദ്ദേഹത്തെ സന്ദർശിച്ചപ്പോഴും ഇതിനെപ്പററി എല്ലാം പറഞ്ഞുനോക്കി. തൻ്റെ ചെറുപ്പത്തിലെ വിക്രിയകൾ മുതൽ വിശ്വസാഹിത്യത്തിലെ ഉത്കൃഷ്ടകൃതികളെപ്പററി വരെ ഉറക്കമിളച്ചിരുന്നു ആവേശം കൊണ്ടു സംസാരിച്ച അദ്ദേഹം അപ്പോൾ മൗനമായിരുന്നൊന്നു ചിരിച്ചതേയുള്ളു. അതായിരുന്നു അന്നത്തെ ചങ്ങമ്പുഴ!

നിഷ്കളങ്കനായ ആ ചങ്ങാതി ഇന്നു നമ്മോടുകൂടിയില്ല. എങ്കിലെന്തു് ഒരു ജീവിതത്തിനു ആവുന്നതെല്ലാം അദ്ദേഹം ചെയ്തു. മുപ്പത്തിയഞ്ചു വർഷംകൊണ്ടു ആ ജീവിതം പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞു. അങ്ങനെ ഭാഷയ്ക്കു സമാധാനിക്കാം. പക്ഷെ പ്രസിദ്ധി നോക്കാതെ ഇരു കൈകളും നീട്ടി പ്രോത്സാഹനം അർഹിക്കുന്നവരെ ഉയർത്തുവാൻ ശ്രമിച്ചിരുന്ന 'ഈ. വി'യുടേയും ചങ്ങമ്പുഴയുടേയും നഷ്ടം തികച്ചും അനുഭവിക്കുന്നതു സാഹിത്യത്തിൽ വാസനാനുഗൃഹീതരായ നമ്മുടെ കൊച്ചു സഹോദരന്മാരാണ്. നൂററാണ്ടുകൾക്കിടയിൽ മാത്രം അപൂർവ്വമായി ലഭിക്കാവുന്ന മഹാനായ ഒരു കവിയിലുമധികം ആയിരമാണ്ടുകൾക്കിടയിൽ മാത്രം ഉണ്ടാകാവുന്ന തുറന്ന ഹൃദയമുള്ള ഒരു സ്നേഹസമ്പന്നനെയാണു ഞാൻ ചങ്ങമ്പുഴയിൽ കാണുക.

അല്ലെങ്കിൽ അതൊക്കെ ചിന്തിച്ചിട്ടു എന്താണു കാര്യം. വിവാഹത്തിനു ശേഷം അധികം താമസിയാതെ ഒരു രോഗിയായിത്തീൻ ഭർത്താവിനെ അവസാനം വരെ ശുശ്രൂഷിച്ച സ്നേഹമയിയായ ആ സഹധർമ്മിണി, ബാല്യത്തിലെതന്നെ പിതൃവ

# അഭിപ്രായങ്ങളും കത്തുകളും

## അഭിപ്രായം

ലോകവാണി പതിവായി കിട്ടുന്നുണ്ട്. എനിക്കേററവും പ്രിയംകരമായ ആ കൈയൊതുക്കമുള്ള വലിപ്പം, മനോഹരമായ മുഖചിത്രങ്ങൾ, ആകർഷകമായ അച്ചടി, പ്രയോജനമായ ലേഖനങ്ങൾ അങ്ങനെ ഓരോ ലക്കവും കൈയിൽ കിട്ടുമ്പോൾ പ്രത്യേകമൊരാഹ്ലാദം തോന്നുന്നു. കഷായം, ധൂമാങ്കരചിന്തകൾ എന്നീ പംക്തികളിലെ വിനോദം കലന്ന വിമർശനങ്ങളും, എം. ഗോവിന്ദൻെറയും പി. സി. അലക്സാണ്ടറുടെയും വിജ്ഞാനം നിറഞ്ഞ ചിന്തകളും എന്നെ പ്രത്യേകം ആകർഷിച്ചിരിക്കയാണ്. എല്ലാത്തരം അഭിരുചിയേയും സംതൃപ്തമാക്കുവാനുള്ള വക നൽകുവാൻ ലോകവാണിക്കു കഴിയുന്നുവെന്നുള്ളതു തികച്ചും അഭിനന്ദനാർഹമാകുന്നു.

വെട്ടൂർ രാമൻനായർ.

★

## ദേശീയഗാനം

കഴിഞ്ഞ ലക്കത്തിൽ ശ്രീ. ജെ. മാത്യൂസ് നമ്മുടെ ദേശീയഗാനത്തെ പററി എഴുതിയിരുന്ന ലേഖനത്തിലെ മിക്ക വാദങ്ങളോടും ഞാൻ യോജിക്കുന്നു. വന്ദേമാതരത്തിൻെറ ന്യൂനതയായി മറെറാന്നുകൂടി എടുത്തു കാണിക്കാമെന്നു ഞാൻ വിചാരിക്കുന്നു.

" സപ്തകോടി കണ്ഠ കളകള നി-
നാദ കരാളെ
ദ്വിസ്സപ്ത കോടി ഭുജൈർ ധൃതവര-
കരവാളെ"

എന്നു രണ്ടു വരികളുണ്ട്. അതു് അന്നത്തെ ബംഗാളിലെ ജനസംഖ്യയെ പററിയുള്ള സൂചനയാണ്. ഈ സംഖ്യ ഓരോ സെൻസസ്സിനും മാറിക്കൊണ്ടിരിക്കുകയാണല്ലോ. അല്ലെങ്കിൽ തന്നെയും അതു ബംഗാളിൻെറ മാത്രം ജനസംഖ്യയാണ്, ഭാരതത്തിൻെറയല്ല. അപ്പോൾ ഭാരതം മുഴുവൻ ഉപയോഗിക്കേണ്ട ഒരു ദേശീയ ഗാനത്തിൽ ബംഗാളിലെ പണ്ടത്തെ ജനസംഖ്യയെക്കുറിച്ചുള്ള ഈ സൂചന അനൗചിത്യകാരിയാണെന്നു തീർച്ച്. ടാഗോറിൻെറ ഗാനത്തിൽ അത്തരം സൂചനകളില്ലാത്തതു ഒരു മെച്ചമാണ്. പിന്നെ, വന്ദേമാതരം പലരും പലവിധത്തിലാണു പാടുന്നതു്. 'ജനഗണമന'യ്ക്കു മിക്കവാറും

---

ഹീനരായ കൊച്ചു കുഞ്ഞുങ്ങൾ! മലയാളികളായ നമുക്കു് അവരോടുള്ള കടപ്പാടുകൾ യഥാവിധി നിർവ്വഹിക്കാൻ ശ്രമിക്കാം. 'ലോകവാണി'യും അക്കാര്യത്തിൽ തൻെറ പങ്കു നിർവ്വഹിക്കുമെന്നാശിക്കട്ടെയോ.

നിങ്ങളുടെ വിധേയൻ,

വെട്ടൂർ രാമൻ നായർ.

ഏകീകൃതമായ ഒരു ചിട്ട വീണിട്ടുണ്ട്. പോരെങ്കിൽ അതു വിശ്വപ്രശസ്തനായ രവീന്ദ്രനാഥ ടാഗോറിൻെറ യാണെന്നു പറയുന്നതു ഭാരതീയർക്കു അഭിമാനകരവുമാണ്.

എസ്സ്. ഗുപ്തൻ നായർ.

★

## മറക്കപ്പെട്ട മലയാളം

അഖിലേന്ത്യാ റേഡിയോ ഒരു റേഡിയോ നാടകമത്സരം ഏർപ്പെടുത്തുന്നതായി പ്രസ്താവിച്ചിട്ടുണ്ട്. ഹിന്ദി, ഉർദ്ദു, പഞ്ചാബി, പുഷ്ട്, തെലുങ്ക്, തമിഴ് എന്നീ ഭാഷകളിൽ 45 മിനിട്ട നേരത്തേക്കുള്ള റേഡിയോ നാടകങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഓരോ ഭാഷയിലുമുള്ള ഏററവും നല്ല മൂന്നു നാടകങ്ങൾക്കു സമ്മാനം നൽകുന്നതാണത്രെ— ഒന്നാം സമ്മാനം 500 ക, രണ്ടാം സമ്മാനം 300 ക, മൂന്നാം സമ്മാനം 100 ക. 1948 ഡിസമ്പർ 31-ാംനു-ക്കുള്ളിൽ, മത്സരത്തിൽ പങ്കെടുക്കാനുദ്ദേശിക്കുന്നവർ നാടകം റേഡിയോ അധികൃതന്മാരെ ഏല്പിക്കേണ്ടതാണ്.

നാട്ടുഭാഷകൾക്കു നൽകുന്ന ഈ പ്രോത്സാഹനം തികച്ചും അഭിനന്ദനാർഹമാണ്; സംശയമില്ല. എന്നാൽ ഏററവും പരിതാപകരമായ പരമാർത്ഥം ഈ പ്രോത്സാഹനപരിപാടിയിൽ മലയാളത്തിന്നും കന്നഡയ്ക്കും യാതൊരു സ്ഥാനവുമില്ലെന്നതാണ്. കേരളസംസ്കാരവും മലയാള ഭാഷയും പ്രോത്സാഹനാർഹമല്ലെന്നായിരിക്കുമോ ഇവരുടെ ധാരണ! ഭാഷാപ്രണയികളുടെയും പൊതുകാര്യപ്രസക്തന്മാരുടെയും സവിശേഷശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരു പ്രധാന സംഗതിയാണതു്. എന്തു പറയുന്നു 'ലോകവാണി'?

എം. ഗോവിന്ദൻ.

[പരിപൂർണ്ണമായി യോജിക്കുന്നു. ഭാഷാഭിമാനമുള്ള വ്യക്തികളും സംഘടനകളും ഈ വിഷയത്തെക്കുറിച്ചു റേഡിയോ അധികൃതന്മാർക്കു കത്തുകളും, പത്രപംക്തികളിലേക്കു ലേഖനങ്ങളും താമസം കൂടാതെ അയയ്ക്കേണ്ടതാണ്. ലോകവാണിയും കഴിവതു ചെയ്യാതിരിക്കയില്ല.]

(പത്രാധിപർ)

# നിങ്ങളുടെ ഭാവി

## 1948–49

ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരോടുകൂടി നിങ്ങളുടെ പേരും വിലാസവും അയക്കുക. എന്നാൽ 1 ക. 4 ണ.ക്കു (തപാൽ ചാർജ് പുറമെ), വരുന്ന 12 മാസത്തെ ഫലങ്ങൾ എഴുതി അയക്കുന്നതാണ്. വ്യാപാരത്തിലുള്ള ലാഭചേതം, ഉദ്യോഗക്കയററം, മാററം, ജനനം, വിവാഹം, സുഖം, രോഗം ഇവയെപ്പററിയുള്ള വിവരങ്ങളും, ഗ്രഹപ്പിഴക്കുള്ള പ്രതിവിധിയും അറിയിക്കും. ഇന്നു തന്നെ പരീക്ഷിക്കുക. എന്നാൽ ഞങ്ങളുടെ ഭാവികഥനത്തെപ്പററി നിങ്ങൾക്കു ബോദ്ധ്യമാകും.

**Sri Swami Sat Narain Jotish Asram(Regd).**
(L. K. T.) HOSHIARPUR.

# RAJAH MEMORIAL SCHOLARSHIPS
## ESSAY COMPETITIONS
FOR
## Students of Colleges & High Schools.

**—: JUDGES :—**

**Dr. Karam Chand Wade,**
M.A., PH. D., M.R S.T.,
(Lond)

**AND**

**Sri Swami Rajeswarananda**

CLOSING DATE !
**30th November 1948.**

*For Subjects, Rules & Particulars apply to* :—The " EDITOR "
" **STUDENTS' COMPANION** " Royapettah, MADRAS..

Regd. No. M. 5100.

# ലോകവാണി

## ഏജൻസി വ്യവസ്ഥകൾ

1. ഓരോ പ്രതിക്കും 8 ണ. വീതം ഡിപ്പോസിററ് അടയ്ക്കേണ്ടതാണ്.

2. 25% കമ്മീഷൻ അനുവദിക്കപ്പെടും.

3. വിൽക്കാത്ത പ്രതികൾ 10% വരെ തിരിച്ചെടുക്കുന്നതാണ്.

4. പ്രതികൾ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യണമെങ്കിൽ പ്രസിദ്ധീകരണത്തീയതിക്കു പത്തു ദിവസം മുമ്പേ ആഫീസിൽ അറിയിക്കേണ്ടതാണ്.

5. ബില്ലുകളനുസരിച്ചുള്ള തുക ഓരോ മാസവും 5-ാംനു-ക്കകം അടയ്ക്കേണ്ടതാണ്. കുടിശ്ശിക വരുത്തിയാൽ ഏജൻസി നിർത്തിയതായി ഗണിക്കുന്നതാണ്.

കത്തിടപാടുകൾ താഴെ ചേർക്കുന്ന വിലാസത്തിൽ :

The Manager,
Lokavani Office,
Tambaram.

Printed by V. Balasubramanian at The Raja Power Press, 16/1 Royapetta High Road, Madras. Edited and published by K. M. George M. A., 16/1 Royapetta High Road, Madras.